## ഒൻപതാം പദ്ധതി

# ജനകീയ പദ്ധതി

## രാമമംഗലം ഗ്രാമപഞ്ചായത്ത്

### എറണാകുളം ജില്ല

## വികസന റിപ്പോർട്ട് 1996



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

ടെലിഫോൺ നമ്പർ : 0485-277242
പിൻകോഡ് - 686 663

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## രാമമംഗലം ഗ്രാമപഞ്ചായത്ത്


രാമമംഗലം

# വികസന റിപ്പോർട്ട് 1996

## വികസന സെമിനാർ

| | | |
|---|---|---|
| സ്ഥലം | : | ഹൈസ്കൂൾ, രാമമംഗലം |
| തീയതി | : | 1996 നവംബർ 24 |

# ഒരുവാക്ക്



പ്രിയമുള്ളവരെ,

ഒമ്പതാം പഞ്ചവത്സര പദ്ധതി സമാഗതമായിരിക്കുകയാണല്ലോ. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ പദ്ധതി ജനകീയ പദ്ധതിയായിട്ടാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം താഴെ തട്ടിൽനിന്നുള്ള ആസൂത്രണ പ്രവർത്തനങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇതോടനുബന്ധിച്ച് ഗ്രാമതലത്തിൽ നടക്കേണ്ടുന്ന വികസന സെമിനാറിൽ സമർപ്പിക്കുവാനുള്ള വികസന റിപ്പോർട്ട് തയ്യാറായിരിക്കുന്നു. അടുത്ത അഞ്ച് വർഷത്തേക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയാകട്ടെ, വിശേഷാൽ ഗ്രാമസഭകളിൽ നിങ്ങൾ നിർദ്ദേശിച്ചവയുമാണ്. ഈ വികസന റിപ്പോർട്ട് സമഗ്രമാണെന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ ഉണ്ടായിരിക്കാം. അവ ചൂണ്ടിക്കാണിച്ചാൽ വീണ്ടും ഉൾപ്പെടുത്തി റിപ്പോർട്ട് സമഗ്രമാക്കാൻ കഴിയും. സ്വയംപര്യാപ്തവും സമ്പൽ സമൃദ്ധവുമായ ഒരു നല്ല നാളെയാണ് നാം വിഭാവനം ചെയ്യുന്നത്.


ഈ വികസന റിപ്പോർട്ടിനു പിന്നിൽ അഹോരാത്രം പ്രവർത്തിച്ച പഞ്ചായത്ത് സമിതി അംഗങ്ങൾ, സേവന സന്നദ്ധതയോടെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജില്ലാ/പഞ്ചായത്തുതല ഉദ്യോഗസ്ഥന്മാർ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച ഗ്രാമസഭാംഗങ്ങൾ, വിവിധ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തകർ വിലപ്പെട്ട മാർഗ്ഗനിർദ്ദേശം തന്ന ബ്ലോക്ക് പഞ്ചായത്ത് സമിതി പ്രസിഡന്റ് ശ്രീ. അനിൽ ചെറിയാൻ എന്നിവരെ ഹൃദയപൂർവ്വം സ്മരിക്കുന്നു.

ഈ സംരംഭത്തിന്റെ ഇനിയങ്ങോട്ടുള്ള നടത്തിപ്പിനും നിങ്ങളേവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

കെ. എൻ. എൻ. നമ്പൂതിരി
(പഞ്ചായത്ത് പ്രസിഡന്റ്
രാമമംഗലം ഗ്രാമപഞ്ചായത്ത്)

രാമമംഗലം,
18-11-1996



N
രാമമംഗലം
ഗ്രാമ പഞ്ചായത്ത്
ആകെ ജനസംഖ്യ - 14340
വിസ്തീർണ്ണം - 23.40 ച.കി.മീ.
വാർഡുകൾ - 8
പ്രധാന കൃഷികൾ - നെല്ല്, തെങ്ങ് റബ്ബർ
ആശുപത്രി
സ്കൂൾ
പ്രധാന സ്ഥലങ്ങൾ
അമ്പലം
പള്ളി
പ്രധാന റോഡ്
പഞ്ചായത്ത് അതിർത്തി
വാർഡുകളുടെ അതിർത്തി
ജലാശയങ്ങൾ
കടവുകൾ
ചെറു റോഡുകൾ

# ആമുഖം

കേരള സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ളതും സ്ഥായിയായതും ധൃതഗതിയിലുള്ളതുമായ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ഒമ്പതാം പദ്ധതി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണ പരിപാടിക്ക് രൂപം കൊടുത്തിരിക്കുകയാണ്. ഈ പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന പദ്ധതി അടങ്കലിന്റെ 35-40 ശതമാനം വരെ പഞ്ചായത്തുരാജ് സ്ഥാപനങ്ങൾ അവരുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ടു തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവെയ്ക്കുന്നു എന്നതാണ്. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെ തട്ടിൽനിന്ന്, ജനപങ്കാളിത്വത്തോടെ, പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടി വിജയകരമായി മുന്നേറുന്നു.

ജില്ലാതലത്തിൽ പരിശീലനം ലഭിച്ച സർവ്വശ്രീ. ടി. വി. തോമസ്, വി. പി. ചാക്കോ, പി. എം. വർക്കി, എം. യു. വർഗീസ്, എൻ. ഐ. തോമസ്, കെ. എൻ. ഗോപി, വി. എൻ. വത്സൻ എന്നിവരുടെ നേതൃത്വത്തിൽ ഈ ഗ്രാമപഞ്ചായത്തിലുള്ള എൺപത് പേർക്ക് പരിശീലനം നല്കി. ഇവരുടെ നേതൃത്വത്തിലാണ് ഗ്രാമസഭകളിലെ ചർച്ചകൾ നടന്നത്.

## ഒമ്പതാം പദ്ധതി രൂപവല്ക്കരണത്തിനുവേണ്ടി കൂടിയ വിശേഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി | പങ്കെടുത്തവർ |
|---|---|---|---|
| I | ഗവ: ഹൈസ്ക്കൂൾ, ഊരമന | 28-9-96 | 87 |
| II | ഗവ: എൽ. പി. സ്ക്കൂൾ, ഊരമന | 28-9-96 | 134 |
| III | ഹൈസ്ക്കൂൾ, രാമമംഗലം | 28-9-96 | 114 |
| IV | ഹൈസ്ക്കൂൾ, രാമമംഗലം | 29-9-96 | 173 |
| V | ഗവ: എൽ. പി. സ്ക്കൂൾ, കിഴുമുറി | 2-10-96 | 155 |
| VI | മുടയാകാട്ടിൽ കെട്ടിടം | 26-9-96 | 115 |
| VII | ഗവ: എൽ. പി. സ്ക്കൂൾ, കിഴുമുറി | 6-10-96 | 115 |
| VIII | ഗവ: എൽ. പി. സ്ക്കൂൾ, മാമലശ്ശേരി | 29-9-96 | 92 |

ഈ ഗ്രാമസഭകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പ്രശ്ന പരിഹാരങ്ങളും ക്രോഡീകരിക്കുന്നതിനുവേണ്ടി ജില്ലാതല പരിശീലകരും പഞ്ചായത്തിലെ ആസൂത്രണ വിദഗ്ധരും ദിവസങ്ങളോളം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | രാമമംഗലം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ഗ്രേഡ് | ഒന്നാം ഗ്രേഡ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | രാമമംഗലം, മേമ്മുറി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | രാമമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | പാമ്പാക്കുട |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | പിറവം |
| താലൂക്ക് | മൂവാറ്റുപുഴ |
| ജില്ല | എറണാകുളം |
| അസംബ്ലി മണ്ഡലം | പിറവം |
| ലോകസഭാ മണ്ഡലം | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | 23.40 ച: കി. മീ. |
| അതിരുകൾ | വടക്ക് : മൂവാറ്റുപുഴയാറ് |
| | കിഴക്ക് : മാറാടി, പാമ്പാക്കുട ഗ്രാമ പഞ്ചായത്തുകൾ |
| | തെക്ക് : പിറവം ഗ്രാമപഞ്ചായത്ത് |
| | പടിഞ്ഞാറ് : മൂവാറ്റുപുഴയാറ് |
| ജനസംഖ്യ (1991 കാനേഷുമാരി) | പുരുഷന്മാർ : 7351 |
| | സ്ത്രീകൾ : 6989 |
| | ആകെ : 14340 |
| വാർഡുകൾ | എട്ട് |
| പ്രസിഡന്റ് | കെ. എൻ. നാരായണൻ നമ്പൂതിരി |
| വൈസ് പ്രസിഡന്റ് | ജോർജ്ജുകുട്ടി പോൾ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | പി. എം. വർക്കി |
| പഞ്ചായത്ത് സമിതി അംഗങ്ങൾ | 1. ഷേർലി സ്റ്റീഫൻ |
| | 2. മേഴ്സി കുര്യാക്കോസ് |
| | 3. പി. റ്റി. രാമദാസ് |
| | 4. എം. പി. പത്മിനിയമ്മ |
| | 5. ജോസഫ് മത്തായി |
| സെക്രട്ടറി | പി. എൻ. അബൂബക്കർ സിദ്ധിക്ക് |

1995 സെപ്തംബർ മാസം 30-ാം തീയതി ശ്രീ. കെ. എൻ. നാരായണൻ നമ്പൂതിരിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽ വന്നു. 1960 ലെ കേരള പഞ്ചായത്ത് നിയമപ്ര

കാരം കേരള സർക്കാരിന്റെ 28-12-1961 ലെ ജി. ഒ (എം. എസ്സ്) 192/61/തഭവ/തിരുവനന്ത പുരം നമ്പർ ഉത്തരവ് അനുസരിച്ച് 28-12-1961 ൽ രാമമംഗലം പഞ്ചായത്ത് രൂപം കൊണ്ടു. ആരംഭകാലത്ത് ആറ് വാർഡുകളാണ് ഈ പഞ്ചായത്തിലുണ്ടായിരുന്നത്. 1979 ൽ എട്ട് വാർഡുകളായി ഈ പഞ്ചായത്തിനെ വിഭജിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ആകെയുള്ള കൃഷിഭൂമിയിൽ ഏകദേശം 40% വും നെല്പാടങ്ങളാണ്. പഞ്ചായത്തിന്റെ രണ്ടതിരുകളും പൂർണ്ണമായി 14 കി. മീ. നീളത്തിൽ മുവാറ്റുപുഴയാർ ഒഴുകുന്നു. 1952 ൽ 'രാമമംഗലം' അസംബ്ലി മണ്ഡലമായിരുന്നു. അതിനുശേഷം ഈ പഞ്ചായത്ത് മൂവാറ്റുപുഴ അസംബ്ലി മണ്ഡലത്തിന്റെ കീഴിലായി. 1977 മുതൽ പിറവം അസംബ്ലി മണ്ഡലത്തിന്റെ കീഴിലാണ് ഈ പഞ്ചായത്ത്. 1953 ലാണ് ആദ്യമായി പഞ്ചായത്ത് പൊതു തെരഞ്ഞെടുപ്പ് നടക്കുന്നത്.

## മുൻകാല പഞ്ചായത്ത് പ്രസിഡന്റുമാർ

1. എം. പി. രാമൻ നമ്പൂതിരി
2. കെ. കെ. മത്തായി
3. വി. പി. ചാക്കോ
4. എ. റ്റി. പത്രോസ്
5. ടി. ഒ. കുര്യാക്കോസ്
6. യു. കെ. കുഞ്ഞിക്കുട്ടൻ
7. സി. യു. ചെറിയാൻ

1968 ൽ പഞ്ചായത്തിന്റെ ആഫിസ് പ്രവർത്തനങ്ങൾക്കായി സ്വന്തം നിലയിൽ ഇരുനില കെട്ടിടം നിർമ്മിച്ചു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയും പഞ്ചായത്താഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് സമിതിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നതിനുവേണ്ടി താഴെ പറയുന്ന ജീവനക്കാരാണ് ഇപ്പോഴുള്ളത്.

| | | |
|---|---|---|
| ഹെഡ് ക്ലാർക്ക് | — | 1 |
| യു. ഡി. ക്ലാർക്ക് | — | 2 |
| എൽ. ഡി. ക്ലാർക്ക് | — | 2 |
| പ്യൂൺ | — | 1 |
| സ്വീപ്പർ | — | 1 |
| ലൈബ്രേറിയൻ | — | 1 |

## പഞ്ചായത്തിലെ പ്രധാന കടത്തുകടവുകൾ

| | |
|---|---|
| 1. പയ്യാറ്റേൽ കടവ്<br>2. പരവൻ കടവ്<br>3. പള്ളിപ്പുറത്ത് കടവ്<br>4. മംഗലത്തുകടവ് | } ഗ്രാമപഞ്ചായത്ത് കടവുകൾ |

5. പെരുവം മുഴികടവ്
6. കോരങ്കടവ്
7. അപ്പാട്ടുകടവ്
8. കിഴുമുറി കടവ്

} പൊതുമരാമത്ത് കടവുകൾ

അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് അറിവിന്റെ ആദ്യക്ഷരങ്ങൾ പഠിപ്പിക്കുന്നതിനായി അഞ്ച് ആശാൻകളരികൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് പഞ്ചായത്തിൽനിന്നും പ്രതിമാസഗ്രാന്റ് നല്കിവരുന്നു. ഇതിനുപുറമെ, കിഴുമുറിയിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നതിനായി പട്ടികജാതി ബാലവാടി പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾ 100% സാക്ഷരരാണെന്ന് പറയാം. ആകെയുള്ള 4160 കുടുംബങ്ങളിൽ 3253 പേരുടെ വീടുകൾ വൈദ്യുതീകരിച്ചതാണ്. 345 കുടുംബങ്ങളിൽ ടെലിഫോൺ സൗകര്യമുള്ളതാണ്. എന്നാൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത 140 കുടുംബങ്ങളും സ്വന്തമായി വീടുകളില്ലാത്ത 240 കുടുംബവും ഈ ഗ്രാമപഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 784 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസില്ലാത്തവരും 908 വീടുകൾ വൈദ്യുതീകരിക്കാത്തതുമാണ്. ഈ ഗ്രാമപഞ്ചായത്തിൽ ആകെ 16 പട്ടികജാതി കോളനികളുണ്ട്.

## പ്രധാനമായും താഴെ പറയുന്ന സർക്കാർ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

1. പോലീസ് സ്റ്റേഷൻ, രാമമംഗലം
2. വില്ലേജ് ആഫീസ്, രാമമംഗലം
3. കൃഷിഭവൻ, രാമമംഗലം
4. ടെലിഫോൺ എക്സ്ചേഞ്ച്, രാമമംഗലം
5. പ്രാഥമിക ആരോഗ്യകേന്ദ്രം, രാമമംഗലം
6. ഗവ: ഹോമിയോ ഡിസ്പെൻസറി, മാമലശ്ശേരി
7. ഗവ: ആയുർവ്വേദ ഡിസ്പെൻസറി, കീഴുമുറി
8. ഗവ: വെറ്ററിനറി ഡിസ്പെൻസറി, ഊരമന
9. പോസ്റ്റാഫീസ്, രാമമംഗലം, ഊരമന, കീഴുമുറി, മാമലശ്ശേരി
10. മുവാറ്റുപുഴവാലി ഇറിഗേഷൻ പ്രൊജക്ട് സബ് ഡിവിഷൻ ഓഫീസ്, രാമമംഗലം
11. മുവാറ്റുപുഴവാലി ഇറിഗേഷൻ പ്രൊജക്ട് സെക്ഷൻ ഓഫീസുകൾ 1/9, 2/9, 3/9, രാമമം ഗലം
12. ഇലക്ട്രിക്കൽ ലിഫ്റ്റ് ഇറിഗേഷൻ ഓഫീസ്, രാമമംഗലം
13. റബർ ബോർഡ് ഫീൽഡ് ആഫീസ്, രാമമംഗലം
14. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് (2 എണ്ണം), രാമമംഗലം
15. ഐ. സി. ഡി. പി. സബ് സെന്റർ, രാമമംഗലം
16. മാവേലി സ്റ്റോർ, രാമമംഗലം
17. സെൻട്രൽ വാട്ടർ കമ്മീഷൻ റിവേഴ്സ് സബ് ഡിവിഷൻ നമ്പർ I, രാമമംഗലം

## പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്

രാമമംഗലം ആശുപത്രിക്കവലയിൽ പഞ്ചായത്തുവക സ്ഥലത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ വിവിധ സർക്കാർ ആഫീസുകൾ പ്രവർത്തിച്ചുവരുന്നു.

**പ്രധാന ധനകാര്യ സ്ഥാപനങ്ങൾ**

1. കാനറാ ബാങ്ക്, രാമമംഗലം
2. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഊരമന
3. രാമമംഗലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 2156

**വിദ്യാലയങ്ങൾ**

1. ഗവ: ഹൈസ്ക്കൂൾ, ഊരമന
2. ഗവ: ഹൈസ്ക്കൂൾ, മാമലശ്ശേരി
3. ഹൈസ്ക്കൂൾ, രാമമംഗലം
4. ഗവ: എൽ. പി. സ്ക്കൂൾ, രാമമംഗലം
5. ഗവ: എൽ. പി. സ്ക്കൂൾ, കീഴുമുറി
6. ഗവ: എൽ. പി. സ്ക്കൂൾ, ഊരമന ഈസ്റ്റ്

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

വടക്കുപടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന മൂവാറ്റുപുഴയാറിന്റെ വരദാനമാണ് കാർഷിക മേഖലയായ ഈ പഞ്ചായത്ത്. വർഷത്തിൽ മുഴുവൻ കാലവും വറ്റാത്ത തെളിനീരുമായി ഇന്നാടിനെ കാത്തുരക്ഷിക്കുന്ന ഈ പുഴ ഇവിടുത്തെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിലും സമ്പദ് ഘടനയിലും ചെലുത്തിയിട്ടുള്ള സ്വാധീനം വളരെ വലുതാണ്. ഏകദേശം 14 കിലോമീറ്ററോളം ദൈർഘ്യത്തിൽ പുഴയോരമുള്ള ഈ പഞ്ചായത്തിലെ 8 വാർഡുകളിൽ 5 എണ്ണവും പുഴയോര പ്രദേശമാണ്. ഫലഭൂയിഷ്ഠമായ ആറ്റുതീരവും നെടുനീളത്തിൽ പരന്നുകിടക്കുന്ന വയലേലകളും റബ്ബറും തെങ്ങും നിറഞ്ഞ കുന്നിൻ പ്രദേശങ്ങളും കൊണ്ട് അനുഗ്രഹീതമാണ് ഈ പ്രദേശം.

ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കിയാൽ ദീപ്തമായ ഒരു ഭൂതകാലം ഈ പ്രദേശത്തിനുണ്ടെന്ന് വ്യക്തമാകും. പഴയ തെക്കുംകൂറിനേയും വടക്കുംകൂറിനേയും വേർതിരിച്ചിരുന്ന നെടുങ്കോട്ട ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലൂടെയും കടന്നുപോകുന്നു.

അതിപുരാതനമായ രാമമംഗലം പെരുംതൃക്കോവിൽ ക്ഷേത്രത്തിന്റെ പഴക്കം ചേരമാൻ പെരുമാളിനോടൊപ്പമെത്തി നില്ക്കുന്നു. ഇസ്ലാംമതം സ്വീകരിച്ച് മക്കയിലേക്ക് പോയ ചേരമാൻ പെരുമാളാണ് ഈ ക്ഷേത്രം പണികഴിപ്പിച്ചതെന്ന് ചരിത്രം പറയുന്നു. ബാലനരസിംഹ മൂർത്തിയുടെ പ്രതിഷ്ഠയുള്ള ഈ ക്ഷേത്രോപാന്തപ്രദേശത്ത് സംഗീതവും ക്ഷേത്രകലകളും ഒരുകാലത്ത് സർവ്വവിധ പ്രതാപങ്ങളോടും കൂടി വിരാജിച്ചിരുന്നു.

തമിഴകത്തും തെലുങ്കദേശത്തും ഒരുപോലെ പുകൾപ്പെറ്റ സംഗീത സാർവ്വഭൗമൻ ശ്രീ. ഷട്കാല ഗോവിന്ദമാരാരുടെ ജന്മം കൊണ്ട് പവിത്രമായ നാടാണ് രാമമംഗലം. സംഗീതത്തിലെ അപൂർവ്വസിദ്ധിയായ ആറുകാലങ്ങളിൽ പാടാനുള്ള കഴിവ് സ്വായത്തമാക്കിയ ആ യോഗിവര്യൻ തന്റെ കൊടി കെട്ടിയ ഏഴ് തന്ത്രികളുള്ള വിഖ്യാതമായ തംബുരുവുമായി ദേശാടനത്തിന് ഇറങ്ങിത്തിരിച്ചത് ഇവിടെ നിന്നാണ്. ശ്രീ. സ്വാതിതിരുനാളിന്റെ സദസ്യനായിരുന്നു അദ്ദേഹം. പിന്നീട് തിരുവയ്യാറിൽ ശ്രീ. ത്യാഗരാജ സവിധത്തിലെത്തിച്ചേർന്ന അദ്ദേഹം തന്റെ ആലാപന പാടവം കൊണ്ട് ശ്രീ. ത്യാഗരാജസ്വാമികളെപ്പോലും അതിശയിപ്പിച്ചതായും ഗോവിന്ദമാരാരുടെ ഗാനധാരയിൽ സ്വയം മറന്ന് ശ്രീ. ത്യാഗരാജസ്വാമികൾ 'എന്തരോമഹാനുഭാവലു' എന്ന ശ്രീരാഗത്തിലുള്ള കീർത്തനം ആലപിക്കുകയും ചെയ്തുവെന്ന് ദക്ഷിണേന്ത്യൻ സംഗീത ചരിത്രം പറയുന്നു. അദ്ദേഹം 1843 ലാണ് പൂനയ്ക്കടുത്ത പണ്ടരീപുരത്ത് സമാധിയായത്.

ക്ഷേത്രകലകളുടെ കേളീരംഗമായ രാമമംഗലത്ത് ജീവിച്ചിരുന്ന പ്രസിദ്ധ മേള വിദഗ്ധരായിരുന്ന 'പഞ്ചാഗോവിന്ദന്മാർ' കൊട്ടിക്കയറിയത് പ്രശസ്തിയുടെ ഔന്നത്യങ്ങളിലേക്കാണ്. അനുഗ്രഹീതരായ സോപാന സംഗീതജ്ഞർ ഇവിടെ ജീവിച്ചിരുന്നു. ആ ശൃംഖലയിലെ അവസാനത്തെ കണ്ണിയും കേന്ദ്ര സർക്കാരിന്റെ ജൂനിയർ ഫെലോഷിപ്പിനാൽ പുരസ്കൃതനുമായ ശ്രീ. തൃക്കാച്ചുറം കൃഷ്ണൻകുട്ടി മാരാർ പ്രാചീന സംഗീതോപകരണമായ കുടുക്കവീണയുടെ പുനരുദ്ധാരണത്തിലും പ്രയോഗത്തിലും ബദ്ധശ്രദ്ധനാണ്. ഓട്ടൻതുള്ളൽ, കുറത്തിയാട്ടം, ഗരുഡൻതൂക്കം, മാർഗ്ഗംകളി മറ്റ് നാടൻ കലകൾ എന്നിവ അഭ്യസിപ്പിച്ചും അവതരിപ്പിച്ചും കാലക്ഷേപം ചെയ്ത കുറെയധികം കലാകാരന്മാർ ഇവിടെ ജീവിച്ചിരുന്നു.

ക്നാനായ യാക്കോബായ സുറിയാനി സമുദായത്തിന്റെ വടക്കൻ തിരുവിതാംകൂറിലെ 150 വർഷത്തോളം പഴക്കമുള്ള ഒരു പള്ളിയാണ് രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളി. ഇതിനോടടുത്തുതന്നെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിയും സ്ഥിതി ചെയ്യുന്നു.

കുന്നും മലകളും നിറഞ്ഞ ഊരമന പ്രദേശത്തെ പുരാതന ദേവാലയങ്ങളാണ് ഊരമന ക്ഷേത്രം. എ. ഡി. 135 ൽ സ്ഥാപിതമായ കുഴിമാടം പള്ളി, ഗലീലാക്കുന്ന് പള്ളി, സാൽവേ

ഷൻ ആർമി പള്ളി, താബോർ പള്ളി എന്നിവ. ഊരമന ശിവലിയിലുള്ള സുബ്രഹ്മണ്യസ്വാമി ക്ഷേത്രവും വള്ളൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും ക്ഷേത്രങ്ങളുടെ പട്ടികയിൽ പഴക്കം ചെന്നവയാണ്. ഭൂതത്താന്മാരാൽ പണി കഴിപ്പിക്കപ്പെട്ടതാണെന്ന് പറയപ്പെടുന്ന ഊരമന മഹാവിഷ്ണുശാസ്താ ക്ഷേത്രങ്ങളുടെ നിർമ്മാണ കാലഘട്ടവും ഒരുകാലത്ത് ഊരമനയിൽ നിലനിന്നിരുന്നതും പിന്നീട് ക്ഷയിച്ചുപോയവയുമായ 72 നമ്പൂതിരി ഇല്ലങ്ങളുടെ ചരിത്രവും പരസ്പരം ഇഴചേർന്ന് നില്ക്കുന്നു. ഈ ക്ഷേത്രസമുച്ചയത്തിൽ കാണുന്ന ചുവർ ചിത്രങ്ങൾ പുരാണങ്ങളിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശുന്നു. ഇപ്പോൾ ഈ ക്ഷേത്ര സമുച്ചയം പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലാണ്. ഊരമന കൊടികുത്തി മലയിലുള്ള പ്രാചീന ഗുഹാസങ്കേതം ജനശ്രദ്ധയാകർഷിച്ചു വരുന്നു.

പ്രസിദ്ധ സംസ്കൃത പണ്ഡിതനായ ശ്രീ. കാക്കശ്ശേരി ഭട്ടതിരിയുടെ ഇല്ലം കീഴുമിറിയിലായിരുന്നുവെന്ന് പറയപ്പെടുന്നു. പ്രസിദ്ധമായ കീഴുമുറി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിക്കു സമീപം പുഴ അക്കരെ കടന്നാൽ ഈ പ്രദേശത്തെ വളരെ പഴക്കമുള്ള രാമമംഗലം ഓട്ടുകമ്പനി സ്ഥിതിചെയ്യുന്നു.

ഏതാണ്ട് 500 വർഷം പഴക്കമുള്ള മാർ മീഖായേൽ പള്ളിയും ശ്രീരാമ പ്രതിഷ്ഠയുള്ള പുരാതന ക്ഷേത്രവും മാമലശ്ശേരിയിലുണ്ട്. ഏകദേശം പന്ത്രണ്ട് തലമുറയ്ക്ക് മുമ്പ് മാമലശ്ശേരിയിൽ ജീവിച്ചിരുന്ന വൈദ്യൻ മുത്തപ്പനെ അടക്കിയിരിക്കുന്ന മാർ മീഖേയൽ പള്ളിയ്ക്കകത്തുള്ള കബറിടത്തിൽ രോഗശാന്തിക്കായി ഇന്നും പ്രാർത്ഥനകൾ നടത്തിവരുന്നു.

നമ്പൂതിരി സമുദായത്തിലെ ഘോഷാ സമ്പ്രദായത്തിനും ബഹുഭാര്യാത്വത്തിനും എതിരെ സമരം ചെയ്ത സ്ത്രീരത്നങ്ങളായ നീലിമംഗലവും പാർവ്വതി കൊട്ടാരവും മലയാള മനോരമ പത്രത്തിന്റെ ആദ്യകാല പത്രാധിപ സമിതി അംഗവും പ്രസിദ്ധ സാഹിത്യകാരനുമായിരുന്ന വിദ്വാൻ ആർ. വാസുദേവൻ കർത്ത എന്നിവർ രാമമംഗലത്തിന്റെ പൂർവ്വസ്വത്താണ്. കടവല്ലൂർ അന്യോന്യത്തിൽ പങ്കെടുത്ത വേദപണ്ഡിതനാണ് ഇന്ന് ജീവിച്ചിരിക്കുന്ന ബ്രഹ്മശ്രീ. എം.പി. രാമൻ നമ്പൂതിരി.

സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികൾ രാമമംഗലത്തും എത്തിയിരുന്നു. അതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഏതാനും നേതാക്കന്മാർ നമുക്കുണ്ടായിരുന്നു. സർവ്വശ്രീ. പി. പി. രാമൻ നമ്പൂതിരി, പി. പി. നാരായണൻ നമ്പൂതിരി, കോടിയാട്ട് വർഗീസ്, കെ. കെ. മത്തായി, എം. പി. രാമൻ നമ്പൂതിരി, വി. പി. ചാക്കോ, കണ്ടക്കോട്ട് യോഹന്നാൻ, തുരുത്തേൽ പൈലി തുടങ്ങിയവർ ഇവരിൽ പ്രമുഖരായിരുന്നു. 1957 കാലഘട്ടത്തിൽ കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരങ്ങളിൽ നേതൃത്വം കൊടുത്തവരാണ് സർവ്വശ്രീ. പി. സി. ദാനിയേൽ, പി. കെ. ശങ്കു, ടി. പി. പൗലോസ്, സി. എൻ. അയ്യപ്പൻ, കെ. എൻ. എൻ. നമ്പൂതിരി, കുഞ്ഞപ്പൻ നായർ, ശിവരാമൻ നായർ, കുഞ്ഞാപ്പി ആശാൻ, കുര്യൻ ആശാൻ എന്നിവരാണ് ഈ സമരങ്ങൾക്ക് നേതൃത്വം കൊടുത്തത്. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ ഈ രംഗത്ത് രാമമംഗലത്തും ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. വളരെയധികം കുടിയാന്മാർ ഭൂവുടമകളായി. യശഃശരീരനായ സർവ്വോദയ നേതാവ് പ്രൊഫ. എം. പി. മന്മഥന്റെ നേതൃത്വത്തിൽ ഊരമനയിൽ നടന്ന മദ്യനിരോധന സമരം ഇന്നാട്ടിലെ ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്ത ഒരു ബഹുജന മുന്നേറ്റമായിരുന്നു. ഗതാഗതത്തിന് തുറന്നുകൊടുത്തുകഴിഞ്ഞ മാമലശ്ശേരിയിലെ മുടക്കിൽ പാലത്തിന്റേയും നിർമ്മാണം നടന്നുവരുന്ന പെരുവമ്മൂഴി പാലത്തിന്റേയും പിന്നിൽ പതിറ്റാണ്ടുകളുടെ സമരചരിത്രമുണ്ട്. പെരുവമ്മൂഴി പാലത്തിന്റെ പണി പൂർത്തിയാകുന്നതോടെ ഈ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറുമെന്ന് പ്രത്യാശിക്കുന്നു.

വിവിധ സമുദായങ്ങൾ പരസ്പര മൈത്രീബന്ധം പുലർത്തിപ്പോരുന്ന ഈ നാട് എന്നും മാറ്റങ്ങൾക്കായി കാതോർത്തിട്ടുണ്ട്. നാടിന്റെ സമ്പദ്ഘടനയിലും സാമൂഹിക സാംസ്ക്കാരിക കലാരംഗങ്ങളിലും സമഗ്രമായ, ശ്രദ്ധേയമായ മാറ്റങ്ങൾക്കായി അതുവഴി സ്വയം പര്യാപ്തവും സമ്പൽ സമൃദ്ധവുമായ ഒരു നല്ല നാളെയ്ക്കുവേണ്ടി രാമമംഗലം പഞ്ചായത്ത് കാത്തിരിക്കുന്നു.

## ഭൂപ്രകൃതി

അവലംബം - വിഭവഭൂപടങ്ങൾ, റവന്യൂരേഖകൾ, പഠനപര്യടനം

ഭൂപ്രകൃതിയനുസരിച്ച് രാമമംഗലം പഞ്ചായത്തിനെ നാലായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചരിവുപ്രദേശങ്ങൾ
3. താഴ്വരകൾ
4. തീരസമതലം

### 1. ഉയർന്ന സമതലം

കൊടികുത്തി മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ മല. മലയുടെ ഏറ്റവും ഉയർന്ന ഭാഗത്തായി അതിപുരാതീതമായ ഒരു ഗുഹയുണ്ട്. രാമമംഗലം പ്രദേശത്തിന്റെ ചരിത്രം ഇവിടെ ഉറങ്ങിക്കിടക്കുന്നു. മഞ്ഞപ്പിള്ളിക്കാട്, പറമ്പറക്കാട്, പാത്തിക്കൽ, മൂക്കിരിക്കൽ, കൂവയ്ക്കൽ, പറയനിപതി, മെതിപാറ, മൂട്ടമല എന്നീ ഭാഗങ്ങൾ പഞ്ചായത്തിന്റെ രണ്ട്, മൂന്ന് വാർഡുകളിലെ ഉയരം കൂടിയ ഭാഗങ്ങളാണ്. കൊള്ളിക്കാട്ടുമല, എരുമലക്കോട്, കൊമ്മലക്കോട്, നിർമ്മലഗിരി, ഉള്ളേലിക്കുന്ന് എന്നീ മലകൾ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കിടക്കുന്നു. പൊരുഞ്ഞോളിമല, ശീപായിക്കുന്ന്, കൊള്ളിമല, കൊട്ടാരത്തുംമല എന്നിവ പഞ്ചായത്തിന്റെ തെക്കുഭാഗത്തും കിടക്കുന്നു. ഈ മലകൾ ഒരു കാലത്ത് തരിശായിരുന്നു. ചരൽ കലർന്ന ചെമ്മണ്ണുള്ള ഈ ഉയർന്ന പ്രദേശങ്ങളിൽ റബർ കൃഷി ചെയ്യുന്നു. മാവ്, പ്ലാവ്, തെങ്ങ് എന്നീ ഫലവൃക്ഷങ്ങൾക്കും പറ്റിയ ഭാഗമാണിത്.


### 2. ചെരിവുകൾ


ഉയർന്ന പ്രദേശത്തെ താഴ്വരയുമായി ഈ ചെരിവുകൾ ബന്ധിപ്പിക്കുന്നു. ചരൽ കലർന്ന ചെമ്മണ്ണാണ് ഈ പ്രദേശത്തുമുള്ളത്. വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ കൂടുതലായതിനാൽ ജലക്ഷാമം അനുഭവപ്പെടുന്നില്ല. തെങ്ങ്, കശുവാവ്, കുരുമുളക്, വാഴ എന്നിവ കൂടുതലായി കൃഷി ചെയ്യുന്നു. റബറിനു പറ്റിയ മണ്ണായതിനാൽ റബറും ഈ പ്രദേശത്ത് നല്ലതുപോലെ വളരുന്നു.

### 3. താഴ്വര

ചെരിവുഭൂമിയേയും തീരസമതലത്തേയും വേർതിരിക്കുന്ന താഴ്വരയെ പ്രാദേശികമായി പാടം എന്നു പറയുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭാഗമായതിനാൽ കളിമൺ ചേർന്ന മണ്ണാണ് കൂടുതലും. ചെരിവിനോട് ചേർന്ന ഭാഗങ്ങൾ മണൽ കലർന്നതും. താഴ്വരകൾ പൊതുവേ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. ഈ പാടങ്ങളിൽ വർഷകാലത്ത് ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ ധാരാളമായി എക്കൽ കയറിയിരുന്നു. തന്മൂലം ഈ പാടശേഖരങ്ങൾ ഫലഭൂയിഷ്ഠങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ പുഴയിൽ വെള്ളപ്പൊക്കം കുറവായതിനാൽ നെൽപ്പാടങ്ങളിൽ എക്കൽ കയറുന്നില്ല. ഒരുപ്പൂ കൃഷിനിലങ്ങളായിരുന്നു ഇവയിൽ അധികവും. ലിഫ്റ്റ് ഇറിഗേഷൻ വന്നതോടുകൂടി ഈ പാടശേഖരങ്ങൾ ഇരുപ്പൂ നിലങ്ങളായി മാറി. വിപുലമായ ഒരു പാടശേഖരം ഈ പഞ്ചായത്തിലുണ്ട്. അനുബന്ധമായി പ്രധാന പാടശേഖരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ശിവലി, അമ്പലപ്പടി, നാച്ചേരിത്താഴം എന്നിവ ഒന്നാം വാർഡിൽ കിടക്കുന്നു. വലുപ്പത്തിൽ കുറവെങ്കിലും മുക്കിരിക്കൽതാഴം, നെല്ലിക്കാപ്പറമ്പ്, പാത്തിയ്ക്കൽ എന്നിവ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്നു. മൂന്നാം വാർഡിൽ വള്ളൂർ പാടശേഖരം, ഉള്ളപ്പിള്ളി പാടം, കൊക്കോയിൽ പാടശേഖരം, പാഞ്ഞിരിക്കൽ പാടം, മുതവച്ചാൽ പാടശേഖരം എന്നിവയും. പാമ്പുരിച്ചാൽ പാടശേഖരം, ഇളയപ്പാടം, വരണ്ടകൽപ്പാടം എന്നിവ നാലാം വാർഡിലും സ്ഥിതി ചെയ്യുന്നു. കുന്നപ്പിള്ളിച്ചാൽ പാടം, പാടത്തുതാഴം പാടശേഖരം, കുന്നത്തുതാഴം പാടം എന്നിവ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുമ്പോൾ മാമലശ്ശേരി പാടം ആറാം വാർഡിൽ കിടക്കുന്നു. നെട്ടപ്പാടം, കോഴിച്ചാൽ, കാവുംതാഴം, തത്ത


N
രാമമംഗലം
ഗ്രാമ പഞ്ചായത്ത്
ഭൂപ്രകൃതി
മാറാടി ഗ്രാമ പഞ്ചായത്ത്
പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്
പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്
മണീട് ഗ്രാമ പഞ്ചായത്ത്
പിറവം ഗ്രാമ പഞ്ചായത്ത്
വാർഡ് 1
വാർഡ് 2
വാർഡ് 3
വാർഡ് 4
5
6
വാർഡ് 7
വാർഡ് 8
പുഴയോരം
കുന്നിൻപ്രദേശം



N
രാമമംഗലം
ഗ്രാമ പഞ്ചായത്ത്
പ്രധാന കൃഷികൾ
വാഡ് 1
വാഡ് 2
വാഡ് 3
വാഡ് 4
വാഡ് 5
വാർഡ് 6
വാഡ് 7
വാഡ് 8
മണീട് ഗ്രാമ പഞ്ചായത്ത്
പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്
പിറവം ഗ്രാമ പഞ്ചായത്ത്
തെങ്ങ്
നെല്ല്
റബ്ബർ
വാനില

ങ്ങാട്, കുന്നിത്താഴം എന്നീ പാടശേഖരങ്ങൾ ഏഴാം വാർഡിൽ സ്ഥിതി ചെയ്യുമ്പോൾ കാർത്തിക പാടം, പതപ്പപ്പുഞ്ച എന്നിവ എട്ടാം വാർഡിൽ കിടക്കുന്നു. ലിഫ്റ്റ് ഇറിഗേഷൻ വന്നതോടുകൂടി ഈ പാടശേഖരങ്ങളിൽ പലതിലും വെള്ളക്കെട്ടുണ്ടാകുന്നു. പല ഭാഗങ്ങളും ചതുപ്പുനിലങ്ങളായി മാറിയിട്ടുണ്ട്.

### 4. തീരസമതലങ്ങൾ

പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിരുകളായി മൂവാറ്റുപുഴയാറ് ശാന്തഗംഭീരമായി ഒഴുകുന്നു. മൂവാറ്റുപുഴ-ഊരമന-പിറവം റോഡിന് ഇരുവശത്തും തെക്കുവടക്കായി ഈ സമതലം കിടക്കുന്നു. ഫലഭൂയിഷ്ഠിയുള്ള പ്രദേശമായതിനാൽ എല്ലാ വിളകളും സമൃദ്ധിയായി വിളയുന്നു. സമതല പ്രദേശത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ച് കൊണ്ടുവരുവാൻ നെൽകൃഷിക്കാർ പരിശ്രമിക്കുന്നതു കാണാം. നെൽപ്പാടങ്ങൾ നികത്തിയെടുത്താണ് സമതലത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നത്. തീരസമതലങ്ങളിൽ നെല്ല്, തെങ്ങ്, റബർ, വാഴ, കൊക്കോ, കുരുമുളക്, ജാതി എന്നിവ കൃഷി ചെയ്യുന്നു. അപൂർവ്വമായി കാണുന്ന വാനില ഈ ഭാഗത്ത് ധാരാളമായി ഇപ്പോൾ കൃഷി ചെയ്തുവരുന്നു.

## ജനപ്രകൃതി

അവലംബം : കാനേഷുമാരി 1991

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം രാമമംഗലം പഞ്ചായത്തിലെ ജനസംഖ്യ 14340 ആണ്. ഇതിൽ 7351 പുരുഷന്മാരും 6989 സ്ത്രീകളുമാകുന്നു. ആകെ 4160 വീടുകളും വീടൊന്നിന് ശരാശരി 3.5 ആളുകളുമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്. പഞ്ചായത്തിലെ ജനസാന്ദ്രത 623 ഉം സംസ്ഥാന ജനസാന്ദ്രത 749 ഉം ആകുന്നു. ജാതിയുടെയും സമുദായത്തിന്റേയും ചേരിതിരിവു കുറഞ്ഞുവരുന്നു. ഇത്തരം ചേരിതിരിവുകൾ ഇന്നില്ല. വാർഡ് തിരിച്ചുള്ള ജനസംഖ്യ കണക്കുകൾ താഴെ കൊടുക്കുന്നു.

വാർഡ് തലത്തിൽ ജനസംഖ്യ (1991)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| (i) | 835 | 766 | 1601 |
| (ii) | 1002 | 905 | 1907 |
| (iii) | 1296 | 1234 | 2530 |
| (iv) | 962 | 947 | 1909 |
| (v) | 1022 | 957 | 1979 |
| (vi) | 678 | 663 | 1341 |
| (vii) | 841 | 827 | 1668 |
| (viii) | 715 | 690 | 1405 |
| ആകെ | 7351 | 6989 | 14, 340 |

## ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചു മാത്രമുള്ള ഒരു കാർഷിക വ്യവസ്ഥയല്ല രാമമംഗലം പഞ്ചായത്തിൽ നിലനില്ക്കുന്നത്. മഴ കൂടുതൽ ലഭിക്കുന്ന കാലങ്ങൾക്ക് വ്യതിയാനം വന്നിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുന്നതിനാൽ ഉയർന്ന പ്രദേശങ്ങളൊഴിച്ച് ജലക്ഷാമം അനുഭവപ്പെടുന്നില്ല. വേനൽക്കാലത്ത് കുടിവെള്ളത്തിനുപോലും ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ പല വാർഡുകളിലുമുണ്ട്.

മൂവാറ്റുപുഴയാറും ആറ്റിലേക്ക് ഒഴുകിയെത്തുന്ന ചെറുതോടുകളും ധാരാളം ചാലുകളും കുളങ്ങളും ചേർന്നതാണ് ഇവിടത്തെ ജലസ്രോതസ്സുകൾ.

### പ്രധാനപ്പെട്ട ചാലുകൾ, തോടുകൾ

ശിവലിച്ചാൽ, കൊക്കാച്ചാൽ, തൃക്കാച്ചാൽ, മുതേച്ചാൽ, പാമ്പുരിച്ചാൽ, കുന്നപ്പിള്ളിച്ചാൽ, കൊട്ടിക്കച്ചാൽ, പതപ്പച്ചാൽ, മാമലശ്ശേരിച്ചാൽ എന്നിവയാണ് പ്രധാനപ്പെട്ട ചാലുകൾ.

### പ്രധാന കുളങ്ങളും ചിറകളും

തട്ടാറുകുളം, ശിവലികുളം, വള്ളൂർ

കുളം, പാത്തിക്കൽചിറ, പടിക്കച്ചിറ, മുല്ല യ്ക്കൽകുളം, കോട്ടക്കാത്തകുളം, വളയൻ കുളം, തടിവീണകുളം, തുരുത്തിക്കുളം, ചെറ ക്കടകുന്നൽക്കുളം, തോട്ടാനിക്കുളം, കണിയ മ്പുറത്തുകുളം, മാമ്പിളികുളം, തെക്കേഖിക്കു ളം, കൈതക്കുളം, വെള്ളാംകുളം, തൊറങ്ങ ടക്കുളം, കണ്യാട്ടുകുളം, ഇടശ്ശേരിക്കുളം, കൈപാലക്കാട്ടുചിറ, കല്ലുച്ചിറ, മാമലശ്ശേരി ച്ചിറ, കുമ്പളത്തുചിറ, കരിവാളത്തുചിറ.

**മൂവാറ്റുപുഴയാറിൽ ഒഴുകിച്ചേരുന്ന ചെറുതോടുകൾ**

ഓലിക്കാട്തോട്, പൊന്നുംകുഴിതോട്, ചൊക്ലായിത്താഴംതോട്, മനയ്ക്കത്താഴം തോട്, പാത്തിക്കൽതോട്, പാങ്ങാലിതോട്, പിറപ്പാടംതോട്, ഇള്ളേപ്പിള്ളിത്തോട്, തോട്ടാ നിതോട്, പൂത്തോട്ടിതോട്, പുളിക്കാമറ്റത്തി ത്തോട്, മുതയിച്ചാൽതോട്, വരണ്ടോംപാട ത്തുതോട്, പെരുംതോട്, നെട്ടൂപ്പാടം കോഴി ച്ചാൽത്തോട്, കോഴിച്ചാൽ ചവരംപ്ലാക്കിൽ താഴംതോട്, തണങ്ങാട്ട് തുണ്ണാത്താഴം തോട്, പാടത്തുതാഴം തോട്, പതപ്പപ്പുണ്ടി - കാർത്തികപ്പാടം തോട്, ഐൻതോട്, താറ്റു പാടം മുടക്കിൽ തോട്, മണലിത്തോട്, മാനാ ടി-മുടക്കിൽതോട്.

## വികസന മേഖലകൾ

പ്രാഥമിക വികസന മേഖലയിൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബ ന്ധനം ഇവയാണ് ഉൾപ്പെടുത്തിയിരിക്കു ന്നത്.

ദ്വിതീയ മേഖലയിൽ വ്യവസായം, ഊർ ജ്ജം, ഗതാഗതം, പാർപ്പിടം ഇവ ഉൾപ്പെടു ത്തിയിട്ടുണ്ട്.

തൃതീയ മേഖലയിൽ സേവനരംഗങ്ങ ളായ ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം, വിദ്യാഭ്യാസം, സംസ്ക്കാരം, പട്ടികവർഗ്ഗ പട്ടികജാതി ക്ഷേമം, വിഭവ സമാ ഹരണം, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങി യവയാണ് പ്രധാന പ്രതിപാദ്യം. ❐

## പ്രാഥമിക മേഖല

### 1. കൃഷി

ഈ പഞ്ചായത്തിൽ ആകെ 4160 കുടും ബങ്ങളാണുള്ളത്. ഇതിൽ 80 ശതമാനവും കാർഷിക കുടുംബങ്ങളാണ്. എന്നാൽ കൃഷിയെ മാത്രം ആശ്രയിക്കുന്ന കുടുംബ ങ്ങൾ വർഷം തോറും കുറഞ്ഞുവരുകയാണ്. വർദ്ധിച്ചുവരുന്ന കൃഷിച്ചെലവ്, കർഷക ത്തൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്നങ്ങളുടെ വിലയിടിവും അനിശ്ചിത ത്വവും, ഉൽപ്പാദനത്തിലുള്ള മാന്ദ്യം, കഴിഞ്ഞ ഇരുപതുവർഷം കൊണ്ട് കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ വന്ന 30% കുറവ്, കൃഷി ഭൂമി വിഭജിച്ച് ലാഭകരമായി കൃഷി ചെയ്യു വാൻ കഴിയാത്തവിധം വിസ്തൃതിക്കുറവ് ഇവ കാർഷികരംഗത്തെ തളർത്തിയിട്ടുണ്ട്. നെല്ല്, തെങ്ങ്, റബർ ഇവയാണ് ഈ ഗ്രാമപ ഞ്ചായത്തിലെ പ്രധാന കാർഷിക ഇനങ്ങൾ. കടുത്ത പ്രതിസന്ധിയെ നേരിടുന്നത് നെൽ ക്കൃഷിക്കാരും കേര കർഷകരുമാണ്. വിവിധ കാർഷികരംഗങ്ങളുടെ പ്രശ്നങ്ങളും പരി ഹാരമാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു.

**പച്ചക്കറികൃഷി**

ഒരു വാർഡിൽ ഒരു ദിവസം ശരാശരി 1500/- രൂപയുടെ പച്ചക്കറി വിൽക്കുന്നുണ്ട്.

ഇതിൽ 1200 രൂപയുടെ പച്ചക്കറിയെങ്കിലും അയൽ സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളാണ്. വളരെ പരിമിതമായ ഈ നിരക്കു വെച്ചു നോക്കിയാൽപ്പോലും, രാമമംഗലം ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിലും കൂടി ഒരു വർഷം, ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറിയാണ് വാങ്ങുന്നത്. ഈ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന അയൽ സംസ്ഥാനങ്ങളേക്കാൾ ഫലഭൂയിഷ്ഠമായ ഭൂമിയും ജലവും വൈദ്യുതിയും നമുക്കുണ്ട്. ലജ്ജാകരമായ ഈ നിലപാട് അപകടകരമാണ്. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഓരോ വാർഡും തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്തേ പറ്റൂ.

## നടപ്പുപദ്ധതി

1. ഗ്രാമപഞ്ചായത്തും, കൃഷിഭവനും സംയോജിച്ച് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള **'പച്ചക്കറി വികസന പദ്ധതി'** പഞ്ചായത്തിൽ നടപ്പാക്കണം. കൃഷിക്കാരെയും U. P. ഹൈസ്ക്കൂൾ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ കൊണ്ടുവരണം.
2. 'പച്ചക്കറിവിത്ത് ഉൽപ്പാദനം, വിതരണം' എന്ന പദ്ധതിക്ക് നൂറുശതമാനം കേന്ദ്ര സഹായം ലഭിക്കും. ഈ പദ്ധതി പഞ്ചായത്തുതലത്തിൽ നടപ്പാക്കണം.

## രാമമംഗലം പഞ്ചായത്തിൽ വിശേഷാൽ പദ്ധതി

ഉദാഹരണമായി ഓരോ വാർഡിലും പത്ത് കർഷകർക്കെങ്കിലും പച്ചക്കറികൃഷി ചെയ്യുവാൻ സൗജന്യമായി വിത്തും വളവും കൊടുക്കണം. പത്ത് സെന്റ് സ്ഥലമെങ്കിലും കൃഷി ചെയ്തിരിക്കണം. അങ്ങനെ പഞ്ചായത്തുതലത്തിൽ 80 കുടുംബങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരണം.

പദ്ധതിയുടെ അടങ്കൽ

| | | |
|---|---|---|
| വിത്തിന് 5 രൂപ x 80 | = | 400 രൂപ |
| വളത്തിന് 60 രൂപ x 80 | = | 4,800 രൂപ |
| ആകെ | = | 5,200 രൂപ |

സെപ്തംബർ മുതൽ മെയ്മാസം വരെ കരഭൂമിയിലും ജൂൺ മുതൽ ആഗസ്റ്റ് വരെ ഉയർന്ന നെൽകൃഷി സ്ഥലങ്ങളിൽ ഇടവിളയായും കൃഷി ചെയ്താൽ പഞ്ചായത്ത് 10,400 രൂപ പദ്ധതിക്കുവേണ്ടി ചെലവാക്കേണ്ടിവരും. മിതമായ നിരക്കിൽ കണക്കാക്കിയാൽപ്പോലും ഒരു പ്ലോട്ടിൽനിന്ന് 250 രൂപയുടെ വിളവ് ലഭിക്കും. ഇങ്ങനെ 40,000 രൂപയുടെ പച്ചക്കറി ഒന്നാം വർഷം തന്നെ 80 കുടുംബങ്ങളിൽ നിന്നുമായി ഉൽപ്പാദിപ്പിക്കാം. നടപ്പുപദ്ധതികളും പഞ്ചായത്ത് പദ്ധതികളും കൂടി ആകുമ്പോൾപ്പോലും സ്വയം പര്യാപ്തത നേടുവാൻ കഴിയുന്നില്ല.

മുന്പു നെൽകൃഷി ചെയ്യുന്ന നിലങ്ങളിൽ ഒരുപു കൃഷി പച്ചക്കറി തോട്ടങ്ങളായിരിക്കണം. ഭാഗികമായി ജലദൗർലഭ്യം അനുഭവപ്പെടുന്ന ഉയർന്ന നെൽവയലുകൾ പച്ചക്കറികൃഷിക്ക് അനുയോജ്യമാണ്. ഇപ്രകാരമുള്ള ആവർത്തനകൃഷിക്ക് ബോണസ്സും വിളമത്സരവും ഏർപ്പെടുത്തണം. ചെറിയ തോതിലായാൽപ്പോലും ഒരു വീടിന് **'ഒരു അടുക്കളത്തോട്ടം'** എന്ന തത്വം പച്ചക്കറി ക്ഷാമം ഗണ്യമായ തോതിൽ പരിഹരിക്കും. കേരളത്തിലെ ഓരോ പഞ്ചായത്തും ശരാശരി 14 ലക്ഷം മുതൽ 20 ലക്ഷം വരെ വിലയ്ക്ക് പച്ചക്കറി വാങ്ങുന്നുണ്ട്. ഈ ചെലവ് നമ്മുടെ പഞ്ചായത്തിൽ അമ്പതു ശതമാനമായിട്ടെങ്കിലും കുറയ്ക്കുവാൻ പദ്ധതി സഹായിക്കണം.

### നെൽകൃഷി

ലോകത്തിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന അരി മാനദണ്ഡമായി എടുത്താൽ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമുണ്ട്. പക്ഷെ ശരാശരി ഹെക്ടർ വിളവിന്റെ കാര്യത്തിൽ ഇന്ത്യ 54--ാമത്തെ സ്ഥാനത്താണ്. ഇതര സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ് കേരളം. ഈ പഞ്ചായത്തിലെ നെൽകൃഷിയുടെ പ്രതിസന്ധി കേരളത്തിലെ ഇതര പഞ്ചായത്തുകളുടെ പ്രശ്നങ്ങളോട് സമാന സ്വഭാവമുള്ളതാണ്. നെൽക്കൃഷിക്കു മുടക്കുന്ന തുകയുടെ 80% മുടക്കിയാൽ അത്രയും അരി

കന്വോളത്തിൽ നിന്ന് വാങ്ങുവാൻ സാധി ക്കും.

പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്ന വയാണ്.

1. നെൽകൃഷി ചെയ്യുന്ന സ്ഥലം ഈ പഞ്ചാ യത്തിൽ കഴിഞ്ഞ 10 വർഷം കൊണ്ട് 30% കുറഞ്ഞിട്ടുണ്ട്.
2. പ്രസ്തുത കുറവ് പരിഹരിക്കാൻ പറ്റിയ ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടില്ല.
3. വർദ്ധിച്ച കൂലിച്ചെലവ്.
4. ആവശ്യത്തിന് കർഷകത്തൊഴിലാളികൾ ലഭ്യമല്ല.
5. ജലസേചന സൗകര്യങ്ങൾ വർദ്ധിച്ചതു കൊണ്ട് കൃഷി വ്യാപകമായി. എന്നാൽ വെള്ളക്കെട്ടുള്ള സ്ഥലങ്ങൾ വർദ്ധിച്ചു.
6. 1992 ആഗസ്റ്റ് ഇരുപത്തിയഞ്ചു മുതൽ യൂറിയ ഒഴിച്ചുള്ള വളങ്ങളുടെ വില 3 ഇരട്ടി വർദ്ധിച്ചു.
7. ആവശ്യത്തിന് ജൈവവളങ്ങൾ ലഭ്യമല്ല; ലഭ്യമാക്കാവുന്നിടത്തോളം ശേഖരിക്കാൻ കൃഷിക്കാർ താല്പര്യം കാണിക്കുന്നുമില്ല.
8. കൃഷിഭവനുകളുടെ പ്രവർത്തനശൈലി വ്യത്യസ്ഥമാകണം.
9. നെൽകൃഷി രംഗത്തു പ്രവർത്തിക്കുന്ന പാടശേഖര സമിതികൾ ലക്ഷ്യത്തിൽ എത്തുന്നില്ല.

മേൽക്കാണുന്ന ഒൻപതു ന്യൂനതകളും അനുബന്ധമായ ഇതര ന്യൂനതകളും പരി ഹരിച്ചേ പറ്റൂ. നിലവിലുള്ള പദ്ധതികളും പ ഞ്ചായത്തു തലത്തിലുള്ള പദ്ധതികളും ഗ്രാ മസഭ കളിൽ പ്രകടമായിക്കണ്ട പരാതി കൾക്ക് പരിഹാരം കാണുവാൻ പര്യാപ്ത മായിരിക്കണം.

## A. നടപ്പു പദ്ധതികൾ

### 1. സമഗ്ര ധാന്യവികസന പദ്ധതി

75 ശതമാനം കേന്ദ്രസഹായത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതി നെൽകൃ ഷിയെ സംബന്ധിച്ചാണ്. സാങ്കേതിക വിദ്യ യുടെ ഗുണഫലങ്ങൾ ഫീൽഡ് ഡെമോൺ സ്ട്രേഷൻ വഴി കർഷകരിൽ എത്തിക്കു കയും സംയോജിത കീട നിയന്ത്രണത്തിൽ കർഷകർക്ക് പരശീലനം കൊടുക്കുകയു മാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഇത് എങ്ങ നെ നടപ്പാക്കാം?

1. ഓരോ പാടശേഖരങ്ങളിലും വിവിധ ഭാഗ ങ്ങളിലായി മൂന്ന് ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ വീതം തെരഞ്ഞെടുക്കണം. ഇവ കഴിയുന്നതും റോഡിനോടോ, പൊ തുവഴിയുടെ സമീപത്തോ ആയിരിക്കു ന്നത് നല്ലത്. പ്ലോട്ടുകളിൽ ബോർഡ് സ്ഥാപിക്കണം. നെല്ലിന്റെ ഇനം, പ്രയോ ഗിച്ച വളം കീട പ്രതിരോധത്തിന് എടുത്ത നടപടി, ഇവ വിളവിനെ എങ്ങനെ ബാധിച്ചു എന്ന വിവരങ്ങൾ അച്ചടിച്ച് പ്രസ്തുത പാടശേഖരത്തിലെ കൃഷിക്കാ രുടെ ചർച്ചയ്ക്കായി വയ്ക്കണം. കൃഷി ഓഫീസർ ചർച്ചയിൽ സംബന്ധിക്കണം. പാടശേഖരത്തിലെ നെല്ലുൽപ്പാദക സമിതി ആവശ്യമായ എല്ലാ ക്രമീകരണ ങ്ങളും ചെയ്യണം.
2. ഓരോ വിളയിലും പഞ്ചായത്തിലെ ഏറ്റവും നല്ല ഡെമോൺസ്ട്രേഷൻ പ്ലോ ട്ടിന്റെ ഉടമസ്ഥന് ഏക്കറിന് 1000 രൂപ നിരക്കിൽ ധനസഹായം കൊടുക്കണം.
3. സംയോജിത രോഗനിയന്ത്രണ പരിപാടി യിൽ സജീവ സഹകരണം കാണിച്ച പഞ്ചായത്തിലെ 30 കർഷകർക്ക് 100 രൂപ വിലയുള്ള ഒരു സസ്യ സംരക്ഷണ കിറ്റ് സൗജന്യമായി കൊടുക്കണം.
4. പ്രസ്തുത 30 കർഷകരും സംയോജിത കീടനിയന്ത്രണ പരിശീലന പരിപാടി യിൽ ഒരു ദിവസത്തെ പരിശീലനത്തിന് വിധേയരായവരായിരിക്കണം. ജൈവകീ ടനാശിനികളുടെ നിർമ്മാണവും പ്രയോ ഗവും പരിശീലനത്തിന്റെ ഒരു ഭാഗമായി രിക്കണം.
5. ബ്ലോക്കുതലത്തിൽ, കൂടുതൽ വിളവ് ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്തിന്, ഈ

പദ്ധതി പ്രകാരം 25,000 രൂപ ലഭിക്കുന്നതാണ്.

### 2. മിനി കിറ്റ് പദ്ധതി

ഏതെങ്കിലും ഒരു പാടശേഖരത്തിന്റെ ഒരു ഭാഗത്ത് ഈ പദ്ധതി ആദ്യ വർഷം നടപ്പാക്കും. കൃഷി ചെയ്യേണ്ട പുതിയ ഇനം വിത്ത് ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ കർഷകന് ലഭ്യമാക്കും. തുടർച്ചയായി 2-3 വർഷം ഈ കൃഷി ആവർത്തിച്ച് ഫലപ്രദമെന്നു കണ്ടാൽ ഇതര പാടശേഖരങ്ങളിലേക്കും വ്യാപിപ്പിക്കാം. പദ്ധതി നൂറു ശതമാനവും കേന്ദ്രാവിഷ്കൃതമാണ്.

### 3. ഗ്രൂപ്പ് ഫാമിങ് പദ്ധതി

വളം, വിത്ത്, കീടനാശിനികൾ, കളനാശിനികൾ ഇവ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സമാഹരിച്ച് നിലവിലുള്ള പാടശേഖരങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുകയും അനുയോജ്യമായ സ്ഥലങ്ങളിലേക്ക് നെൽകൃഷി വ്യാപിപ്പിക്കയുമാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള പാടശേഖര സമിതികൾ പ്രവർത്തന ക്ഷമമാക്കി, പഞ്ചായത്തു വാർഡുമെമ്പറന്മാരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കണം. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രൂപ്പ് ഫാമിംഗ് സമിതികളായിരിക്കും. അഗ്രോ ക്ലിനിക്കുകൾ വഴി വിത്ത്, വളം, കീടനാശിനികൾ, കളനാശിനികൾ, ട്രാക്ടർ, ടില്ലർ, കുറ്റിപ്പമ്പ് ഇവ ലഭ്യമാക്കും. 1,600 ലക്ഷം രൂപ ഈ പദ്ധതിക്ക് നീക്കി വെച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു സമിതി എങ്കിലും ഇപ്രകാരം രൂപവൽക്കരിക്കുവാൻ പഞ്ചായത്തിന് അനുവാദം ലഭിക്കണം.

### 4. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം

ഗ്രൂപ്പ് ഫാമിംഗ് സമിതി വഴിയാണ് ഇത് നടപ്പാക്കേണ്ടത്.

**പദ്ധതിയുടെ ലക്ഷ്യം :**

- ബണ്ട് കെട്ടുക
- ജലസേചന ചാനലുകൾ നിർമ്മിക്കുക
- ജലനിർഗ്ഗമന ചാലുകൾ നിർമ്മിക്കുക
- പമ്പ്സെറ്റ് സ്ഥാപിക്കുക
- ജലസേചനം നടത്തുക

ഈ പദ്ധതി പ്രകാരം ചെലവുതുകയുടെ 75 ശതമാനം കേന്ദ്രത്തിൽനിന്ന് ലഭിക്കും. മൊത്തം പാടശേഖരത്തിന്റെ വിസ്തൃതി കണക്കാക്കി ഹെക്ടർ ഒന്നിന് 20,000 രൂപ എന്ന തോതിലായിരിക്കും സബ്സിഡി ലഭിക്കുക.

### 5. ഉൽപ്പാദന ബോണസ്സ് പദ്ധതി

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരുപൂ വിന് ഹെക്ടർ ഒന്നിന് 250 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ്സ് ലഭ്യമാക്കും. നെൽകൃഷി ചെയ്യുന്ന എല്ലാ കർഷകരും ഗുണഭോക്താക്കളാണ്. കൃഷിഭവൻ വഴിയായിരിക്കും പദ്ധതി നടപ്പാക്കുക.

### കേരവികസനം

പതിമ്മൂന്നര കിലോമീറ്റർ നീളത്തിൽ പുഴയുടെ തീരമുള്ള പഞ്ചായത്തായതുകൊണ്ട് കേരകൃഷി ഒരു പ്രധാന കാർഷികരംഗമാണ്. **വ്യാപകമായ** തെങ്ങുരോഗം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഭീഷണിയാണ്. കേരവികസന സമിതികളുടെ രൂപികരണത്തോടുകൂടി ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന പ്രതീക്ഷ അനുഭവത്തിൽ കേരകർഷകരെ അസ്വസ്ഥരാക്കുന്നുണ്ട്. കേരവികസനത്തിന് ഇന്ന് നിലവിലുള്ള പദ്ധതികൾ തികച്ചും അപര്യാപ്തമാണ്.

## നടപ്പുപദ്ധതികൾ

### 1. ചെറുകിട കർഷകർക്കുള്ള സംയോജിത കേരകൃഷി

*ലക്ഷ്യങ്ങൾ :*

a) രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്നതിന് തെങ്ങൊന്നിന് 200 രൂപ.

b) രാസവള കിറ്റുകൾ സൗജന്യവിലയ്ക്ക്

വിതരണം ചെയ്യുക.

c) തെങ്ങൊന്നിന് അഞ്ചുരൂപ രാസവള സബ്സിഡിയും മൂന്നുരൂപ സസ്യ സംരക്ഷണ സബ്സിഡിയും.

d) തെങ്ങിൻതോപ്പുകളിലെ ഇടവിള കൃഷിക്ക് ഹെക്ടർ ഒന്നിന് 200 രൂപ.

നൂറു ശതമാനവും കേന്ദ്രസഹായത്തോടെ നടത്തുന്ന പദ്ധതിയാണിത്.

വെറും കടലാസ് പദ്ധതി മാത്രമായി ഈ ഔദാര്യങ്ങൾ നിലകൊള്ളുന്നു. ഏകദേശം പതിമ്മൂവായിരം തെങ്ങ് വെട്ടിമാറ്റേണ്ടതായി ഈ ഗ്രാമപഞ്ചായത്തിലുണ്ട്. ഒന്നുപോലും വെട്ടിമാറ്റാൻ സാധിച്ചിട്ടില്ല. തെങ്ങൊന്നിന് ശരാശരി അരക്കിലോ വളം സബ്സിഡി നിരക്കിൽ ലഭിക്കുന്നുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായ കേരകർഷകരുടെ നേട്ടം ഇതുമാത്രമാണ്. വാട്ടർ ഷെഡ് പദ്ധതിയുടെ പേരിൽ പല സമീപ പഞ്ചായത്തുകളിലെ കേരകർഷകർക്കും ഉദാരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുവാൻ സത്വരനടപടികൾ ഇനിയെങ്കിലും അവലംബിക്കണം.

## 2. സമഗ്ര നാളികേരവികസന പദ്ധതി

*ലക്ഷ്യങ്ങൾ :*

a) ജലസേചനത്തിന് കിണർ കുഴിക്കുവാനും പമ്പുസെറ്റ് വെയ്ക്കുവാനും ചെലവിന്റെ മൂന്നിലൊന്ന് സബ്സിഡി. ചുരുങ്ങിയത് മുപ്പതുസെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണം. പരമാവധി സഹായം 5,000 രൂപ.

b) ഫിൽറ്റർ പോയിന്റ് ട്യൂബ് വെൽ നിർമ്മിക്കാൻ 800 രൂപയുടെ ധനസഹായം.

c) സാമൂഹ്യ ജലസേചന പദ്ധതി. പത്തിലേറെ കർഷകരും അഞ്ച് ഹെക്ടറിൽ കുറയാതെ സ്ഥലവും ഉണ്ടായിരിക്കണം. ഹെക്ടർ ഒന്നിന് 20,000 രൂപ നിരക്കിൽ 85 ശതമാനം സബ്സിഡി.

d) തെങ്ങുകയറ്റയന്ത്രം വാങ്ങുവാൻ 500 രൂപ സബ്സിഡി.

e) മരുന്നുതളിയന്ത്രം വാങ്ങുവാൻ 1,000 രൂപ സബ്സിഡി.

f) ജൈവവളവിത്ത് വാങ്ങുവാൻ കിലോഗ്രാമിന് അഞ്ചുരൂപ സബ്സിഡി.

g) കേരവികസന സമിതികൾക്കും സഹകരണ സംഘങ്ങൾക്കും കൊപ്ര സംസ്ക്കരണ ശാലകൾ നിർമ്മിക്കുവാൻ 25,000 രൂപ സബ്സിഡി.

h) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജലസേചന കിണർ നിർമ്മിക്കുവാൻ 10,000 രൂപ വരെ സബ്സിഡി.

i) ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി. 10,000 രൂപ വരെ സബ്സിഡി.

പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്തും കേരസമിതിയും സംയുക്തമായി.

പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് എല്ലാ വാർഡുകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

## 3. T x D തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും

ഈ പദ്ധതി പ്രകാരം സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തെങ്ങിൻ തൈകൾ ലഭ്യമാക്കും.

## 4. 'ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും വിതരണവും'

ഇതിൻപ്രകാരം തെങ്ങിൻ തൈ നേഴ്സറി സ്ഥാപിക്കേണ്ടത് ഗവൺമെന്റ് ഫാമുകളിലാണ്.

***ഇതരപദ്ധതികൾ*** : കേരഫെഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, കൃഷി വകുപ്പ് എന്നീ മൂന്ന് പ്രസ്ഥാനങ്ങളാണ് കേരകൃഷി വികസന രംഗത്ത് പ്രവർത്തിക്കുന്നത്. ഉദാഹരണമായി കൊപ്ര സംഭരണവും വെളിച്ചെണ്ണ നിർമ്മാണവും കേരഫെഡ് കൈ

കാര്യം ചെയ്യുന്നു. പുതിയ തെങ്ങിൻ തൈകൾ വെയ്ക്കുന്നതിന് ഡെവലപ്മെന്റ് ബോർഡ് ധനസഹായം ചെയ്യുന്നു. ഇതൊരു ബഹുജാലക സംവിധാനമാണ് (Multi-window system). പ്രവർത്തനങ്ങൾക്ക് ഐക്യരൂപ്യമില്ല. റബർ ഉൽപ്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തുവാൻ കാരണം റബർ ബോർഡ് മാത്രം ഈ രംഗത്ത് പ്രവർത്തിക്കുന്നതുകൊണ്ടാണ്. റബർ കൃഷിയിൽ ഏക ജാലകസംവിധാനം (Single-window system) വിജയപ്രദമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരവികസന രംഗത്ത് പുതിയ ആസൂത്രണങ്ങൾ പഞ്ചായത്തുതലത്തിൽ ആവിഷ്ക്കരിക്കേണ്ടതില്ല.

## ഔഷധസസ്യകൃഷി

നടപ്പുപദ്ധതിയിൽ തിപ്പലി, കച്ചോലം, ചിറ്റലോടകം, നീല അമരി, കുറുന്തോട്ടി മുതലായവ ഉൾപ്പെടും. എറണാകുളം ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ചുവരുന്ന ആവശ്യം മൂലം ആദായകരമായി ചെയ്യാവുന്ന കൃഷിയാണിവ. പഞ്ചായത്ത് വികസന പദ്ധതിയിൽ ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

### വെറ്റിലക്കൊടി വികസന പദ്ധതി

ഇത് നടപ്പുപദ്ധതിയിൽ ഉൾപ്പെട്ടതാണ്. നൂറുശതമാനം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി സാമ്പത്തിക സഹായത്തിന് അർഹതപ്പെട്ടതാണ്.

*ലഭിക്കുന്ന സഹായങ്ങൾ :-*

a) മാതൃകാ കൃഷിത്തോട്ടത്തിന് 500 രൂപ ധനസഹായം.

b) കുഴൽക്കിണർ സ്ഥാപിക്കാൻ 15,00 രൂപ.

c) കുറ്റിപമ്പ് വാങ്ങാൻ 500 രൂപ.

d) വള്ളി പടർത്തുന്നതിന് 750 രൂപയുടെ ധനസഹായം.

### കൊക്കോകൃഷി

ഇത് നടപ്പുപദ്ധതിയിൽ ഉൾപ്പെടും.

*ധനസഹായം :-*

a) ജലസേചനത്തിന് 25% നിരക്കിൽ പരമാവധി 4,000 രൂപ

b) കിണർ 2,500 രൂപ

c) പമ്പുസെറ്റ് 1,500 രൂപ

d) മാതൃകാതോട്ടത്തിന് 1-ാം വർഷം 700 രൂപ. രണ്ടാം വർഷം 300 രൂപ.

e) പഴയ തോട്ടങ്ങളുടെ പുനഃരുദ്ധാരണത്തിന് ആദ്യവർഷം 2,000 രൂപ. രണ്ടാം വർഷം 1,000 രൂപ.

പഞ്ചായത്തുതലത്തിൽ വികസന പദ്ധതി ആവശ്യമില്ല. എന്നാൽ നടപ്പുപദ്ധതിയുടെ ഗുണഭോക്താക്കളായി മുപ്പത് കർഷകരെയെങ്കിലും ഉൾപ്പെടുത്തുവാൻ നടപടിയെടുക്കണം. മൂന്നാം വർഷം മുതൽ വിളവുതരുന്ന കൃഷിയായതുകൊണ്ട് തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യാം.

### കുരുമുളക്

'കറുത്തപൊന്ന്' എന്ന് വിശേഷിപ്പിക്കുന്ന കുരുമുളകിന്റെ കലവറയായിരുന്നു കേരളം. വിദേശികളെ ഇങ്ങോട്ട് ആകർഷിച്ചത് കുരുമുളകായിരുന്നു. നാണ്യവിളകളിൽ കുരുമുളകിന്റെ സ്ഥാനം അദ്വിതീയമാണ്. വിവിധ കാരണങ്ങളാൽ കൃഷി അധോഗതിയിലാണ്. കുരുമുളക് കൃഷി പുനഃരുദ്ധാരണത്തിനായി താഴെ കാണുന്ന നടപ്പുപദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കണം.

#### നടപ്പുപദ്ധതികൾ - 1

'കുരുമുളക് വികസന പദ്ധതി' എന്നാണ് പദ്ധതിയുടെ പേര്. നൂറുശതമാനം കേന്ദ്ര സഹായത്തോടെയാണ് പദ്ധതിയുടെ നടത്തിപ്പ്.

*ലക്ഷ്യങ്ങൾ :*

a) പഞ്ചായത്തുകളിൽ സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യുക.

b) ഒരു ഹെക്ടർ കൃഷി ചെയ്യുവാൻ താഴെ പറയുന്ന തോതിൽ ധനസഹായം മൂന്നു

വർഷത്തേക്ക് ലഭ്യമാകും. 1-ാം വർഷം ഒരു ഹെക്ടറിന് 5,000, രൂപ 2-ാം വർഷം 3,000 രൂപ, 3-ാം വർഷം 2,000 രൂപ.

1,500 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ കേന്ദ്രപദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്താൻ നടപടി എടുക്കണം.

### നടപ്പുപദ്ധതി - 2

സുഗന്ധവിള വികസന പദ്ധതി എന്ന പേരിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

*ലക്ഷ്യം :*

a) സൗജന്യമായി കുരുമുളക് വള്ളികൾ വിതരണം ചെയ്യുക.

b) പുനഃരുദ്ധാരണ പരിപാടികൾ നിലവിലുള്ള തോട്ടങ്ങൾക്ക് മൂന്നാം വർഷം ഒരു ഹെക്ടറിന് 1,500 രൂപ ധനസഹായം ലഭിക്കും.

### നടപ്പുപദ്ധതി - 3

മുകളിൽ വിവരിച്ച രണ്ടാം പദ്ധതിയുടെ ഭാഗമാണിത്. എറണാകുളം ജില്ല ഈ പദ്ധതിയിൻ കീഴിൽ വരും. ശാസ്ത്രീയമായി തോട്ടം സംരക്ഷിക്കുന്ന കർഷകന് ഹെക്ടർ ഒന്നിന് 1,500 രൂപയുടെ സബ്സിഡിക്ക് അർഹതയുണ്ട്.

### നടപ്പുപദ്ധതി - 4

ഇതും മുൻ വിവരിച്ച രണ്ടാം നടപ്പുപദ്ധതിയുടെ ഭാഗമാണ്. ലക്ഷ്യം കുരുമുളക് കൃഷി വ്യാപിപ്പിക്കുകയാണ്. മൂന്നുവർഷത്തേക്ക് തോട്ട സംരക്ഷണത്തിന് യഥാക്രമം 3,500 രൂപ, 1,300 രൂപ, 1,000 രൂപ എന്ന തോതിൽ സബ്സിഡി ലഭ്യമാണ്. 1,500 ലക്ഷം രൂപ നടപ്പുവർഷത്തേക്ക് വകയിരുത്തിയിട്ടുള്ള ഈ പദ്ധതി പഞ്ചായത്തിന് ലഭ്യമാക്കണം.

### നടപ്പുപദ്ധതി - 5

സുഗന്ധവിള വികസന പദ്ധതിയുടെ മറ്റൊരു ഭാഗമാണിത്.

*ലക്ഷ്യം :*

അനാഥ് താങ്ങുമരങ്ങളിൽ, മുന്തിയ ഇനം കുരുമുളകുവള്ളികൾ വെച്ചുപിടിപ്പിച്ച് മാതൃകാ കൃഷിത്തോട്ടം ഉണ്ടാക്കുക.

ചെലവിന്റെ 50 ശതമാനം സബ്സിഡിയാണ്.

മൂന്നുവർഷങ്ങളിലേക്ക് യഥാക്രമം 225 രൂപ, 140 രൂപ, 100 രൂപ എന്നീ നിരക്കിൽ സഹായധനം ലഭിക്കും.

*നോട്ട് :-* പഞ്ചായത്തിൽ ഇപ്പോൾ നിലവിവുള്ള പദ്ധതിയാണിത്. അടുത്ത അഞ്ച് വർഷം കൊണ്ട് 300 കർഷകരെയെങ്കിലും ഈ പദ്ധതിയിൽ കൊണ്ടുവരണം.

പഞ്ചായത്തുതല കുരുമുളക് വികസന സമിതി ഇപ്പോൾ നിലവിലില്ല. ഈ സമിതിയെ പുനഃരുദ്ധരിച്ചോ, അഥവാ പുതിയ സമിതി സംഘടിപ്പിച്ചോ കുരുമുളക് വികസന പദ്ധതികൾ പ്രായോഗികമാക്കുന്നത് സാമ്പത്തിക രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കും. അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാർഷികരംഗമാണിത്.

### ഇഞ്ചി, മഞ്ഞൾ, മുളക്, ജാതി, കറുകപ്പട്ട, വാനില

ഈ അഞ്ചിനം സുഗന്ധവ്യഞ്ജന കൃഷികൾക്കും കേന്ദ്രാവിഷ്ക്കരണ പദ്ധതികൾ നടപ്പിലുണ്ട്. എന്നാൽ ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.

**ഇഞ്ചി**

a) ഇരുപത്തിയഞ്ച് സെന്റ് സ്ഥലത്ത് പ്രദർശനത്തോട്ടം തയാർ ചെയ്ത്, വിത്ത് ഇരട്ടിപ്പിക്കുന്ന കർഷകർക്ക് 1,200 രൂപയുടെ സബ്സിഡി ലഭ്യമാണ്. ഉൽപ്പാദിപ്പിക്കുന്ന വിത്ത് കൃഷിഭവനിൽനിന്നും വില നൽകി എടുക്കും.

b) സസ്യസംരക്ഷണം നടത്തുന്നതിന് ഹെക്ടറിന് പരമാവധി 1,000 രൂപയുടെ

സബ്സിഡി.

c) 5 കിലോ ഇഞ്ചി വിത്തും കീടനാശിനിയും പകുതി വിലയ്ക്ക് കൃഷിഭവൻ വഴി ലഭ്യ മാകും.

പഞ്ചായത്തുതലത്തിൽ 100 കർഷകരെ എങ്കിലും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരാൻ പരിപാടി ആസൂത്രണം ചെയ്യണം.

**മഞ്ഞൾ**

25 സെന്റ് സ്ഥലത്ത് മാതൃകാതോട്ടം സ്ഥാപിച്ച്, വിത്തുവിതരണം നടത്തുന്ന കർഷകന് 825 രൂപയിൽ അധികരിക്കാത്ത സബ്സിഡിക്ക് അർഹതയുണ്ട്.

പഞ്ചായത്തുതലത്തിൽ 100 കർഷകരെ യെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട താണ്.

**മുളക്**

25 സെന്റ് സ്ഥലത്ത് മാതൃകാത്തോട്ടം സ്ഥാപിക്കുന്നതിന് മൊത്തം വേണ്ടിവരുന്ന ചെലവിന്റെ അമ്പതു ശതമാനം സബ്സി ഡിയായി ലഭിക്കും. പരമാവധി ലഭിക്കാവുന്ന സബ്സിഡി 700 രൂപയാണ്.

**ജാതി, ഗ്രാമ്പു, കറുവപ്പട്ട**

ഈ പഞ്ചായത്തിൽ ജാതി കൃഷി വ്യാപി പ്പിക്കേണ്ടതില്ല. ഇത് ഒരു ഇടവിളയാണെ ങ്കിലും 5 വർഷത്തിനുശേഷം മുഖ്യവിള യായി രൂപാന്തരപ്പെട്ട് മറ്റ് കൃഷികൾക്ക് സ്ഥ ലലഭ്യത ഇല്ലാതെ വരും. അന്തർദേശീയ വിപണിയുമായി മത്സരിക്കുവാൻ ജാതി കൃഷിക്കാർക്ക് ഇന്ന് സാധ്യമല്ല. സിലോൺ മുതലായ സ്ഥലങ്ങളിൽനിന്ന് അനധികൃത മായി ഇറക്കുമതി ചെയ്യുന്ന ജാതിക്ക ഉത്ത രേന്ത്യൻ വിപണികളിൽ ആധിപത്യം ഉറപ്പി ച്ചിരിക്കുകയാണ്. ഇറക്കുമതിയിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയ 1984, 1985 വർഷങ്ങൾ മാത്രമാണ് ജാതി കൃഷിക്കാർക്ക് അല്പമെങ്കിലും ആശ്വാസം നല്കിയത്.

നൂറുശതമാനം കേന്ദ്രസഹായത്തോടെ 1,500 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള മാതൃകാ കൃഷിത്തോട്ട പരിശീലന പരിപാടി നിലവിലുണ്ട്. അഞ്ചുവർഷം നീണ്ടുനില് ക്കുന്ന ഈ പരിപാടിയിലെ സഹായധനം താഴെക്കാണുന്ന പ്രകാരം മെച്ചപ്പെടുത്തി യിട്ടുണ്ട്.

| വർഷം | സബ്സിഡി നിരക്ക് | തുക |
|---|---|---|
| 1 | 33% | 400 രൂപ |
| 2 | 25% | 170 രൂപ |
| 3 | 20% | 150 രൂപ |
| 4 | 20% | 150 രൂപ |
| 5 | 20% | 150 രൂപ |

കൂടാതെ കുറ്റിപന്ന് വാങ്ങുന്നതിന് 750 രൂപയുടെ പരമാവധി സബ്സിഡിയും സൗ ജന്യ നിരക്കിൽ തൈകളും കൃഷിഭവൻ വഴി ലഭ്യമാണ്.

**കമുക്**

ഈ പഞ്ചായത്തിലെ നദീതട പ്രദേശ ങ്ങൾ കാൽ നൂറ്റാണ്ട് മുമ്പുവരെ വിജയകര മായി കമുക് കൃഷി ചെയ്തിരുന്ന പ്രദേശ ങ്ങളായിരുന്നു. ഉൾപ്രദേശങ്ങളിലും കൃഷി വ്യാപൃതമായിരുന്നു. അടക്കയുടെ വിലക്കു റവും രോഗബാധയും മൂലം കമുക് കൃഷി 25 ശതമാനമായി കുറഞ്ഞു. എന്നാൽ ഇപ്പോൾ വിപണി താരതമ്യേന സജീവമാണ്. ലഭ്യമായ സ്ഥലങ്ങളിൽ തെങ്ങിൻ തോട്ടങ്ങ ളിലെ ഇടവിളയായും അല്ലാതെയും കമുകു കൃഷി പഞ്ചായത്തുകളിൽ പുനഃരുദ്ധരിക്കേ ണ്ടതാണ്. ഇതിനായി നടപ്പുപദ്ധതികളെ ആശ്രയിക്കാം.

## നടപ്പുപദ്ധതി

നൂറുശതമാനം കേന്ദ്രസഹായത്തോ ടെ നടപ്പാക്കുന്ന 'കമുക് വികസന പദ്ധതി' ശാസ്ത്രീയ കമുകുകൃഷി പ്രോത്സാഹിപ്പിച്ച്, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമി ട്ടിട്ടുള്ളതാണ്. താഴെ പറയുന്ന സഹായങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

a) രോഗപ്രതിരോധ മരുന്നുതളിക്ക് ഹെക്ടർ

പ്രതി 400 രൂപ സബ്സിഡി.

b) റോക്കർ സ്പെയർ വാങ്ങുവാൻ 900 രൂപ സബ്സിഡി.

c) കേടുവന്ന കമുകുകൾ വെട്ടിമാറ്റാൻ മരമൊന്നിന് 100 രൂപ.

d) ജലസേചനത്തിന് കിണർ കുഴിക്കുവാൻ 2,500 രൂപ സബ്സിഡി.

e) പമ്പുസെറ്റ് വെയ്ക്കുവാൻ 1,500 രൂപ സബ്സിഡി.

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇരുപത്തിയഞ്ച് ഹെക്ടർ സ്ഥലത്തെങ്കിലും കമുകുകൃഷി ആരംഭിക്കുവാൻ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. എറണാകുളം ജില്ല പദ്ധതിയുടെ പരിധിയിൽ വരുന്ന പ്രദേശമാണ്.

### വാനില

1991 ൽ കേരളത്തിലാദ്യമായി വാനില കൃഷി ആരംഭിച്ചത് രാമമംഗലം ഗ്രാമപഞ്ചായത്തിലാണ്. **അഖില കേരള അടിസ്ഥാനത്തിൽ All Kerala Association for Vanilla Cultivation and Marketing എന്ന കർഷകരുടെ രജിസ്റ്റർ ചെയ്ത സംഘടനയുടെ ആസ്ഥാനവും രാമമംഗലത്താണ്.** നമ്മുടെ തെങ്ങിൻതോപ്പുകളിലും കമുകിൻ തോപ്പുകളിലും വാനില ഇടവിളയായി കൃഷി ചെയ്യാം. വിളപരിപാലനം സ്ത്രീകൾക്കും കുട്ടികൾക്കും കൂടി ചെയ്യാവുന്ന പ്രക്രിയയാണ്. അതിനാൽ കൂലിച്ചെലവ് ഉണ്ടാകുന്നില്ല. വളം ചെയ്യുവാനും പണച്ചെലവില്ല. സ്പൈസസ് ബോർഡിന്റെ ധനസഹായത്തോടെയും അല്ലാതെയും കൃഷി ചെയ്യാം. 20 സെന്റ് സ്ഥലത്ത് 150 വള്ളികൾ വളർത്തിയാൽ പ്രതിവർഷം 40,000 രൂപ ആദായം പ്രതീക്ഷിക്കാം. പ്രാരംഭദശയിൽ ആകർഷകമായ വിപണി കണ്ടുപിടിക്കാൻ കുറെ ബുദ്ധിമുട്ടുകൾ ഉണ്ടാകാം. രാമമംഗലത്തെ വാനിലത്തോട്ടങ്ങൾ കാണുവാൻ സിക്കിമിൽനിന്ന് ഗവൺമെന്റ് അടുത്തകാലത്ത് പഠനസംഘത്തെ നിയോഗിക്കയുണ്ടായി.

ആദായകരമായ വാനില കൃഷി നമ്മുടെ പഞ്ചായത്തിലെ മിക്ക വാർഡുകളിലും ആരംഭിച്ചിട്ടുണ്ട്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുന്നൂറ് കർഷകരെ എങ്കിലും ഈ ആധുനിക കൃഷി രംഗത്തേക്ക് കൊണ്ടുവരുന്നതിന് പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

### ഓർക്കിഡ്, മുല്ല, കൂൺ കൃഷി

കൃഷിഭവന്റെ സാങ്കേതിക സഹായത്തോടെ ആദായകരമായി നടത്താവുന്ന കൃഷികളാണിവ. ഒരു നല്ല ആന്തുറിയം പൂവിന് 35 രൂപ വരെ വിലയുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ 20 കൃഷിക്കാർക്കെങ്കിലും കൂൺ വളർത്തൽ പരിശീലനം കൊടുക്കണം.

***പാടശേഖര സമിതികൾ :*** ഒരു പാടശേഖരം മുഴുവൻ ഒരു സമിതിയുടെ കീഴിൽ വന്നാൽ മാത്രമെ സമഗ്രമായ നെൽകൃഷി പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കുകയുള്ളൂ. 100 മുതൽ 200 വരെ ഏക്കർ നെൽകൃഷി ഒരു സമിതിയുടെ പരിധിയിൽ വരണം. നമ്മുടെ പാടശേഖരങ്ങളെ തുണ്ടുകളായി മുറിച്ചു പ്രത്യേക സമിതികൾ രൂപീകരിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. നെൽകൃഷിക്കാർക്കുള്ള സബ്സിഡി വിതരണത്തിൽ മാത്രമാണ് സമിതികളിൽ അധികവും ശ്രദ്ധിക്കുന്നത്. ഏതാനും വ്യക്തികളുടെ കയ്യിൽ ഒതുങ്ങുന്നവിധം പല സമിതികളും നിർജ്ജീവമായിട്ടുണ്ട്. ഇവയുടെ പുനഃരുദ്ധാരണത്തിന് മാർഗ്ഗരേഖകളുണ്ടാക്കി പദ്ധതികൾ പ്രായോഗികമാക്കുവാനുള്ള സന്നദ്ധ സംഘടനകളാക്കി മാറ്റുന്നതിന് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

***കൃഷിഭവൻ :*** എല്ലാ ഗ്രാമസഭകളിലും കൃഷിഭവന്റെ സേവനം പര്യാപ്തമല്ല എന്നാണ് പൊതു ആക്ഷേപം. സബ്സിഡി വിതരണവും നടീൽ വസ്തുവിതരണവും തന്നെ ഭാരിച്ച ജോലിയാണ്. ഈ കൃത്യനിർവഹണത്തിനിടയിൽ സാങ്കേതിക രംഗത്ത് ശ്രദ്ധിക്കുവാൻ ഒരു കൃഷി ഓഫീസർക്കും സാധ്യ

മല്ല. അതുകൊണ്ട് മെച്ചപ്പെട്ട പ്രവർത്തനം ലഭ്യമാക്കാൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം.

പ്രാദേശികമായ ആവശ്യം കണക്കാക്കാതെ മേൽത്തട്ടുകളിൽനിന്ന് നടീൽവസ്തുക്കളും വിത്തുകളും കൃഷിഭവനിൽ എത്തിച്ച്, അവ വിറ്റഴിക്കേണ്ട ചുമതല ഉദ്യോഗസ്ഥന്മാരെ ഏൽപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് 4227 ജാതിത്തൈകൾ കൃഷിഭവൻ വഴി സൗജന്യ വിതരണം നടത്തി ഒരു തൈക്ക് 15 രൂപയെ ങ്കിലും ഡിപ്പാർട്ടുമെന്റ് നേഴ്സറികൾക്ക് വില കൊടുത്തു കാണും. ട്രാൻസ്പോർട്ടിംഗ് ചാർജ്ജുൾപ്പെടെ 65,000 രൂപ ഈ വിധത്തിൽ ചെലവഴിച്ചിട്ടുണ്ട്. സൗജന്യമായോ നാമമാത്രമായ വിലയ്ക്കോ ഈ പഞ്ചായത്തിൽ ത്തന്നെ ജാതിത്തൈകൾ ലഭ്യമാകും. ഈ തരത്തിലുള്ള ചെലവ് നീതീകരിക്കുവാൻ കഴിയുകയില്ല. ഇക്കഴിഞ്ഞ 3 വർഷക്കാലം കൊണ്ട് 1404 കിലോ പയറുവിത്ത് സബ്സിഡി നിരക്കിൽ സ്ഥലം കൃഷിഭവൻ വഴി വിതരണം ചെയ്തു. കാർഷിക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ വരുന്ന കൃഷിക്കാരെക്കൊണ്ട് ഇത് വാങ്ങിപ്പിക്കേണ്ട അസുഖകരമായ ചുമതല ഉദ്യോഗസ്ഥന്മാർ ഏറ്റെടുക്കാൻ നിർബന്ധിതരാകുന്നു.

ഓരോ കൃഷിഭവനും കർഷകരുടെ ആവശ്യം മുൻനിർത്തി ആവശ്യപ്പെടുന്ന നടീൽവസ്തു മാത്രം ഡിപ്പാർട്ടുമെന്റിൽ നിന്ന് ലഭിക്കത്തക്ക ക്രമീകരണം ഉണ്ടാകണം. ഇങ്ങനെ പാഴ്ച്ചെലവ് തടയേണ്ടതാണ്.

നടീൽവസ്തുക്കളുടെ വിതരണം ആവശ്യാധിഷ്ഠിതമായിരിക്കണം. പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാൻ വിതരണം ചെയ്യുന്ന തെങ്ങിൻതൈകൾ മുതലായ നടീൽവസ്തുക്കൾ ആവശ്യാധിഷ്ഠിതമല്ല. ഇതിനു ചെലവാക്കുന്ന തുക പിന്നോക്ക വിഭാഗക്കാർക്ക് പ്രയോജനം ചെയ്യുന്ന മറ്റ് പരിപാടികൾക്കായി ചെലവാക്കണം. ഗ്രാമപഞ്ചായത്ത് ഇതിനായി നയപരിപാടികൾ ആവിഷ്ക്കരിക്കണം.

**കാർഷികരംഗത്തെ യന്ത്രവൽക്കരണം**

കാർഷികരംഗത്തെ ചെലവ് കുറയ്ക്കാൻ യന്ത്രവൽക്കരണം ഒട്ടേറെ സഹായിക്കും. ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ടില്ലർ, സ്പ്രെയർ, മെതിയന്ത്രം മുതലായവ വാങ്ങുന്നതിന് നടപ്പുപദ്ധതി നിലവിലുണ്ട്. 50 ശതമാനം സബ്സിഡിയും ലഭ്യമാണ്. സബ്സിഡി കിഴിച്ചുള്ള തുക സമാഹരിക്കുവാൻ ഒരു കാർഷിക സമിതിക്കും സാമ്പത്തികശേഷി ഇല്ല എന്നതാണ് വസ്തുത. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉദാരമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതികൾ തയാറാക്കണം. അല്ലാത്തപക്ഷം സമീപകാലത്തൊന്നും യന്ത്രവൽക്കരണം നടപ്പാകുകയില്ല.

രാമമംഗലം പഞ്ചായത്തിലെ സുഗന്ധവിളകൾ പരിപോഷിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് സ്പൈസസ് ബോർഡിന്റെ ഒരു സബ് ഓഫീസ് പ്രവർത്തനം ആരംഭിക്കണം.

**3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 312.00 |
| പുരയിടം | 1925.50 |
| പുറമ്പോക്ക് | 146.98 |
| കൃഷിയോഗ്യതരിശ് | 52.50 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 5.30 |
| **ആകെ** | **2442.28** |

## വിളവിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം (ഹെക്ടറിൽ) | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 50 | 130.000 ടൺ | 2600 Kg |
| നെല്ല് (രണ്ടാംവിള) | 312 | 873.600 ടൺ | 2800 Kg |
| നെല്ല് (മൂന്നാംവിള) | 312 | 655.200 ടൺ | 2100 Kg |
| പയർ | 15 | 11.225 ടൺ | |
| എള്ള് | 5 | 1.325 ടൺ | |
| പച്ചക്കറികൾ | 10 | 12.000 ടൺ | |
| തെങ്ങ് | 675 | 5197.000 per hectre | |
| വാഴ | 98 | 1568.000 ടൺ | |
| മരച്ചീനി | 20 | 24.000 ടൺ | |
| കുരുമുളക് | 51 | 600.000 Kg/H | |
| പ്ലാവ് | — | — | |
| കശുമാവ് | 2 | 750.000 Kg/H | |
| മാവ് | — | — | |
| റബർ | 802 | 1150.000 Kg/Acre | |
| കവുങ്ങ് | 72 | — | |
| വാനില | 5 | — | |
| കൊക്കൊ | 8 | — | |
| പൈനാപ്പിൾ | 20 | 20.000 ടൺ | |

## നടീൽ വസ്തു വിതരണം

| ഇനം | 1993-94 | എണ്ണം/തൂക്കം/പായ്ക്കറ്റ് 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 410 | 463 | 556 |
| കശുമാവ് | — | 27 | — |
| കുരുമുളക് | 3000 | 1000 | 12,500 |
| പച്ചക്കറിവിത്ത് | 500 | — | 500 |
| നെല്ല് | 1440 Kg | 1300 Kg | 980 Kg |
| പയർവിത്ത് | 960 Kg | 364 Kg | 80 Kg |
| പ്ലാവ് (ഗ്രാഫ്റ്റ്) | 8 | — | — |
| മാവ് (ഗ്രാഫ്റ്റ്) | 15 | — | — |
| സപ്പോർട്ട | 2 | — | — |

## ജലസേചനം

കൃഷിയുടെ അനുബന്ധ മേഖലയാണ് ജലസേചനം. ഈ പഞ്ചായത്തിലെ ജലസേചനാർത്ഥം മൂവാറ്റുപുഴയാറിന്റെ തീരത്ത് 56 സ്ഥലങ്ങളിൽ ചെറുകിട ജലസേചന പദ്ധതികൾ കാൽ നൂറ്റാണ്ട് മുമ്പേ ആവിഷ്ക്കരിച്ചു. ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ ഇതുമൂലം സാധിക്കുന്നുണ്ട്. എന്നാൽ താഴ്ന്ന പാടശേഖരങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യവും ഇതുമൂലം ഉണ്ടായിട്ടുണ്ട്. ഉയർന്ന സ്ഥലങ്ങളിലെ ജലസേചനവും താഴ്ന്ന സ്ഥലങ്ങളിൽ ജലനിർഗ്ഗമനവും ഈ പഞ്ചായത്തിൽ കാർഷിക മേഖല അനുഭവിക്കുന്ന രണ്ട് പ്രധാന വെല്ലുവിളികളാണ്. നടപ്പുപദ്ധതികൾ ഉപയോഗപ്പെടുത്തിയും പുതിയ പ്രാദേശിക പദ്ധതികൾ ജനപങ്കാളിത്തത്തോടെ ആവിഷ്ക്കരിച്ചും വേണം പ്രശ്നപരിഹാരം തേടുവാൻ. നിലവിലുള്ള ജലവിതരണ സമ്പ്രദായത്തിലും ഏറെ പാളിച്ചകൾ ഉണ്ട്. ഇവയ്ക്കും പരിഹാരം കണ്ടെത്തണം. ഗ്രാമസഭാ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതും അടുത്ത അഞ്ചുവർഷം കൊണ്ട് നടപ്പാക്കാവുന്നതുമായ പരിപാടികൾ ക്രോഡീകരിച്ച് പോംവഴികൾ നിർദ്ദേശിക്കയാണ് ഈ റിപ്പോർട്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. A വിഭാഗത്തിൽ ജലസേചനവും B വിഭാഗത്തിൽ ജലനിർഗ്ഗമനവുമാണ് പ്രതിപാദ്യം.

# A വിഭാഗം

## ജലസേചനം

ഗ്രാമസഭകളിൽ ജലസേചനം മെച്ചപ്പെടുത്തുന്നതിന് വളരെയേറെ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവ ക്രോഡീകരിക്കുന്നതിനുമുമ്പ്, നിലവിലുള്ള നടപ്പുപദ്ധതികളെ അവലോകനം ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും.

### I *ക്ലാസ് I പദ്ധതികൾ*

50 ഹെക്ടർ മുതൽ 2000 ഹെക്ടർ വരെ ജലസേചനം നടത്തുന്ന പദ്ധതിയാണിത്.

*പ്രത്യേകതകൾ :*

a) സർക്കാർ ചെലവിൽ പദ്ധതി നടപ്പാക്കും.

b) ജില്ലാതല എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ബന്ധപ്പെടണം.

c) ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പു വരുത്തണം.

d) ജലവിതരണവും ചെറിയ അറ്റകുറ്റപ്പണികളും ചെറുകിട കർഷകരുടെ സമിതിയിൽ നിക്ഷിപ്തമാണ്.

### II *ക്ലാസ് II പദ്ധതികൾ*

*പ്രത്യേകതകൾ :*

a) 50 ഹെക്ടറിനുതാഴെ ജലസേചനം നടപ്പാക്കും.

b) സർക്കാർ ചെലവിൽ വിൽപ്പന നടത്തും.

### III *ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി*

*പ്രത്യേകതകൾ :*

a) 40-50 ഏക്കർ വരെ വിസ്തീർണ്ണത്തിൽ ജലസേചനം.

b) സർക്കാർ ചെലവിൽ നടത്തുന്നു.

c) ചെറുകിട ജലസേചന ആഫീസ് വഴി നടപ്പാക്കാം.

### IV *ഏലാ വികസന ജലസേചന പദ്ധതി*

1995-96 മുതൽ നിർത്തി വെച്ചു.

### V *ജലധാരാ പദ്ധതി*

*ലക്ഷ്യം :*

a) നിലവിലുള്ള തോടുകളുടെയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

b) അടങ്കൽ തുകയുടെ 70 ശതമാനം സർക്കാരും 20 ശതമാനം കർഷകരും വഹിക്കണം. 10 ശതമാനം ലാഭത്തിൽ കുറവു ചെയ്യും.

c) സ്ഥലം M. L. A. വഴി ജലസേചന ഓഫീസുമായി ബന്ധപ്പെടണം.

d) M. L. A. യുടെ നേതൃത്വത്തിൽ രണ്ടംഗ ഔദ്യോഗിക സമിതിയാണ് സ്ഥലം നിശ്ചയിക്കുന്നത്. നടത്തുന്ന ഏജൻസി ബ്ലോക്ക് പഞ്ചായത്ത്.

VI ചെക്ഡാം

a) വർഷകാലങ്ങളിൽ തോടുകളിൽക്കൂടി ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിർത്തി ജലസേചനത്തിന് ഉപയോഗിക്കുക.

b) പൂർണ്ണമായി സർക്കാർ ചെലവ്.

c) സർക്കാർ നിയമിച്ച ചെക്ഡാം കമ്മറ്റിയാണ് അനുവാദം കൊടുക്കേണ്ടത്.

വാർഡുതലത്തിൽ നടപ്പാക്കേണ്ട ജോലികൾ

## വാർഡ് I

1) No. III സ്കീമിന്റെ ഒന്നാം സ്പൗട്ടിൽ നിന്നും പടിഞ്ഞാറോട്ടുള്ള സബ് ചാനൽ പൂർത്തിയാക്കുക.

2) തൃക്കൈപ്പാടത്തിന് തൃക്കേച്ചാൽ വരെ ലീഡിംഗ് ചാനൽ നിർമ്മിക്കുക.

3) No III പമ്പ്ഹൗസ് വിസ്താരപ്പെടുത്തി മോട്ടോർ കയറ്റിറെക്കാൻ സ്ഥലമുണ്ടാക്കുക.

4) No IV സ്കീമിൽനിന്ന് താഴെക്കാണുന്ന സബ് ചാനലുകൾ നിർമ്മിക്കണം.

a) ശിവൻകുന്നിലേക്ക്

b) വേളാർ കോളനിയിൽക്കൂടി തോട്ട ഭാഗം

c) ചാക്യാർതുരുത്തിലേക്ക്

d) ഊരമന ഹൈസ്ക്കൂളിന്റെ പടിഞ്ഞാറുനിന്നും ശെവിലിയിലേക്ക്

e) കുഴിക്കണ്ടം മുതൽ ചാൽ വരെ.

5. നമ്പർ IV ൽ നിന്നും പടിഞ്ഞാറോട്ടുള്ള കനാലിന്റെ ബണ്ട് ഉയർത്തുക.

6. No. III സ്കീമിൽ പുതിയ മോട്ടോർ സ്ഥാപിക്കുക.

## വാർഡ് II

1. M. V. J. P. കനാലിൽനിന്ന് കൊടികുത്തി, ആനിയേടം, കാക്കേത്ത് പറമ്പക്കാട്ട് ഭാഗത്തേക്ക് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.

2. പാത്തിക്കൽ ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

3. അള്ളുങ്കൽ തോടിൽ താണിക്കുഴി ഭാഗത്ത് ചെക്ഡാം പണിയുക.

4. പാത്തിക്കൽ ആറ്റുവേലിക്കുഴിത്തോട് കേന്ദ്രമാക്കി ജലധാരാ പദ്ധതി നടപ്പാക്കുക.

5. പറമ്പക്കാട്ട് ചിറ, പടിക്കൽ ചിറ, താണിച്ചിറക്കുഴി, ചൊക്ലായിച്ചിറ, തോട്ടിക്കുളം ഇവ കേന്ദ്രീകരിച്ച് ചെക്ഡാം പദ്ധതി ആവിഷ്ക്കരിക്കുക.

6. M. V. J. P. കനാലിൽ ചായേലിത്താഴത്തു നിന്ന് സബ് ചാനൽ വെട്ടി പുത്തൻചിറ വരെ വെള്ളമെത്തിക്കുക.

## വാർഡ് III

1. ആറ്റുവേലി കുഴിഭാഗത്തും ഉന്നേക്കാട് ഭാഗത്തും തോടിന് C ക്രോസ്ബാർ നിർമ്മിച്ച് ജലം നിയന്ത്രിക്കുക.

2. M. V. J. P. കനാലിൽ മഞ്ഞപ്പിള്ളിക്കാട്ടിൽനിന്ന് മനക്കത്താഴം വരെയും അവിടെനിന്ന് മടത്തിക്കുടി ഭാഗത്തേക്കും വെള്ളമെത്തിക്കുക.

3. മേമ്മുറി, മാരിത്താഴത്തുവരെ നിർമ്മിക്കുന്ന കനാൽ, പാറക്കത്താഴം വഴി ആറ്റുവേലിക്കുഴി വരെ എത്തിക്കുക.

4. ഊരമന No. III പമ്പിൽ പുതിയ മോട്ടോർ സ്ഥാപിക്കുക.

5. മെതിപാറ No. II ചാനലിൽനിന്നും തലമട്ടത്തിത്താഴം വഴി ലീമിംഗ് ചാനൽ നിർമ്മിച്ച് വട്ടംമുക്കുവരെ എത്തിക്കുക.

6. അമ്പലംപടി മുതൽ ആറ്റുവേലിത്താഴം വരെ കനാലിലെ ചോർച്ച മാറ്റുക.
7. കോട്ടപ്പുറം ആറ്റുവേലിക്കുഴി ചാനലിൽ അറ്റകുറ്റപ്പണി നടത്തി ചോർച്ച നിർത്തുക.

## വാർഡ് IV

1. വരണ്ടകം പാടം ബ്രാഞ്ച് കനാൽ ഇളയപ്പാടത്തേക്ക് നീട്ടി ഇളയപ്പാടത്ത് 2 CC ചാനൽ നിർമ്മിക്കുക.
2. വരണ്ടകം പാടത്ത് നെല്ലുൽപ്പാദക സമിതി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ 6 CC ചാനലുകൾ നിർമ്മിക്കുക.
3. മുതുകപ്പാടത്ത്, വെള്ളാത്തറ വഴി വട്ടം മുക്കിവേക്ക് CC ചാനൽ നിർമ്മിക്കുക. ഇത് പല്ലങ്ങാട്ടു ഭാഗത്തുനിന്ന് ആരംഭിക്കണം.
4. മുതുകപ്പാടം, വരണ്ടകം പാടം, ഇളയപ്പാടം ഇവിടങ്ങളിൽ ഓരോ കുളം തെരഞ്ഞെടുത്ത് താഴ്ത്തി ഭിത്തി കെട്ടി സംരക്ഷിക്കണം. മറ്റു കുളങ്ങൾ നികത്തി കൃഷിക്ക് യോഗ്യമാക്കാം.
5. കനാലുകളിൽ സ്പൗട്ടുകൾ നിർമ്മിക്കുക.
6. മുതുകപ്പാടം പുഞ്ചനിലങ്ങൾക്ക് ചാലിൽ നിന്നും സംരക്ഷണഭിത്തി പണിയുക.
7. തുരുത്തേൽത്താഴം, കിളിയൻ നിലം ഭാഗത്തുനിന്നുമുള്ള CC ചാനൽ, ആലുത്തുരുത്തി കുളം പുഞ്ച നിലങ്ങൾ വരെ നീട്ടണം.
8. മൂശാരിത്താഴത്തുനിന്നും ചക്രവേലിത്താഴം വഴി കൊട്ടാരത്തില്ലത്തിന് അടുത്തുവരെ CC ചാനൽ പണിയണം.
9. M. V. J. P. യുടെ കോട്ടപ്പുറം ഭാഗത്തുനിന്നും ഈ കനാൽ കൃഷിഭവന്റെ പിൻഭാഗം വരെ നീട്ടണം.

## വാർഡ് V

1. No. I സ്കീമിൽനിന്ന് ഉള്ളേലിക്കുന്ന് ഭാഗത്തേക്കുള്ള കനാൽ 150 മീറ്റർ കൂടി നീട്ടുക.
2. കനാലിൽ സ്പൗട്ടുകൾ നിർമ്മിക്കുക.
3. No. I പമ്പ് ഹൗസിൽനിന്ന് ഐക്കരാഴി പാടത്തേയ്ക്കുള്ള കനാൽ ബണ്ടിന്റെ അറ്റകുറ്റപ്പണി.
4. വള്ളിക്കുളം ഭാഗത്തുനിന്നും 500 മീറ്റർ താഴോട്ടും മുകളിലേക്കും തോടുതാഴ്ത്തി സംരക്ഷണഭിത്തി കെട്ടുക.
5. പാമ്പൂരിച്ചാലിന്റെ നിലങ്ങൾക്ക് സംരക്ഷണഭിത്തി കെട്ടുക.
6. ലിഫ്റ്റ് ഇറിഗേഷൻ അസ്സി. എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുക.
7. തച്ചിൽ കുളത്തിലെ വെള്ളം CC ചാനൽ വഴി അവത്തറത്തോട്ടിൽ വീഴിക്കുകയും അവിടെനിന്ന് പെരുന്തോട്ടിലേക്ക് വീഴിക്കുകയും ചെയ്യുക.

## വാർഡ് VI

1. കല്ലുച്ചിറ, കുഴപ്പിള്ളിച്ചിറ ഭാഗങ്ങളിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
2. മാമലശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് ഉയർത്തി ഒരു തട്ട് നിർമ്മിക്കുക.
3. കനാലിന്റെ വശങ്ങളും അടിത്തട്ടും കോൺക്രീറ്റ് ചെയ്യുക.
4. അമ്പലംപടിക്ക് സമീപമുള്ള പാത്തിയ്ക്ക് പകരം 'സൈഫൺവെൽ' നിർമ്മിക്കുക.
5. പുതിയ പാടത്തേയ്ക്കുള്ള കനാൽ നീട്ടുക.
6. പമ്പ് ഹൗസിലെ മോട്ടോർ മാറ്റി 150 HP ശക്തിയുള്ള 2 മോട്ടോറുകൾ സ്ഥാപിക്കുക.
7. പുക്കോട്ട് പുഞ്ചയിൽനിന്നും മാനാടി നിലത്തേയ്ക്കുള്ള തോട് കോൺക്രീറ്റ് ചെയ്യുക.
8. വെൺമേലിച്ചിറയിൽ ചെക്ഡാം നിർമ്മിക്കുക.
9. മുടക്കിൽതോടിന് സമീപമുള്ള കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം പൂർത്തീകരിക്കുക.

## വാർഡ് VII

1. കീഴുമുറി മൈനർ ഇറിഗേഷൻ കനാലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുകയും ശക്തി കൂടിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്യുക.
2. ഈ വാർഡിൽക്കൂടി ഒഴുകുന്ന തോട് കേന്ദ്രീകരിച്ച് വാട്ടർ ഷെഡ് സ്കീം നടപ്പാക്കുക.
3. അന്ത്യാലുങ്കൽ പടിയിൽ തോടിന് കുറുകെ ചിറ കെട്ടി ജലസേചനം മെച്ചപ്പെടുത്തുക.
4. കാർഷിക പുരോഗതിയ്ക്കായി ടില്ലർ മുതലായ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
5. പണി ആരംഭിച്ചിരിക്കുന്ന എം. വി. ഐ. പി. കനാൽ കൂടുതൽ പ്രയോജനപ്പെടുമെങ്കിൽ റീസർവെ നടത്തി പരിഷ്ക്കരിക്കണം.
6. കൃഷി ചെയ്യുവാൻ തരിശുഭൂമി നികത്തി അനധികൃതമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കണം.

## വാർഡ് VIII

1. അമ്പലംപടിയിൽ സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസിലെ മോട്ടോർ മാറ്റി വലിയ മോട്ടാർ വെക്കുക.
2. കാർത്തികപ്പാടം തോടിന് സംരക്ഷണ ഭിത്തി കെട്ടുക.
3. കുളങ്ങാട്ട് പാടത്ത് സ്ഥാപിച്ചിട്ടുള്ള പഞ്ചായത്ത് മോട്ടോറിൽനിന്നും വെള്ളം കൊണ്ടുപോകുന്നതിനുള്ള തോട് കോൺക്രീറ്റ് ചെയ്യുക.
4. വെൺമേലിച്ചിറയിലും വാളാടി ഭാഗത്തുകൂടി ഒഴുകുന്ന ചെറുതോട്ടിലും തടയണ കെട്ടുക.
5. കരിവാളത്ത് ചിറയും പള്ളിച്ചിറയും താഴ്ത്തി സംരക്ഷണഭിത്തി കെട്ടുക.
6. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായവും കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും വർദ്ധിപ്പിക്കുക.

## B ജലനിർഗ്ഗമന പദ്ധതികൾ

## വാർഡ് I

ശിവലിചാലിൽനിന്നും പുഴയിലേക്കുള്ള തോടിന് ആഴവും വീതിയും കൂട്ടുക. പ്രസ്തുത തോടിൽ ചീപ്പുകെട്ടി പുഴവെള്ളം കയറാതെ സൂക്ഷിക്കേണ്ടതാണ്.

## വാർഡ് II

ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിർദ്ദേശങ്ങൾ നിലവിലില്ല.

## വാർഡ് III

വള്ളൂർ പാടശേഖരം മുതൽ ആറ്റുവേലി കുഴി വരെ നിലവിലുള്ള തോട് താഴ്ത്തി ബണ്ടുകെട്ടി ജലനിർഗ്ഗമന സൗകര്യമുണ്ടാക്കുക. മുതുകപ്പാടത്തുള്ള ആർത്താഴം മുതൽ വലിയമറവത്ത് താഴം വരെയുള്ള ഭാഗത്തും തലവട്ടത്തിൽ താഴം ഭാഗത്തു ജലനിർഗ്ഗമന തോടുകൾ നിർമ്മിച്ച് വെള്ളം പുഞ്ചയിലേക്ക് ഒഴുക്കുക.

## വാർഡ് IV

മുതുകപ്പാടത്തുനിന്നും പുഴയിലേക്കുള്ള ജലനിർഗ്ഗമന തോട് (പെരുംതൊണ്ട്) ആഴം കൂട്ടിയും സൈഡ് ഭിത്തി കെട്ടിയും ജലനിർഗ്ഗമനം സുഗമമാക്കുക. പ്രസ്തുത നിർഗ്ഗമന തോട് ചാലുവരെ നീട്ടേണ്ടതാണ്. ഈ തോട്ടിൽ കാരിയാഴി നടയുടെ ഭാഗത്ത് ക്രോസ്ബാർ പണിതു വെള്ളപ്പൊക്കം തടയുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യണം. വരണ്ടകം പാടത്തുനിന്നും പുഴയിലേക്കുള്ള തോട് ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി സംരക്ഷിച്ച് എല നിർഗ്ഗമനം എളുപ്പമാക്കണം. മണ്ഡോളിത്താഴത്തു നിന്നും ജലനിർഗ്ഗമനച്ചാൽ താഴോട്ടു നിർമ്മിച്ച് ജലനിർഗ്ഗമനം സുഗമമാക്കണം.

## വാർഡ് V

പാമ്പൂരിച്ചാലിൽനിന്നും പുഴയിലേക്കുള്ള

തോട് വീതിയും ആഴവും കൂട്ടി ജലനിർഗ്ഗമനം സുഗമമാക്കണം.

കുന്നപ്പിളളിച്ചാലിൽനിന്നും തോടിന് വീതിയും ആഴവും കൂട്ടേണ്ടത്

പള്ളിത്താഴത്തുള്ള നിലങ്ങളിൽനിന്നുമുള്ള ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള തോടുകൾ നിർമ്മിക്കുക.

നാനാക്കുഴിപാടത്ത് നിന്നും റോഡിന് കുറുകെ കലുങ്ക് പണിത് വെള്ളക്കെട്ടിന് പരിഹാരമുണ്ടാക്കുക.

## വാർഡ് VI

1. മാമലശ്ശേരി പാടത്തുനിന്നും മുടക്കിൽ തോട്ടിലേക്കുള്ള ജലനിർഗ്ഗമനച്ചാൽ വീതിയും ആഴവും കൂട്ടി പുനഃരുദ്ധരിക്കുക.
2. മണലിത്തോട് മുളക്കാലിത്തോട് പൂങ്കോട്ടുപുഞ്ചയിൽ നിന്നും മാനാടി നിലത്തുനിന്നും പോകുന്ന തോട് ഇവ ജലനിർഗ്ഗമനത്തിന് ഉപയോഗ യോഗ്യമാക്കുക.
3. കോഴിച്ചാൽ പുഞ്ചയിൽനിന്നും ജലനിർഗ്ഗമനത്തോട് നിർമ്മിക്കുക.

## വാർഡ് VII

1. താഴ്ന്ന പാടങ്ങളുടെ ഓരം ചേർന്നുള്ള തോടുകളും അന്ത്യലുങ്കൽ പടിയിൽ നിന്നും പാമ്പൂരിച്ചാലിലേക്കുള്ള തോടും ആഴവും വീതിയും കൂട്ടി ജലനിർഗ്ഗമനത്തിന് സജ്ജമാക്കണം.
2. നെട്ടൂപ്പാടം പാടശേഖരത്തിൽനിന്നും കോഴിച്ചാലിലേക്കും അവിടെനിന്നും പുഴയിലേക്കുമുള്ള തോട് ജലനിർഗ്ഗമനത്തിന് സൗകര്യമുള്ളതാക്കണം. ഇറങ്ങടക്കുളം, വെള്ളാംകുളം, കൊടിയത്തുതാഴം കുളം, കഴുതക്കുളം, എടശ്ശേരിക്കുളം, കാണിയാടൻ കുളം ഇവ ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും ഉതകത്തക്കവിധത്തിൽ പുതുക്കി സാരക്ഷിക്കേണ്ടതാണ്.

## വാർഡ് VIII

പുന്നച്ചാൽകുഴി പുഞ്ചയിൽനിന്നും ഐൻ തോട് താഴ്ത്തി ജലനിർഗ്ഗമന സൗകര്യം ചെയ്യുക.

നെടുംകോൾ പാടശേഖരത്തിൽനിന്നും പുന്നച്ചാൽകുഴി പുഞ്ചയിൽനിന്നും മേൽപ്രകാരം തോടുകൾ നിർമ്മിക്കേണ്ടതാണ്.

പതപ്പച്ചാലിന് ആഴം കൂട്ടി സംരക്ഷണഭിത്തി കെട്ടേണ്ടതാണ്.

ഗ്രാമപഞ്ചായത്തുതലത്തിൽ അവതരിപ്പിച്ച എല്ലാ പദ്ധതികളും ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞെന്നു വരികയില്ല. എല്ലാ വാർഡുകളോടും തുല്യനീതി പുലർത്തിക്കൊണ്ടുള്ള സമീപനമാണ് ആവശ്യം. ആവശ്യങ്ങൾ അനവധിയാണ്. നടപ്പാക്കാൻ വേണ്ട വിഭവശേഷി പരിമിതവുമാണ്. എല്ലാ ആവശ്യങ്ങളും ഒരുമിച്ചു നിറവേറ്റുകയാണെങ്കിൽ ഭാവിയിൽ നമുക്ക് പഞ്ചവത്സര പദ്ധതികളും ആസൂത്രണവും വേണ്ടി വരികയില്ല. ❒

## 2. മൃഗസംരക്ഷണം

നമ്മുടെ ദേശീയ സാമ്പത്തിക ഘടനയിൽ കന്നുകാലികൾക്ക്നിർണ്ണായകമായ പങ്കുണ്ടായിരുന്നു. മൊത്തം കാർഷിക ഉൽപ്പാദനത്തിൽ 8 മുതൽ 40 ശതമാനം വരെ ഈ മൃഗങ്ങളുടെ ഉപയോഗത്തിൽക്കൂടിയാണ് നാം നേടിയിരുന്നത്. നിലം ഉഴുവാനും ജലസേചനം നടത്തുവാനും എണ്ണ ആട്ടുവാനും കരിമ്പിൻ ചക്ക് പ്രവർത്തിപ്പിക്കുവാനും സർവ്വോപരി കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാനും മൃഗങ്ങളെ ഉപയോഗിച്ചുപോന്നു. കൃഷിഭൂമിയുടെ വിസ്തൃതി കുറയുകയും കാലിത്തീറ്റയ്ക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉൽപ്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗസംരക്ഷണമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. മൃഗസംരക്ഷണത്തിന്റെ ലക്ഷ്യം പാൽ, ഇറച്ചി, തുകൽ ഇവയുടെ ഉൽപ്പാദനമാണ്. ഇത് ലാഭകരമായി നടത്തുന്നതിന് സഹായിക്കുന്ന നടപ്പുപദ്ധതികൾ ഏറെയുണ്ട്. ഈ പദ്ധതികളും പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളും

പരസ്പര പൂരകങ്ങളാണ്.

## നടപ്പുപദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

*ലക്ഷ്യങ്ങൾ*

a) ഗുണമേന്മയുള്ള പശുക്കുട്ടികൾക്ക് മികച്ച പരിചരണം നൽകി, 30 മാസത്തിനുള്ളിൽ ആദ്യ പ്രസവം സാദ്ധ്യമാക്കുക.

b) ഗുണമേന്മയുള്ള കാലിത്തീറ്റ, പ്രതിരോധ കുത്തിവയ്പ്പ്, വിരമരുന്ന് ഇവയ്ക്ക് 50 ശതമാനം സബ്സിഡി ലഭ്യമാണ്.

c) സബ്സിഡിയോടു കൂടി ഒരു വർഷത്തെ കാലിത്തീറ്റ ലഭ്യമാണ്.

ഗുണഭോക്താക്കൾ ക്ഷീര സഹകരണ സംഘത്തിൽ അംഗമായിരിക്കുന്നത് അഭികാമ്യം. ഗുണഭോക്താവിന്റെ പ്രതിമാസ വരുമാനം 900 രൂപയിൽ അധികരിക്കരുത്. 10 ശതമാനം പട്ടികജാതി പട്ടികവർഗ്ഗത്തിനും 30 ശതമാനം വനിതകൾക്കും സംവരണം ലഭിക്കും. 500 ലക്ഷം രൂപ 96-97 ലേക്ക് വകകൊള്ളിച്ചിരിക്കുന്ന ഈ പദ്ധതി പഞ്ചായത്തിൽ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടികളെടുക്കണം.

2. കാലിവസന്ത നിർമാജനപദ്ധതി

രോഗപ്രതിരോധത്തിനുള്ള കുത്തിവയ്പ്പു സൗജന്യമാണ്. വരുമാനപരിധിയില്ല.

എറണാകുളം ജില്ല ഈ പദ്ധതിയിൽ വരുന്നില്ല. ഈ ജില്ലകൂടി ഉൾപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് നടപടി എടുക്കണം.

3. ഊർജിത പന്നിവളർത്തൽ വികസന പരിപാടി

a) 5 പെൺപന്നികളും ഒരു ആൺപന്നിയും ഉൾപ്പെട്ടതാണ് ഒരു യൂണിറ്റ്. പരമാവധി 1,200 രൂപ സബ്സിഡി ലഭിക്കും. പന്നിക്കൂട് നിർമ്മാണത്തിന് 7,000 രൂപയിൽ അധികരിക്കാത്ത സബ്സിഡിയും ലഭ്യമാണ്.

ഈ പഞ്ചായത്തിൽ ഇപ്രകാരമുള്ള പത്ത് യൂണിറ്റെങ്കിലും ഓരോ വർഷവും ആരംഭിക്കണം. ഗ്രാമപഞ്ചായത്ത് തലത്തിലാണ് ഇത് പ്രാവർത്തികമാക്കേണ്ടത്.

4. വിജ്ഞാന വ്യാപനവും പരിശീലനവും

മൃഗസംരക്ഷണ വകുപ്പ് ഏതാനും പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും കൃഷിക്കാർക്കും ഇവിടെ ട്രെയിനിംഗ് ലഭിക്കും. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകരമാണ് ഈ പരിശീലനം. നമ്മുടെ പഞ്ചായത്തിൽനിന്നു പത്തുപേരെയെങ്കിലും പരിശീലനത്തിന് നിയോഗിക്കേണ്ടതാണ്.

5. മുയൽ വളർത്തൽ

50 ശതമാനം കേന്ദ്രസഹായത്തോടെ നടത്തുന്ന ഈ പദ്ധതിയിൻ കീഴിൽ 20 കുടുംബങ്ങളെയെങ്കിലും ഉൾപ്പെടുത്തണം. ന്യായമായ വിലയ്ക്ക് മുയൽക്കുഞ്ഞുങ്ങളെ ലഭിക്കും. സൗജന്യമായ ചികിത്സ ലഭിക്കും. പഞ്ചായത്ത് മൃഗാശുപത്രി വഴി പദ്ധതിയിൽ പങ്കാളിയാകാം.

6. വീട്ടുവളപ്പിലെ കോഴിവളർത്തൽ

60 ദിവസം പ്രായമുള്ള അഞ്ച് പിടക്കോഴികൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഓരോ കോഴിക്കും 15 രൂപ സബ്സിഡി ലഭിക്കും. കോഴിക്കുഞ്ഞുങ്ങളെ വീട്ടുപടിക്കൽ എത്തിച്ചുതരും. ഒരു ജില്ലയിൽ രണ്ട് ബ്ലോക്കുകൾ മാത്രമെ പദ്ധതിയിൽ വരികയുള്ളു.

ഈ പഞ്ചായത്തിൽനിന്ന് 500 ഗുണഭോക്താക്കളെ കണ്ടുപിടിച്ച് പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടതാണ്.

7. പേവിഷബാധ നിർമ്മാർജ്ജന പദ്ധതി

1996-97 ലേക്ക് 400 ലക്ഷം രൂപ പദ്ധതി വിഹിതമായി മാറ്റി വെച്ചിട്ടുണ്ട്. പകുതി വിലയ്ക്ക് വാക്സിൻ ലഭ്യമാക്കും. അലഞ്ഞു

നടക്കുന്ന പട്ടികളെ നശിക്കുകയും, ലൈസൻസ് ഉള്ള നായ്ക്കളെ മാത്രം സുക്ഷിക്കുകയും ചെയ്യുക എന്നതാണ്. പദ്ധതി വിഭാവനം ചെയ്യുന്നത്.

ഗ്രാമസഭകളിൽ പ്രകടമായ ഒരു ആവശ്യം എന്ന നിലയിൽ **ഇത് പ്രാധാന്യം അർഹിക്കുന്നു.**

8. പുൽകൃഷി വികസനം

അമ്പതുശതമാനം സബ്സിഡിയോടുകൂടി നടത്താവുന്ന ഒരു നടപ്പുപദ്ധതിയാണിത്.

### നടപ്പുപദ്ധതികളിലെ ന്യൂനതകൾ

1960 കളുടെ മദ്ധ്യത്തിൽ കേരളത്തിലെ പാലുൽപ്പാദനം ഉദ്ദേശം 2 ലക്ഷം ടൺ ആയിരുന്നു. ഇപ്പോൾ ഉൽപ്പാദനം 12 ലക്ഷത്തിൽ എത്തിയിട്ടുണ്ട്. രണ്ടുമൂന്ന് വർഷത്തിനകം ഈ രംഗത്ത് ഒരു കുതിച്ചുകയറ്റത്തിനുള്ള പദ്ധതി ആസൂത്രണം ചെയ്യുകയാണ്. നാടൻ പശുക്കളിൽനിന്നുള്ള ഉൽപ്പാദനം 30 ശതമാനം മാത്രം കൂടിയപ്പോൾ 80 ശതമാനത്തിന്റെ വർദ്ധനവാണ് സങ്കര ഇനങ്ങളിൽനിന്നു ലഭിച്ചത്.

എന്നാൽ അസൂയാവഹമായ ഈ നേട്ടത്തിൽ സമൂഹത്തിലെ താഴെക്കിടയിലുള്ളവരെ ഭാഗഭാക്കാക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്നത് ഒരു ദുഃഖകരമായ സത്യമാണ്. ചില നടപ്പുപദ്ധതികൾ പ്രയോജനപ്പെടുത്തണമെങ്കിൽ മാസവരുമാനം 900 രൂപയിൽ അധികരിക്കരുത് എന്നും ചില പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിൽ അശാസ്ത്രീയ മാനദണ്ഡം ഉന്നതതലത്തിൽ അംഗീകരിക്കുന്നു എന്നതും അശാസ്ത്രീയമാണ്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം.

വീട്ടുവളപ്പിലെ കോഴികൃഷി ബഹുജനശ്രദ്ധയാകർഷിച്ച ഒരു പരിപാടിയാണ്. എന്നാൽ ഈ പദ്ധതിപ്രകാരം വാങ്ങുന്ന കോഴികളിൽ 75 ശതമാനവും ആറുമാസത്തിനുള്ളിൽ രോഗബാധിതരായി ചത്തൊടുങ്ങുകയാണ്. രോഗപ്രതിരോധ നടപടി എങ്ങനെ കൂടുതൽ ഫലവത്താക്കാമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണം.

ഗ്രാമസഭാതലത്തിൽ നിർദ്ദേശിക്കപ്പെട്ട ആവശ്യങ്ങളെ താഴെക്കാണുന്നവിധം ക്രോഡീകരിക്കാം.

### വാർഡ് I

1. 75 ശതമാനം വീടുകളിലും കന്നുകാലികളുണ്ട്.
2. 50 ശതമാനം പശുക്കളും അത്യുൽപ്പാദനശേഷിയുള്ളതാണ്.
3. വാർഡിൽ ക്ഷീരസംഭരണ സംഘമുണ്ട്. ന്യായമായ വില കിട്ടുന്നില്ല.
4. 80 ശതമാനം ആളുകളും കാലിത്തീറ്റ വിലയ്ക്കു വാങ്ങുന്നവരാണ്.
5. കറവപ്പശുക്കളെ വളർത്തി പാൽ വിൽക്കുന്നത് ലാഭകരമായ തൊഴിലല്ല.
6. സ്ഥലത്തുള്ള മൃഗാശുപത്രിക്ക് സ്വന്തമായ സ്ഥലമുണ്ട്; കെട്ടിടമില്ല. കെട്ടിടം അടിയന്തിരമായി നിർമ്മിക്കണം.

### വാർഡ് II

1. ഒന്നാം വാർഡിലെ 1 മുതൽ 5 വരെയുള്ള പ്രശ്നങ്ങൾ ഈ വാർഡിനും ബാധകമാണ്.
2. ചികിത്സാ സൗകര്യം കുറവാണ്. അകിടുവീക്കം, പുഴുക്കടി, വയറിളക്കം, പനി എന്നീ രോഗങ്ങൾ കന്നുകാലി വളർത്തുന്നവരെ അലട്ടുന്ന പ്രശ്നങ്ങളാണ്.
3. പേപ്പട്ടി വിഷബാധ തടയുന്നതിന് ഫലവത്തായ നടപടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്ക്കരിക്കണം.

### വാർഡ് III

1. രണ്ടാം വാർഡിലെ പോരായ്മകൾ എല്ലാം ഇവിടെയും ഉണ്ട്.
2. ഈ വാർഡിലെ ഊരമന ഉന്നേക്കാട് ഭാഗത്ത് ഒരു I.C.D.P. സെന്റർ ആരംഭിക്കണം.

## വാർഡ് IV

1. സങ്കരയിനം പശുക്കൾ 40 ശതമാനം ഉണ്ട്.
2. 50 ശതമാനം ആളുകൾ കാലിത്തീറ്റ വാങ്ങുന്നു.
3. ഏഴു സ്ഥലങ്ങളിൽ തീറ്റപ്പുല്ല് കൃഷി യുണ്ട്.
4. ഇതര പ്രശ്നങ്ങൾ പൊതുസ്വഭാവമുള്ള താണ്.

## വാർഡ് V

മുൻ വാർഡുകളിലുള്ളതുപോലെ പൊതുസ്വഭാവമുള്ള എല്ലാ പ്രശ്നങ്ങളും

## വാർഡ് VI

ഇതര വാർഡുകളിലെ പൊതുപ്രശ്നങ്ങൾ തന്നെ.

## വാർഡ് VII

കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കണം. മറ്റു പ്രശ്നങ്ങളെല്ലാം പൊതുസ്വഭാവമുള്ളതാണ്.

## വാർഡ് VIII

1. പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കണമെന്നതുൾപ്പടെ എല്ലാ പൊതുപ്രശ്നങ്ങളും.
2. മാമലശ്ശേരിയിൽ ഒരു I.C.D.P. സബ് സെന്റർ സ്ഥാപിക്കണം.

മൃഗസംരക്ഷണ രംഗത്തെ സമഗ്രമായ അഭിവൃദ്ധിയെ ലാക്കാക്കിയുള്ളതാണ് നടപ്പു പദ്ധതികൾ. ഇവയുടെ പ്രയോജനം എല്ലാവർക്കും ലഭിക്കത്തക്കവിധം പദ്ധതികൾ ആസൂത്രണം ചെയ്യണം. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമായ വ്യവസായമായി പാൽ ഉൽപ്പാദനം നടത്തുന്നതിനും പദ്ധതിയിൽ ഊന്നൽ കൊടുക്കണം. മൂന്നു പശുക്കളെ വളർത്തുന്ന **'മിനി ഡയറി ഫാം'** നടപ്പുപദ്ധതിയിൽ ഉണ്ട്. സബ്സിഡി ലഭ്യമാണ്. ഓരോ വാർഡിലും വർഷം തോറും അഞ്ച് യൂണിറ്റുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് പ്രൊജക്ട് റിപ്പോർട്ടിൽ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിക്കണം.

### വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | പശു | പോത്ത്/എരുമ | ആട് | പന്നി |
|---|---|---|---|---|
| I | 328 | 4 | 228 | 30 |
| II | 329 | 7 | 477 | 56 |
| III | 424 | 16 | 291 | 23 |
| IV | 318 | 14 | 267 | 15 |
| V | 271 | 6 | 228 | 8 |
| VI | 264 | 5 | 234 | 52 |
| VII | 289 | 7 | 174 | 13 |
| VIII | 286 | 7 | 233 | 57 |
| **ആകെ** | **2509** | **66** | **2132** | **254** |

## വളർത്തുപക്ഷി

| വാർഡ് | പൂവൻകോഴി | പിടക്കോഴി | താറാവ് |
|---|---|---|---|
| I | 258 | 1290 | 50 |
| II | 364 | 1820 | 10 |
| III | 296 | 1480 | 504 |
| IV | 257 | 1285 | 2048 |
| V | 250 | 1250 | 312 |
| VI | 197 | 985 | 28 |
| VII | 221 | 1105 | 162 |
| VIII | 266 | 1330 | 66 |
| **ആകെ** | **2109** | **10545** | **3180** |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിൽ രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|
| പശു | 1158 | 107 |
| കിടാരി | 381 | 37 |
| എരുമ | 15 | 2 |

## മത്സ്യമേഖല

മീൻപിടുത്തം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ആറ്റിലെ ഉയർന്ന ജലവിതാനവും നികന്നുവരുന്ന കുളങ്ങളും ചാലുകളും ഈ തൊഴിൽ ചെയ്യുന്നവർക്ക് ഒരു ഭീഷണിയാണ്. ഈ പഞ്ചായത്തിലെ 5 ശതമാനം കുടുംബങ്ങൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ പരിമിതമായ തോതിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. ചൂണ്ട, വിവിധയിനം വലകൾ, കെണികൾ ഇവയാണ് ഇവർ ഉപയോഗിക്കുന്നത്. നാടൻ മത്സ്യങ്ങളുടെ ലഭ്യത നമ്മുടെ ജലാശയങ്ങളിൽ 10 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇടവപ്പാതി കാലത്താണ് നാടൻ മത്സ്യങ്ങൾ മുട്ടയിട്ടു പെരുകുന്നത്. ഈ കാലത്ത് മത്സ്യബന്ധനം പാടശേഖരങ്ങളിലും ചാലിലും സുഗമമാണ്. എന്നാൽ വംശവർദ്ധനവിനെ ഇത് കാര്യമായി ബാധിക്കുന്നു.

### നടപ്പുപദ്ധതികൾ

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് 59 നടപ്പുപദ്ധതികൾ നിലവിലുണ്ട്. എന്നാൽ ഇതിൽ രണ്ട് പദ്ധതികൾ മാത്രം, മത്സ്യബന്ധന മേഖലയിൽ പെടാത്ത നമുക്ക് ഉപകാര പ്രദമായിരിക്കും.

**1. സാമൂഹ്യ മത്സ്യകൃഷി**

1996-97 ലേക്ക് 45 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതി ഉൾനാടൻ മത്സ്യവികസനം സംബന്ധിച്ചാണ്. മത്സ്യക്കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**2. മത്സ്യ കർഷക വികസന സമിതി**

ഉൾനാടൻ മത്സ്യമേഖലയുടെ വികസനമാണ് ലക്ഷ്യം

1. ചാൽ നിലങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് ഹെക്ടർ ഒന്നിന് 4,000 രൂപ സബ്സിഡി.
2. കുളങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 10,000 രൂപ ബാങ്കുവായ്പയും 25 ശതമാനം സബ്സിഡിയും.
3. സംരംഭകർക്ക് പ്രതിദിനം 25 രൂപ അലവൻസോടുകൂടി 15 ദിവസത്തെ പരിശീലനം.
4. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതിക സഹായവും ലഭ്യമാണ്.

അറുപത് ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിയുടെ ആനുകൂല്യത്തിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു F.F.D.A ഓഫീസുമായി ബന്ധപ്പെടണം.

### പഞ്ചായത്ത് തലപദ്ധതികൾ

പത്തുസെന്റിൽ കൂടുതലുള്ള കുളങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാം. വിസ്തൃതമായ പുറമ്പോക്കുചാലുകൾ പഞ്ചായത്തിന്റെ പല വാർഡുകളിലുമുണ്ട്. ഒരുകാലത്ത് ഇവയിൽ സമൃദ്ധമായി നാടൻ മത്സ്യങ്ങൾ വളർന്നിരുന്നു. കീടനാശിനി കലർന്ന വെള്ളം വയലുകളിൽനിന്ന് ചാലുകളിലേക്ക് ഒഴുകിത്തുടങ്ങിയതോടെ, നാടൻ മത്സ്യങ്ങളുടെ എണ്ണം 25-30 ശതമാനമായി ചുരുങ്ങി.

ആറുമാസം കൊണ്ട് വളർച്ചയെത്തുന്ന മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഇവിടെ മത്സ്യകൃഷി നടത്തുവാൻ സാധിക്കും. ആറ്റുവെള്ളം കയറുന്നതുകൊണ്ട് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങൾ ഈ പഞ്ചായത്തിലെ ഒരു ചാലിലും മത്സ്യകൃഷി അത്ര പ്രായോഗികമല്ല. എന്നാൽത്തന്നെയും ചാൽ നിലങ്ങളും വിസ്തൃതമായ കുളങ്ങളും താഴ്ത്തി ഭിത്തികെട്ടി, മത്സ്യകൃഷിക്ക് ലേലം ചെയ്തു കൊടുക്കാവുന്നതാണ്.

രാമമംഗലം നാലാം വാർഡിലെ ചാൽ നിലങ്ങൾ അനധികൃതമായി പ്രവേശിച്ച് കൃഷി ചെയ്തിട്ടുണ്ട്. ഈ ചാലുകളുടെ സംരക്ഷണഭിത്തി കെട്ടി മത്സ്യകൃഷി പരീക്ഷിക്കേണ്ടതാണ്. ഊരമന, കിഴുമുറി, മാമലശ്ശേരി ഈ സ്ഥലങ്ങളിലും ആദായകരമായി മത്സ്യകൃഷി ചെയ്യുന്നതിന് പുറമ്പോക്ക് സ്ഥല

ങ്ങൾ ലഭ്യമാക്കിയാൽ അത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും. ഇക്കാരണങ്ങളാൽ ജലസേചനം എന്ന ഘട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള കുളങ്ങളുടെയും ചാലുകളുടെയും തോടുകളുടെയും സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം. ❐

## 3. വ്യവസായം

വ്യവസായം ഏതൊരു രാജ്യത്തിന്റേയും സാമ്പത്തികനിലയെ ബാധിക്കുന്ന ഒരു ഘടകമാണ്. വ്യവസായ വിപ്ലവത്തിനുശേഷം യൂറോപ്പിലെങ്ങും മുഴങ്ങിക്കേട്ട മുദ്രാവാക്യമായിരുന്നു **'വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക'** എന്നത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷമുള്ള ആദ്യദശകങ്ങളിൽ നമ്മളും ആ മുദ്രാവാക്യം മുറുകെ പിടിക്കുകയും പൊതു ഉടമസ്ഥതയിലുള്ള വൻകിട വ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്തു. ഗാന്ധിജി വിഭാവനം ചെയ്ത ചെറുകിട വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമ്പദ് വ്യവസ്ഥയുടെ സാദ്ധ്യത തികച്ചും അവഗണിക്കപ്പെട്ടു. പൊതുമേഖലയിലുള്ള വൻകിട വ്യവസായങ്ങളിൽ പലതും കുറഞ്ഞ ഉത്പാദനക്ഷമത നിമിത്തം വൻ നഷ്ടത്തിലേക്ക് കുതിച്ചതോടെ **'വ്യവസായവൽക്കരിക്കുക, അല്ലെങ്കിൽ നശിക്കുക'** എന്ന മുദ്രാവാക്യം **'വ്യവസായവൽക്കരിക്കുക, നശിക്കുക'** എന്ന് മാറ്റി പറയേണ്ടി വരുമോ എന്നുവരെ സംശയം ഉണ്ടായി. പരിസ്ഥിതിയ്ക്കും ജനജീവിതത്തിനും കോട്ടം തട്ടാത്തതും ഓരോ രാജ്യത്തിന്റേയും സാമ്പത്തികനിലയ്ക്ക് അനുയോജ്യമായതുമായ വ്യവസായങ്ങൾക്കായിരിക്കണം പ്രാധാന്യം എന്ന അഭിപ്രായത്തിന് പിന്തുണ ഏറിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ വൻ വ്യവസായശാലകളൊന്നും പ്രവർത്തിക്കുന്നില്ല. ചെറുകിട വ്യവസായശാലകളുടെ സാധ്യതയാണ് ഇവിടെ പ്രധാനമായും പരിശോധിക്കേണ്ടത്. പരമ്പരാഗതവും അല്ലാത്തതുമായ ഒട്ടേറെ രംഗങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ പലതും അതത് പ്രദേശത്തിന്റെ പ്രത്യേകതകളും അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും കണക്കിലെടുത്തുകൊണ്ടാണ് എന്നതാണ് അഭിനന്ദനാർഹമായ വസ്തുത.

ഒന്നാം വാർഡിൽ **കളിമൺ വ്യവസായത്തിന്** അനുയോജ്യമായ പ്രദേശങ്ങളുണ്ട്. പരമ്പരാഗതമായി കുടവും കലവും മറ്റ് പാത്രങ്ങളും ഉണ്ടാക്കുന്നതിനുപരി സിറാമിക് ടൈൽസും മറ്റ് ഉണ്ടാക്കുവാനുള്ള സാങ്കേതിക ജ്ഞാനവും പരിശീലനവും നൽകുക എന്നതാണ്. കുട്ട, മുറം, പനമ്പ് നെയ്ത്ത് വ്യവസായത്തിന് സാധ്യതകളുമുണ്ട്.

സ്ത്രീകളെ സഹായിക്കുന്നതിനായി റെഡിമെയ്ഡ് വ്യവസായവും അച്ചാറുകളും മധുര പലഹാരങ്ങളും നിർമ്മിക്കുന്ന വ്യവസായവും പ്രോത്സാഹിപ്പിക്കാവുന്നതാണ്. തയ്യൽ പരിശീലനം നേടിയ അനേകം സ്ത്രീകൾ സാമ്പത്തിക പരാധീനതകൾ മൂലം തയ്യൽ മിഷീൻ വാങ്ങുവാൻ സാധിക്കാത്തവരായിട്ടുണ്ട്. അവർക്ക് സാമ്പത്തിക സഹായം നല്കുവാൻ ശ്രമിക്കാവുന്നതാണ്.

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും റബർകൃഷി ഉള്ളതുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു വ്യവസായ സ്ഥാപനം ഈ രംഗത്ത് തുടങ്ങാവുന്നതാണ്. തേനീച്ച വളർത്തൽ 2-ാം വാർഡിലും 3-ാം വാർഡിലും ആരംഭിക്കുവാൻ പറ്റിയ സാഹചര്യമുണ്ട്. ക്ഷീരോൽപ്പാദകസംഘം സംഭരിക്കുന്ന പാൽ പായ്ക്കറ്റിലാക്കി പ്രാദേശികമായി വിതരണം ചെയ്യണം.

ആശാരിപ്പണി, കൊല്ലപ്പണി, തയ്യൽ എന്നിവ പഠിപ്പിക്കുവാനായിട്ട് ഒരു തൊഴിൽശാല തുടങ്ങണം. ബ്ലോക്ക് തലത്തിൽ നടക്കുന്ന ട്രൈസം പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിലാക്കുക. Central Board for Workers Education നുമായി ബന്ധപ്പെട്ട് റൂറൽ ക്യാമ്പ് സംഘടിപ്പിക്കുക.

താഴെ പറയുന്ന വ്യവസായങ്ങളുടെ

സാധ്യത പരിശോധിച്ച് അനുയോജ്യമായവ ആരംഭിക്കണം.

1. ഖാദി യൂണിറ്റ് - കീഴുമുറി ഹരിജൻ കോളനിയിൽ
2. തീപ്പെട്ടിക്കമ്പനി
3. ഓട്ടുകമ്പനി
4. മെഴുകുതിരി നിർമ്മാണം
5. ബട്ടനുകൾ ഉണ്ടാക്കുന്ന സ്ഥാപനം
6. കോഴിവളർത്തൽ, പന്നിവളർത്തൽ
7. ഇരുമ്പ്, കാർഷിക ഉപകരണങ്ങളുടെ നിർമ്മാണം
8. സിമന്റ് ഇഷ്ടിക നിർമ്മാണം തുടങ്ങിയവ അഞ്ചാം വാർഡിലും മറ്റു വാർഡുകളിലും തുടങ്ങണം
9. 8-ാം വാർഡിൽ DWCRA യുടെ ഒരു യൂണിറ്റ് സ്ഥാപിക്കണം □

## 4. ഊർജ്ജം ഗതാഗതം മാർക്കറ്റ്

### ഊർജ്ജം

നാടിന്റെ സമഗ്രവികസനത്തിന് അത്യാവശ്യമായ കാര്യമാണ് ഊർജ്ജം. പരമ്പരാഗതമായി നാം ആഹാരം പാകം ചെയ്യുന്നതിന് വിറക് കത്തിച്ച് ഊർജ്ജം ഉണ്ടാക്കുന്നു. വെളിച്ചം കാണുന്നതിന് മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്നു. കാലം മാറിയതോടെ വൈദ്യുതി സർവ്വസാധാരണമായി. നാം കേരളത്തിൽ ജലവൈദ്യുത പദ്ധതികളെയാണ് പ്രധാനമായും ആശ്രയിച്ചുവരുന്നത്. ഇടുക്കി പദ്ധതി 1976 ൽ കമ്മീഷൻ ചെയ്തതോടെ നാം വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായിരുന്നു. തുടർന്ന് ഉപഭോഗം വർദ്ധിക്കുകയും ഉല്പാദനരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ പറ്റാതെ വരികയും ചെയ്തതുകൊണ്ട് നാം വൈദ്യുതി പ്രതിസന്ധിയെ നേരിടുന്നു. കേരളത്തിന്റെ പ്രഥമ സംരംഭമായ 100 മെഗാവാട്ട് താപ വൈദ്യുതനിലയം ബ്രഹ്മപുരത്ത് ഉയർന്നു വരുന്നു. ഇതൊക്കെയായാലും നാം എന്നും വൈദ്യുത പ്രതിസന്ധിയിലായിരിക്കും. ഈ സാഹചര്യം തരണം ചെയ്യുന്നതിന് **സൗരോർജ്ജം** പോലുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ചൂഷണം ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 1950 കളിൽ വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ട്. ചില പ്രദേശങ്ങളൊഴിച്ചാൽ മിക്കവാറും എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത 908 വീടുകളാണുള്ളത്. ഇന്ന് നാം ഗാർഹികാവശ്യത്തിന് ഗോബർഗ്യാസ് പ്ലാന്റ്, പാചക വാതകം മുതലായവ ഊർജ്ജമായി ഉപയോഗിക്കുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് ഊർജ്ജോപഭോഗവും വർദ്ധിക്കുന്നു. വ്യവസായ വളർച്ചയ്ക്കും ഗാർഹികോപകരണങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും അടിസ്ഥാന ഊർജ്ജം വേണ്ടത്ര ലഭ്യമായാൽ വിദ്യാഭ്യാസം, വ്യവസായം, സംസ്ക്കാരം മുതലായ തുറകളിൽ നമ്മുടെ നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും.

*സാധ്യതകൾ : വാർഡ് I*

1. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമാ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
2. ഈ വാർഡിന്റെ കോലഞ്ചേരി സെക്ഷന്റെ കീഴിലുള്ള ഭാഗം പാമ്പാക്കുട എ. ഇ. യുടെ കീഴിലാക്കി രാമമംഗലത്ത് ഒരു പുതിയ സെഷൻ ഓഫീസ് അനുവദിക്കുക.
3. വഴിവിളക്കുകൾ വൈദ്യുതലൈൻ കടന്നുപോകുന്ന എല്ലാ റോഡുകളിലും സ്ഥാപിക്കണം.
4. എൽ. പി. ഗ്യാസ് എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

*വാർഡ് II*

1. പാത്തിക്കൽ ഡാമിന്റെ സംഭരണശേഷി

വർദ്ധിപ്പിച്ച് വൈദ്യുതോൽപ്പാദനം നടത്തിയാൽ വർഷത്തിൽആറുമാസത്തേക്ക് ഈ പ്രദേശത്ത് വിതരണം നടത്തുന്നതിന് ഊർജ്ജം ലഭിക്കും. ഈ സ്കീം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം.

2. കൊടികുത്തി മലയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. വൈദ്യുതി എത്തിച്ചേരാത്ത ഇടമല, ചിറക്കുഴിത്താഴം, കൊടികുത്തി, തണ്ടുംപുറം, കാക്കേത്തുമല, വെള്ളാരംപാറ, കൊള്ളിക്കാട്ടിൽ, ചാത്തംപ്ലാക്കിൽ എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
3. മഞ്ഞപ്പിള്ളിക്കാട് കേന്ദ്രമാക്കി കറന്റ് ചാർജ്ജ് കളക്ഷൻ കേന്ദ്രം സ്ഥാപിക്കണം.
4. സാൽവേഷൻ ആർമി, പാത്തിക്കൽ-മരിട്ടിത്തല, അമ്മേലിക്കൽ-കരിമ്പനാത്തടം, ഊരമന-ആറ്റുവേലിക്കുഴി-വിലങ്ങുപാറ എന്നീ റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.
5. നിലവിലുള്ള തെരുവുവിളക്കുകൾ എന്നും കത്തിക്കുക. ലക്ഷം വീട്, പറമ്പക്കാട്, മഞ്ഞപ്പിള്ളിക്കാട്, കൊടികുത്തി, മരട്ടിത്തല എന്നിവിടങ്ങളിൽ ഓരോ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.
6. ഒടിഞ്ഞുനില്ക്കുന്ന പോസ്റ്റുകൾ മാറ്റി ലൈൻ വലിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുക.

*വാർഡ് III*

**താഴെ പറയുന്ന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.**

1. കോട്ടപ്പുറം പൊട്ടേനിക്കാട് റോഡ്.
2. തവളയടി-മഞ്ഞപ്പിള്ളിക്കാട് റോഡ്..
3. ആറ്റുവേലിക്കുഴി-അറയ്ക്കാകുളങ്ങര റോഡ്
4. ഉന്നേക്കാട്-പാത്തിക്കൽ-മരോട്ടിത്തല റോഡ്.
5. ആറ്റുവേലിക്കുഴി--അമ്പലംപടി-പാത്തിക്കൽ റോഡ്.
6. ഉന്നേക്കാട്-പിറമാടം റോഡ്.
7. ആറ്റുവേലിക്കുഴി-മെതിപാറടാങ്ക്-കോട്ടപ്പുറം റോഡ്.
8. മെതിപാറ-വിരിപ്പുമല റോഡ്.
9. മെതിപാറ-തോട്ടാനി റോഡ്.
10. കമ്പനിപ്പടി-മൂട്ടമല റോഡ്.
11. കോട്ടപ്പുറം-നടുക്കര റോഡ്., കൂടാതെ
    a) നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ നിത്യേന കത്തിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.
    b) ആറ്റുവേലിക്കുഴി ഭാഗത്തുനിന്നും ഊരമന അമ്പലംപടി ഭാഗത്തേക്ക് പകുതിയോളം പണിചെയ്തിരിക്കുന്ന 11 Kv ലൈൻ പണി പൂർത്തീകരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
    c) ആറ്റുവേലിക്കുഴി, ഊരമന അമ്പലംപടി, ഉന്നേക്കാട്, കോട്ടപ്പുറം തുടങ്ങിയ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
    d) സമയബന്ധിതമായി എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.

*വാർഡ് IV*

1. കോരങ്കടവ് ഭാഗത്തും ഹൈസ്ക്കൂളിന്റെ തെക്കുവശത്തും വോൾട്ടേജ് മെച്ചപ്പെടുത്തണം.
2. ചെറുമുള്ളിത്താഴത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് നിലവാരം മെച്ചപ്പെടുത്തണം.
3. എല്ലാ പ്രധാന സ്ഥലങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക. പ്രത്യേകിച്ച് കോരങ്കടവ് ഭാഗത്ത് - നിലവിലുള്ള തെരുവുവിളക്കുകൾ കൃത്യമായി കത്തിക്കുക-
4. പഞ്ചായത്തുകവല, വെള്ളാത്ര, കണ്ടൻകാവ് വളവ്, കുഴിപ്പിള്ളിക്കാവ് കവല,

അപ്പാട്ടുകടവ്, കോരൻ കടവ് എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

*വാർഡ് V*

1. വാർഡിന്റെ വിവിധ ഭാഗങ്ങളിൽ വഴിവിളക്കുകൾ ഉപയോഗപ്രദമാക്കുക.
2. രാമമംഗലം ഫീഡർ പുനഃസ്ഥാപിക്കുക. (കോലഞ്ചേരിയിൽനിന്ന്)
3. പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വേണ്ടതു ചെയ്യുക.
5. പുതിയ II Kv പോസ്റ്റുകൾ നാട്ടുക.
6. രാമമംഗലം പാലത്തിൽ സ്ട്രീറ്റുലൈറ്റ് സ്ഥാപിക്കുക.
7. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

*വാർഡ് VI*

1. മുടക്കിൽ തോടിന്റെ വടക്കേഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആ പ്രദേശത്ത വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. പുത്താട്ടേൽ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.
3. പാവപ്പെട്ടവരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം ചെയ്യുക.
4. തെളിയാത്ത സ്ട്രീറ്റുലൈറ്റുകൾ കത്തിക്കുക.
5. ആറ്റുതീരം റോഡ്, പമ്പുഹൗസിലേക്ക് തിരിയുന്ന ഭാഗം മടത്തിമലയിങ്കൽ കുന്ന് എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
6. കാവുങ്കട, മുടക്കിൽത്താഴം, ഭണ്ഡാരപ്പടി, പച്ചാറ്റേപ്പടി, തുണ്ണാൽപ്പടി, കുമ്പളത്തുതാഴം കുളത്തിനുസമീപം എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റ് ഇടുക.
7. കേടുവന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റിയിടുക.
8. ആറ്റുതീരം റോഡിൽ 3 phase line വലിക്കുക.

*വാർഡ് VII*

1. അന്ത്യാലുങ്കൽ പടിയിലും തച്ചിലക്കണ്ടത്തിലും ഉള്ളേലിക്കുന്നിലും ഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. കോട്ടപ്പുറം മാമലശ്ശേരി റോഡിൽ നില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.
3. പ്രധാന റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
4. പുകയില്ലാത്ത അടുപ്പുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

## തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിളക്കുകളുടെ എണ്ണം | | |
|---|---|---|---|
| | ഫ്ളൂ.റ്റ്യൂബ് | ബൾബ് | ആകെ |
| I | 1 | 12 | 13 |
| II | 1 | 35 | 36 |
| III | 5 | 45 | 50 |
| IV | 4 | 18 | 22 |
| V | 8 | 30 | 38 |
| VI | 1 | 30 | 31 |
| VII | 2 | 50 | 52 |
| VIII | 3 | 32 | 35 |
| ആകെ | 25 | 252 | 277 |

1. ആകെ വൈദ്യുത ലൈനിന്റെ നീളം : ഏകദേശം 100 k.m.
2. തെരുവു വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം ചെലവഴിച്ച തുക 42,024 രൂപ
3. വരുമാനത്തിന്റെ എത്ര ശതമാനം 2.48%

*വാർഡ് VIII*

1. വൈദ്യുതി എത്താത്ത പാലക്കുഴി-ചെറുകുന്നേൽ ഭാഗം, കല്ലറക്കോട്ടുഭാഗം, കോട്ടപ്പുറം റോഡ്, തുരുത്തിക്കാട്ടേൽപ്പറി മാങ്ങോഴിത്താഴം എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. താഴെ പറയുന്ന ഭാഗങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
   a) കാവുങ്കട-അപ്പക്കോട്ടിൽത്താഴം
   b) മാമലശ്ശേരി പള്ളിത്താഴം-മേച്ചിരിൽ ത്താഴം റോഡ്
   c) കുന്നിൽത്താഴം-പള്ളിത്താഴം റോഡ്
   d) കോട്ടപ്പുറം (തച്ചിത്തല) യൂണിയൻ ഓഫീസ് ഭാഗം

തെരുവുവിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

## ഗതാഗതം

യാത്രാ സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ വളരെ വിരളമായിരുന്നു. 1950 കളിൽ രാമമംഗലം പാമ്പാക്കുട റോഡിൽക്കൂടി പൊതു യാത്രാ സൗകര്യമുണ്ടായി. തുടർന്ന് മൂവാറ്റുപുഴയാറിന് കുറുകെ രാമമംഗലം പാലം ഉണ്ടായതോടുകൂടി ജില്ലാ തലസ്ഥാനത്തേക്ക് സൗകര്യമായി അല്പം കൂടുതൽ സഞ്ചരിച്ചിട്ടാണെങ്കിൽപ്പോലും എത്തിച്ചേരുവാൻ സാധിക്കുന്നു. സംസ്ഥാന തലസ്ഥാനത്തേക്ക് മൂവാറ്റുപുഴയിൽനിന്നും ഈ പഞ്ചായത്തിലെ ഏതാനും വാർഡുകൾ വഴി ഒരു ഫാസ്റ്റ് പാസ്സഞ്ചർ വണ്ടി സർവ്വീസ് നടത്തുന്നു.

പൊതു യാത്രാ സൗകര്യങ്ങളുടെ ദൗർലഭ്യത നിമിത്തം മിക്കവരും സ്വന്തം വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ നിർബന്ധിതരാകുന്നു. ഇതിനാൽ രാജ്യത്തിന് ഇന്ധനക്ഷാമവും വാഹനങ്ങളുടെ അമിതമായ പെരുപ്പവും ഉണ്ടാകുന്നു. ഉപരിപഠനത്തിന് സൗകര്യമില്ലാത്ത നമ്മുടേതുപോലുള്ള പഞ്ചായത്തിലെ വളർന്നുവരുന്ന തലമുറയ്ക്ക് സൗകര്യമുള്ള സ്ഥാനത്തുപോയി പഠിക്കുന്നതിനും അതുവഴി രാജ്യത്തിന്റെ മാനവിക വിഭവവർദ്ധനയക്കുംവേണ്ടി വിദ്യാർത്ഥികൾക്ക് സൗജന്യമായി സഞ്ചരിക്കുന്നതിന് അവസരമുണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിൽക്കൂടി നിലവിൽ എറണാകുളത്തിന് 10, ആവുവായ്ക്ക് 5, കുത്താട്ടുകുളത്തിന് 10, മൂവാറ്റുപുഴയ്ക്ക് 7, പിറവത്തിന് 4, കോലഞ്ചേരിക്ക് 15, കോതമംഗലത്തിന് 4, കോട്ടയത്തിന് 4, തിരുവനന്തപുരത്തിന് 1 എന്നീ ഷെഡ്യൂളുകൾ ഓടുന്നുണ്ട്. എന്നിരുന്നാലും അത്യാവശ്യ സമയങ്ങളിൽ യാത്രാതിരക്ക് വളരെയേറെയാണ്. കൂടാതെ അശാസ്ത്രീയമായ Fare Stage സാധാരണക്കാരെ വളരെയേറെ ബാധിക്കുന്നു. ആകെ ഇതുവഴി പോകുന്ന ബസ്സുകളുടെ എണ്ണ 25 ആണ്. നിലവിൽ ഈ പഞ്ചായത്തിലെ സഞ്ചാരയോഗ്യമായ റോഡുകളുടെ നീളം 110-21 കി. മീ. ആണ്.

കഴിവതും സഹകരണാടിസ്ഥാനത്തിലോ സ്വാശ്രയാടിസ്ഥാനത്തിലോ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നത് ഉചിതമായിരിക്കും.

### സാധ്യതകൾ

*വാർഡ് I*

1. പെരുവംമൂഴി-കുന്നുംപുറം പമ്പുഹൗസ് റോഡ് ഒരു കി. മീ. നീളം ഗതാഗതയോഗ്യമാക്കണം.
2. തോട്ടാപ്പിള്ളി കടവിലേക്കുള്ള റോഡ് നന്നാക്കി ടാറിംഗ് നടത്തണം.
3. പള്ളിപ്പുറത്തുകടവ് റോഡ് പെരുവംമൂഴി-കിഴക്കേപ്പൊതി റോഡ് ഇവ സഞ്ചാരയോഗ്യമാക്കണം.
4. കരവട്ടേ പെരുവംമൂഴി കടവിലേക്കുള്ള വഴി, മറ്റംതൊട്ടി കടവ് റോഡ്, പൊതിയിൽ കടവ്, കോമേക്കടവ്, പൊന്നാൽ കടവ് തുടങ്ങിയ കടവിലേക്കുള്ള റോഡുകൾ ടാർ ചെയ്തും കടവുകൾ കെട്ടിയും സൂക്ഷിക്കണം.

5. കുന്നുംപുറം റോഡ്, വേളാർ കോളനി, കോളനി പറയൻ തുരുത്ത് റോഡ്, പ്ലാപ്പിള്ളിത്താഴത്തുനിന്നു ചിരക്കരത്തുരുത്തു വഴി മന്നമേൽ താഴത്തേക്ക് സാൽവേഷൻ ആർമിയിൽനിന്നും മറ്റംവഴി റോഡ് റേഷൻ കടയിൽനിന്നും ലക്ഷം വീട് ഭാഗം നാച്ചേരിത്താഴം ചൊക്ലായിത്താഴം തുടങ്ങിയ പുതിയ റോഡുകൾ നിർമ്മിക്കണം.

6. PWD റോഡുകൾ, പുതുക്കോൾ-ശിവലി റോഡ് ഇവ റീടാറിംഗ് ചെയ്ത് സൈഡ് കെട്ടി സംരക്ഷിക്കണം.

മാറാടി ഊരമന റോഡ് പാടിയേടത്തു താഴം ഭാഗത്ത് വളവുനിവർത്തി മണ്ണിട്ട് പൊക്കി സഞ്ചാരയോഗ്യമാക്കണം. പെരുവംമൂഴി-പിറവം റോഡിൽ ഒന്നര കിലോമീറ്റർ മുതൽ മണ്ണിട്ട് പൊക്കണം.

7. പെരുവംവഴി പാലത്തിന്റെ അപ്രോച്ചു റോഡിന്റെ ഓടയിൽക്കൂടി വരുന്ന മലവെള്ളം പാടത്തേക്ക് വീഴാതെ പെരുംതോട്ടിലേക്ക് വീഴാൻ വേണ്ട സംവിധാനം ചെയ്യണം.

8. ഊരമന ഒന്നാം വാർഡിൽ ഒൻപത് വെയിറ്റിംഗ് ഷെഡ് പണിയണം.

### *വാർഡ് II*

1. ശിവലി-തവളയടി റോഡ്, ശിവലി സാൽവേഷൻ ആർമി റോഡ്, പാത്തിക്കൽ-മരട്ടിത്തല റോഡ്, വാട്ടർ ടാങ്ക് റോഡ്, അമ്മോലിക്കൽ-കരിമ്പനാൽത്തടം റോഡ് എന്നിവ ടാർ ചെയ്യണം.

2. നെല്ലിക്കാപറമ്പ്-വെള്ളാരംപാറ വിലങ്ങുപാറ റോഡ്, മഞ്ഞപ്പിള്ളിക്കാട് പറമ്പക്കാട് റോഡ്, താന്നിക്കുഴി-ഓലിക്കാട് റോഡ്, വെല്യാംകുഴി-കൊടികുത്തി റോഡ്, ചാത്തംപ്ലാക്കിൽ കൊടക്കാട്ടിൽത്താഴം റോഡ്, കാക്കേത്ത് ഓന്നിയൽ വയൽ റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കുക.

3. താഴെ പറയുന്ന പുതിയ റോഡുകൾ നിർമ്മിക്കുക.

    a) അമ്പലംപടി ആഞ്ഞിലിച്ചോട് റോഡിൽനിന്നും ഊരമന ഈസ്റ്റിലേക്ക്

    b) ചാത്താംപ്ലാക്കിൽ കണ്ണിപ്പിള്ളിത്താഴത്തേക്കും പാടത്തേക്കും

    c) വിലങ്ങുപാറ-കരിമ്പനാൽത്തടം ഭാഗത്തേക്ക്

    d) അള്ളുങ്കൽ നിന്നും പാമ്പാക്കുട പഞ്ചായത്തിലേക്ക് യോജിപ്പിക്കുന്ന റോഡ്

    e) കരിമ്പനാൽത്തടം-പാത്തിക്കൽ കോളനി

    f) ചീരകുഴിത്താഴം വല്യാർ കാട്ടിങ്കൽ ഹരിജൻ കോളനി

    g) കാക്കേത്ത്-മടത്തിക്കുടിത്താഴം കൊടികുത്തി എല്ലാ റോഡുകൾക്കും ഓടകളും കലുങ്കുകളും ഉണ്ടാവണം. വിലങ്ങുപാറ ഉള്ളപ്പിള്ളി പാലം വഴി ബസ് സൗകര്യം ഉണ്ടാക്കണം.

### *വാർഡ് III*

1. പെരുവംമൂഴി പാലം പണി തീരുന്നതോടൊപ്പം ആറ്റുവേലിക്കുഴി പാലം ഉയർത്തിപ്പണിയുക. ആറ്റുവേലിക്കുഴി-കോട്ടപ്പുറം-മാമലശ്ശേരി പിറവം റോഡ് 12 മീറ്റർ വീതിയിൽ ഗതാഗതയോഗ്യമാക്കുക.

2. ആനിവീട്ടിൽത്താഴത്തുനിന്നും No. 3 കനാലിന്റെ തെക്കുകിഴക്കോട്ടുള്ള ഭാഗം കവറിംഗ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

3. ചാത്തംപ്ലാക്കു കോളനിയിൽപ്പെട്ട കുറിച്ചാമല നിവാസികൾക്ക് റോഡ് നിർമ്മിക്കുക.

4. മെതിപാറ ലക്ഷം വീട് കോളനിയിൽ നിന്നും (കോട്ടപ്പുറം) മൂട്ടമല ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

5. തട്ടുപുറം-മംഗളം കവലയിൽനിന്നും മനയ്ക്കത്താഴം റോഡ് പൂർത്തിയാക്കുക.

6. കോട്ടപ്പുറം--പൊട്ടേനിക്കാട് റോഡ് (മ നയ്ക്കത്താഴം കുടി) സഞ്ചാരയോഗ്യമാക്കുക.

7. മൂക്കിരിക്കൽ പാത്തിക്കൽ റോഡ് സഞ്ചാരയോഗ്യമാക്കുക.

8. പ്ലാപ്പിള്ളിത്താഴം ഉള്ളപ്പിള്ളിക്കാവ് റോഡ് നിർമ്മിക്കുക.

9. മെതിപാറ തോട്ടാനിപ്പടി റോഡ് നിർമ്മിക്കുക.

10. കനാനിപ്പടി-മുട്ടമല റോഡ് ഉണ്ടാക്കുക.

11. കോട്ടപ്പുറം മെതിപാറ കനാൽ (കോട്ടപ്പുറം ഭാഗം) കവറിംഗ് ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

12. കോട്ടപ്പുറം തുരുത്തേൽത്താഴം-കീരമ്പിടം ഭാഗത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

13. പറയാംപതി-പാത്തിക്കൽ റോഡിൽ പറയാപതി ഭാഗത്തുനിന്നും പുല്യാട്ടുതാഴം അമ്പലംപടി ആനിച്ചുവട് റോഡിലേക്ക് റോഡ് നിർമ്മിക്കുക.

14. കോട്ടപ്പുറം ലക്ഷം വീട് ഭാഗത്തുനിന്നും മുലാത്തിപ്പിള്ളി വഴി മാരിത്താഴത്തേക്ക് റോഡ് നിർമ്മിക്കുക.

15. രാമമംഗലം പഞ്ചായത്തിൽ ആശുപത്രിപ്പടി കേന്ദ്രീകരിച്ച് ബസ് സ്റ്റാൻഡ് പണിയുക.

16. ആശുപത്രിപ്പടിയിൽ എത്തിച്ചേരുന്ന ഏതാനും ബസ്സുകൾ 2, 3 വാർഡുകളിൽ കൂടിക്കടന്ന് പിറമാടം വരെയുള്ള ജനങ്ങൾക്ക് യാത്രാസൗകര്യം ഉണ്ടാക്കുക.

17. കോട്ടപ്പുറം പൊട്ടേനിക്കാട് കനാൽ ബണ്ട് റോഡ് നിർമ്മിക്കുക.

*വാർഡ് IV*

1. കണ്ടൻകാവ് ക്ഷേത്രത്തിനു സമീപത്തുനിന്നും പുരാതീനമായി ഉണ്ടായിരുന്ന പഴയവഴി പുറമ്പോക്ക് ഒഴിപ്പിച്ച് റോഡാക്കി പണിത് ആശുപത്രിപ്പടി-കാട്ടലിക്കുരിശ് റോഡിൽ മൂത്തേടത്തുപടിയിൽ ബന്ധിപ്പിക്കണം. തുടർന്ന് നിലവിലുള്ള റോഡ് പടിഞ്ഞാറേക്ക് കാട്ടിലിക്കുരിശിനു സമീപം PWD റോഡിനെ ഖണ്ഡിച്ച് കോലത്തുപടിയിൽനിന്ന് പഴയ റോഡിലൂടെ മാലേത്തുഭാഗത്ത് എത്തിയശേഷം പെരുംതൃക്കോവിൽ ക്ഷേത്രത്തിന്റെ കിഴക്കേനടയിൽനിന്നും കിഴക്കോട്ട് നടപ്പാത വീതികൂട്ടി ഇതുമായി ബന്ധിപ്പിക്കണം. ഇത് ഒരു By pass റോഡാണ്. ഉദ്ദേശ 1½ കി. മി. നീളം 51 മീറ്റർ വീതിയും ഉണ്ടായിരിക്കും. ഇതിന്റെ എല്ലാ പണികളും പഞ്ചായത്ത് ഏറ്റെടുക്കണം.

2. PWD റോഡിൽ നെല്ലാട്ടുപടിയിൽനിന്നും പ്രിയദർശിനി മഹിളാസമാജം, ബാലവാടി എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്കും തുടർന്ന് പാടത്തേക്കും മൂന്നുമീറ്റർ വീതിയിൽ പുതിയ റോഡ് - ഉദ്ദേശം 500 മീ.

3. ആശുപത്രിപ്പടി കാട്ടാലിക്കുരിശ് റോഡിൽ തട്ടാനിയത്ത് പടിക്കൽനിന്നും പാമ്പൂരി പാടത്തേക്ക് ഇപ്പോഴുള്ള റോഡ് വികസിപ്പിച്ച് വാഹനം ഇറങ്ങുന്നതിന് റാമ്പ് കെട്ടണം - ഉദ്ദേശം 500 മീ.

4. കുഴിപ്പിള്ളിക്കാവ്--കൈപ്പിള്ളികുന്നത്ത് റോഡിൽ കോരങ്കടവ് അപ്പാട്ടുകടവ് റോഡിൽ ബന്ധിക്കുന്ന വളവിൽനിന്ന് കിഴക്കോട്ടുള്ള വഴി വികസിപ്പിച്ച് 300 മീറ്റർ നീളത്തിൽ വരണ്ടകൻ പാടത്തേക്ക് റോഡ് പണിയണം.

5. മംഗലത്തു മനപ്പടി-പ്ലാവത്താഴം റോഡ് നിർമിച്ച് കോരങ്കടവ റോഡുമായി ബന്ധിപ്പിക്കണം - ഉദ്ദേശം 1 കി. മീ.

6. 4-ാം വാർഡിന്റെ മദ്ധ്യത്തിലൂടെയുള്ള PWD റോഡ് വീതികൂട്ടി അടിയന്തിരമായി ടാറിംഗ് ചെയ്യണം.

7. ആശുപത്രിയിൽനിന്നും PHC-യിലേക്കുള്ള റോഡ് ഉടനെ ടാർ ചെയ്ത് ഈ റോഡിലെ Auto Stand അവിടെനിന്നും മാറ്റി ആശുപത്രിപ്പടിയിലെ പുറമ്പോക്ക്

ഒഴിപ്പിച്ച് അവിടെ Auto Stand നിർമ്മിക്കുകയും അതോടനുബന്ധിച്ച് എല്ലാ സൗകര്യവുമുള്ള ഒരു കംഫർട്ട് സ്റ്റേഷൻ ഉണ്ടാക്കുകയും വേണം.

8. നടക്കാവ് സമീപത്തുനിന്നും വടക്കോട്ടു വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

9. ആശുപത്രിപ്പടി കാട്ടാലിക്കുരിശ് റോഡിൽ വാരനാട്ടുപടിയിൽ നിന്നുള്ള റോഡ് വികസിപ്പിച്ച് ചക്രവേലിത്താഴത്ത് പാടവുമായി ബന്ധിപ്പിക്കണം.

10. കാവുംപുരയ്ക്കൽ-പ്ലാന്തുരുത്തി റോഡ് വീതികൂട്ടി ആവശ്യമുള്ളിടത്ത് സംരക്ഷണഭിത്തി കെട്ടി, റോഡ് മെറ്റലും ടാറും ഇട്ട് റോഡ് അവസാനിക്കുന്നിടത്ത് റാമ്പ് കെട്ടി കുളിക്കടവും നിർമ്മിക്കണം.

11. ആശുപത്രിത്താഴം-പാറേത്താഴം റോഡ് വീതി കൂട്ടി ടാറിംഗ് നടത്തണം.

12. കോരങ്കടവ്-അപ്പാട്ടുകടവ് GLPS റോഡിലെ വളവുകൾ നിവർത്തി ബസ് ഗതാഗതത്തിന് യോഗ്യമാക്കണം - റോഡിലെ ഇല. പോസ്റ്റുകൾ അരികിലേക്ക് മാറ്റി സ്ഥാപിക്കണം. ഈ റോഡിൽനിന്നും വരണ്ടകൻ പാടത്തേക്ക് ഇറങ്ങുന്നതിന് സൗകര്യം ചെയ്യണം. റോഡിന്റെ ഉദ്ധാരണ വേലകൾക്ക് സന്നദ്ധസേവനം ഉപയോഗപ്പെടുത്തണം.

13. തൊട്ടിൽപ്പടി-വരണ്ടകംപാടം റോഡ് വികസിപ്പിച്ച് അവസാനിക്കുന്നിടത്ത് റാമ്പ് നിർമ്മിക്കണം.

14. YMCA - നടുക്കര റോഡ്, കോരങ്കടവ് റോഡ് ഇവയുടെ ടാറിംഗ് ഉടൻ പൂർത്തിയാക്കണം.

15. ബസ് സ്റ്റാൻഡ് ആശുപത്രിപ്പടിക്കു സമീപം തന്നെ സ്ഥലമെടുത്ത് മുൻ പഞ്ചായത്ത് തീരുമാനമനുസരിച്ച് നടത്തണം.

*വാർഡ് V*

1. പിറവം-രാമമംഗലം റോഡ് ഉയർത്തി വീതികൂട്ടി ടാർ ചെയ്യുക.

2. മാർക്കറ്റ് റോഡ് വികസിപ്പിക്കുക.

3. രാമമംഗലം പള്ളിത്താഴം മുതൽ എളമ്പാശ്ശേരിക്കടവ് വരെയുള്ള റോഡ് മെറ്റൽ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

4. മനക്കടവ് റോഡ് വികസിപ്പിക്കുകയും കടത്ത് സൗകര്യപ്രദമാക്കുകയും ചെയ്യുക.

5. കീഴുമുറി സ്ക്കൂൾ പടിക്കൽനിന്നും ആരംഭിക്കുന്ന ഉള്ളേലിക്കുന്നു റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

6. ഉള്ളേലിക്കുന്ന്-പാമ്പൂരിച്ചാൽ റോഡും ചാലിന് കുറുകെ ഫുഡ് ബ്രിഡ്ജും നിർമ്മിക്കുക. ഉള്ളേലിക്കുന്ന് സെറ്റിൽമെന്റ് കോളനിയിൽനിന്നും കുപ്പാരത്തിൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

7. രാമമംഗലം കടവിൽനിന്നും ഒരു പുതിയ വഴി പള്ളിത്താഴത്ത് അവസാനിക്കുന്ന വിധത്തിൽ നിർമ്മിക്കുക.

8. കീഴുമുറി പള്ളിത്താഴത്ത് ലിഫ്റ്റ് ഇറിഗേഷൻ കനാലിൽ സൈഫൺ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

9. രാമമംഗലം മണൽക്കടവും കപ്ലിങ്ങാട്ടു കടവും അമ്പലക്കടവും കെട്ടി സംരക്ഷിച്ച് ടാറിംഗ് പൂർത്തിയാകാത്ത ഭാഗത്ത് ടാർ ചെയ്യുക.

10. രാമമംഗലം കടവിൽ ടാക്സി സ്റ്റാൻഡും ബസ് സ്റ്റാൻഡും പണിയുക.

11. K. S. R. T. C. യുടെ ഒരു പുതിയ Schedule ഈ വാർഡിൽക്കൂടി എറണാകുളത്തിന് അനുവദിക്കുക.

*വാർഡ് VI*

**താഴെ പറയുന്ന റോഡുകൾ ടാറിടുക.**

a) മാമലശ്ശേരി ആറ്റുതീരം റോഡ്

b) പുത്തൻപുരകുടി-കുഴിപ്പിള്ളിത്താഴം

c) പുത്തൻപുരകുടി പള്ളിപ്പടി-പള്ളിച്ചിറ

d) മുടക്കിൽ പാലത്തിനുസമീപം തുണ്ണാൽ പീടിക തുടങ്ങി നന്ത്യേടത്ത് പടിയിൽ അവസാനിക്കുന്ന ഭാഗം

e) പുത്തൻപുരകുടി-പള്ളി മുതൽ 7-ാം വാർഡ് അതിർത്തിവരെ 100 മീറ്റർ

f) താഴത്തേക്കോട് പമ്പുഹൗസിലേക്ക് പോകുന്ന റോഡ്

**താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ റോഡ് ഉണ്ടാക്കുക**

1. മുടക്കിൽ PWD റോഡ് തൊണ്ടിക്കടവിലേക്ക് നീട്ടുക.
2. തുണ്ണാമലപ്പടിയിൽനിന്നും പുത്തൻപുരകുടി റോഡിലേക്ക് മുറിയുന്ന റോഡ് പൂർത്തിയാക്കുക.
3. നേനത്തെപ്പടിക്കൽനിന്നും മുടയംകാട്ടിൽ താഴത്തേക്കും ആറ്റുതീരം റോഡിലേക്കും മുറിയുന്ന റോഡ് പൂർത്തിയാക്കുക.
4. മഹിളാസമാജം പടിക്കൽനിന്നും കൈപ്പിള്ളിത്താഴം ഭാഗത്തേക്ക് റോഡ് ഒരു മീറ്റർ പൊക്കി സൈഡ് കെട്ടി സംരക്ഷിക്കണം.

കീഴുമുറി കടവിൽനിന്നും തെക്കോട്ട് ചൗരംപ്ലാക്കിൽ പാടത്തേക്കുള്ള വഴി പൂർത്തിയാക്കുക. ടി റോഡിന്റെ സൈഡിൽക്കൂടി പോകുന്ന കനാൽ റോഡിനിരുവശവും കെട്ടി റോഡ് സഞ്ചാരയോഗ്യമാക്കുക.

5. കല്ലറയ്ക്കൽ പാടത്തേക്ക് വണ്ടി ഇറങ്ങുന്നതിന് റോഡ്
6. കക്കാട്ടേത്താഴത്തുനിന്നും മൂശാരിപറമ്പിലേക്കും റോഡ് പ്രധാന റോഡുകളിൽ ഓടകളും കലുങ്കുകളും നിർമ്മിക്കുക.
7. മട്ടമ്മേത്താഴം, മുടയംകാട്ടിൽത്താഴം എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മിക്കുക.
8. ഭണ്ഡാരപ്പടി, കാവുങ്കട, തുണ്ണാൽപ്പടി, മുടയംകാട്ടിൽത്താഴം എന്നീ പ്രധാന സ്റ്റോപ്പുകളിൽ Waiting Shed പണിയുക.
9. കൂത്താട്ടുകുളം-എറണാകുളം K.S.R.T.C. ബസ് അനുവദിക്കുക.
10. കോട്ടയം-കോലഞ്ചേരി K.S.R.T.C. ബസ് സർവ്വീസ് പുനഃരാരംഭിക്കുക.
11. ആറ്റുതീരം റോഡിൽ Bus Service ആരംഭിക്കുക.
12. ആറ്റുതീരം റോഡിൽ കല്ലൂർ മനപ്പടിയിൽനിന്നും കനാൽ ബണ്ടിലേക്ക് റാമ്പ് കെട്ടുക.
13. മണീട് പഞ്ചായത്തിനേയും രാമമംഗലം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആറ്റുതീരം റോഡിൽ തൊണ്ടിക്കടവിന് സമീപം പാലം നിർമ്മിക്കുക.
14. ആറ്റുതീരം റോഡിൽ കുരുത്തോലപ്പടിക്കൽ കലുങ്ക് പണിയുക.
15. മാങ്ങപ്പടി മുതൽ കണിയാർക്കാവ് പണി പൂർത്തിയാക്കുക.
16. കോട്ടമുറിപ്പടിയിൽനിന്നും മുടക്കിൽ കടവിലേക്ക് റോഡ് പൂർത്തിയാക്കുക.
17. കീഴുമുറി കടവിൽനിന്നും ഒടമ്പാടത്ത് താഴത്തുകൂടി പാടത്തേക്ക് പോകുന്ന റോഡ് പൂർത്തിയാക്കുക.
18. പുത്തൻപുരകുടി ചാപ്പലിന്റെ പുറകിൽക്കൂടി തുണ്ണാൻപ്പടി കൂടി കോഴിച്ചാലിലേക്കുള്ള റോഡ് പൂർത്തിയാക്കുക.

കുമ്പളത്തുതാഴത്തുനിന്നും പള്ളിത്താഴത്തേക്ക് റോഡ് നിർമ്മിക്കുക.

19. തൊണ്ടിക്കടറ് കരിങ്കല്ല് കെട്ടി സംരക്ഷിക്കുക.

*വാർഡ് VII*

1. വാർഡിലെ പ്രധാനം കേന്ദ്രങ്ങളിൽക്കൂടി കടന്നുപോകുന്ന തരത്തിന് ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങണം.
2. കോട്ടപ്പുറം-അന്ത്യാലുങ്കൽപ്പടി-നെട്ടുപ്പാടം റോഡ് റീടാറിംഗ് നടത്തണം.
3. നെട്ടൂപ്പാടത്തുനിന്നും പടമറ്റം വഴി തച്ചി

ലുകണ്ടത്തിൽ താഴത്ത് സന്ധിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

4. പുത്തൻപുരകുടി-മാമലശ്ശേരി റോഡിലെ അവശേഷിക്കുന്ന 250 മീറ്റർ ടാറിംഗ് പൂർത്തീകരിക്കണം.

5. 7-ാം വാർഡിനേയും 6-ാം വാർഡിനേയും ബന്ധിപ്പിക്കുന്ന എരുമലക്കോട് പുല്യാട്ടേൽത്താഴം റോഡ് പുതിയതായി നിർമ്മിക്കണം.

6. തച്ചിലക്കണ്ടത്തുനിന്നും കൈലേലിയുമായി ബന്ധിപ്പിക്കുന്ന 'തച്ചിലുകണ്ടത്തിൽത്താഴം വണ്ടംകുഴിത്താഴം റോഡ്' പുതിയതായി ഉണ്ടാക്കണം.

7. പടമറ്റത്തുനിന്നും കുന്നയ്ക്കാത്തുപടിയിലേക്ക് പുതിയ റോഡ് നിർമ്മിക്കണം.

8. ഉള്ളേലിക്കുന്നിലെ കുരിലിത്താഴത്തുനിന്നും പാടത്തേക്കുള്ള റോഡ് വീതി കൂട്ടി പണിയണം.

9. ഇടശ്ശേരി പാടശേഖരത്തിലേക്ക് കൃഷി സാധനങ്ങൾ എത്തിക്കുന്നതിന് റോഡ് ഉണ്ടാക്കുക.

10. അന്ത്യാലുങ്കൽപ്പടി-ആലുംചേരിത്താഴം റോഡ് പണി പൂർത്തീകരിക്കണം.

11. കിഴക്കേടത്ത് കുഴിത്താഴത്തുനിന്നും തുടങ്ങുന്ന കൊമ്മലമുകൾ റോഡ് ആലുംചേരിത്താഴം റോഡിൽ ബന്ധിപ്പിക്കുക.

12. പടമറ്റം-കോഴിച്ചാൽ റോഡ് വീതികൂട്ടി പണിയുക.

13. കോട്ടപ്പുറം-മാമലശ്ശേരി റോഡിന്റെ എല്ലാ പണികളും പൂർത്തിയാക്കണം.

14. പൊരുത്തോളിത്താഴം തച്ചിലുകണ്ടത്തിൽത്താഴം റോഡ് പൂർത്തീകരിക്കുക.

15. നെട്ടുപ്പാടത്തുനിന്നും പടമറ്റം വഴി തച്ചിലുകണ്ടത്തിൽത്താഴത്ത് സന്ധിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്ത് നന്നാക്കണം.

16. കീഴുമുറി ലക്ഷം വീട്-മംഗലത്തുതാഴം റോഡ് വീതി കൂട്ടി നന്നാക്കണം.

17. കീഴുമുറി ലക്ഷം വീട് മൂന്നുസെന്റ് കോളനി റോഡ് വീതി കൂട്ടി നിർമ്മിക്കണം.

*വാർഡ് VIII*

**പുതിയതായി ആവശ്യമുള്ള വഴികൾ**

1. കോട്ടപ്പുറം (യൂണിയൻ ഓഫീസ്) വിശ്വകർമ്മക്ഷേത്രം വരെ.
2. കിഴക്കംകര ചെറുകുന്നേൽപ്പടി കൈലോലി റോഡ്.
3. കൈലോലി ചാപ്പൽ-പേന്നാട്ടുപടി റോഡ് മണ്ണൂരാംപടി വരെ.

**താഴെ പറയുന്ന റോഡുകൾ ടാറിട്ട് ഗതാഗതയോഗ്യമാക്കണം**

1. കുന്നിത്താഴം-പള്ളിത്താഴം റോഡ്
2. കോട്ടപ്പുറം-കാർത്തികപ്പാടം റോഡ്
3. കോട്ടപ്പുറം-കീഴുമുറി റോഡ്

**താഴെ പറയുന്ന റോഡുകളുടെ റീടാറിംഗ് നടത്തുക**

1. കാവുങ്കട-കല്ലറക്കോട് വീതി കൂട്ടി ടാറിംഗ്.
2. കാവുങ്കട-മാമ്പ്ലത്താഴം റോഡ് വീതി കൂട്ടി ടാറിടണം.

കാവുങ്കട-കല്ലറക്കോട് റോഡിൽ കാർത്തികപ്പാടത്ത് പാലത്തിന്റെ സൈഡ് കെട്ടണം.

കാവുങ്കട, മാമലശ്ശേരി പള്ളിത്താഴം കോട്ടപ്പുറം (തച്ചിത്തല) യൂണിയൻ ഓഫീസ് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുക.

## മാർക്കറ്റ്

രാമമംഗലം പഞ്ചായത്തിലെ ഏക പൊതുവിപണനകേന്ദ്രം 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. 1950 ന് മുമ്പ് ഈ പ്രദേശത്ത് പ്രവർത്തിച്ചുവരുന്നതാണ് ഈ ചന്ത. ഇവിടെ നിന്നുമായിരുന്നു ജനങ്ങൾ പലചരക്കു സാ

ധനങ്ങൾ മൊത്തമായി വാങ്ങി മറ്റു വാർഡു കളിൽ കൊണ്ടുപോയി വിപണനം നടത്തി യിരുന്നത്. ഈ മാർക്കറ്റിൽ പച്ചക്കറി, പഴം, മീൻ, ഇറച്ചി, മറ്റുവിഭവങ്ങൾ കൊണ്ടുവന്ന് വിറ്റഴിക്കുന്നു. സാധനങ്ങൾ രാമമംഗലത്ത് കൊണ്ടുവന്നിരുന്നത് മട്ടാഞ്ചേരിയിൽനിന്നും വള്ളങ്ങളിലാണ്.

ഈ മാർക്കറ്റിൽനിന്നും എണ്ണായിരം രൂപ യോളം വരുമാനം ലഭിക്കുന്നു. ശുചീകരണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ് വാട്ടർ സപ്ലൈ സൗകര്യമുണ്ട്. നിലവിലുള്ള മാർ ക്കറ്റ് തറ ഫ്ളോർ ചെയ്തു വൃത്തിയായി സൂക്ഷിക്കണം.

1. രാമമംഗലം ആശുപത്രി കവലയോടനു ബന്ധിച്ച് പണിയുന്ന ബസ് സ്റ്റാൻഡി നോടനുബന്ധിച്ച് മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും പണിയുക.
2. ഒന്നാം വാർഡിൽ സിവിൽ സപ്ലൈ കോർ പ്പറേഷന്റെ ഒരു സ്റ്റോർ തുറക്കണം.
3. മൂന്നാം വാർഡിൽ പാത്തിക്കൽ കേന്ദ്ര മായി ഒരു മാർക്കറ്റ് സ്ഥാപിക്കുക. ❐

## 5. കുടിവെള്ളവും പൊതു ജനാരോഗ്യവും

### കുടിവെള്ളം

കേരളത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്ന കുടിവെള്ളസ്രോതസ്സ് കിണറുകളായിരുന്നു. കാലങ്ങൾ പിന്നിട്ട പ്പോൾ കുടിവെള്ളം സംഭരണികളിൽ ശേഖ രിക്കുവാനും രാസപദാർത്ഥങ്ങൾ കലർത്തി മാലിന്യങ്ങൾ മാറ്റി പൈപ്പുകളിൽക്കൂടി ഒഴുക്കി കുടിക്കുവാനും കുളിക്കുവാനും ഉപ യോഗിക്കുവാൻ തുടങ്ങി. ഈ വിതരണ ശൃം ഖലയിൽ എവിടെയെങ്കിലും തടസ്സമുണ്ടാ യാൽ കുടിവെള്ള വിതരണം ബുദ്ധിമുട്ടി ലാവും. 1950 കളിൽ മിക്കവരും കൃഷിക്കാ രായിരുന്നതുകൊണ്ട് നെൽകൃഷിയിറക്കുന്ന തുകൊണ്ട് ഭൂമിയിലെ നീർക്കെട്ട് നിലനി ന്നിരുന്നു. നാണ്യവിളകൾക്ക് വെള്ളം കെട്ടി നിർത്തേണ്ട ആവശ്യമില്ലാത്തതിനാലും വളരെ അടുപ്പത്തിൽ കിണറുകൾ നിർമ്മി ക്കുന്നതുകൊണ്ടും മണ്ണിലെ നനവുള്ള ഭാഗം വളരെവേഗം വരൾച്ച ബാധിക്കുകയും കിണ റുകളിലേയും കുളങ്ങളിലേയും ജലനിരപ്പ് താഴ്ന്നുപോകുന്നു. കൂടാതെ, ഉപഭോഗ സംസ്ക്കാരം വളർത്തുന്ന നമ്മളിൽ ചില രെങ്കിലും വെള്ളം കോരുന്നതിലും മറ്റും വിമുഖത കാട്ടുന്നു. ഇതിന്റെ ഫലമായി നുരി പാമ്പും മാലിന്യങ്ങളും ചേർന്ന കുടിവെള്ളം പൈപ്പുവഴി നാം ശേഖരിക്കുന്നു. കിണറുക ളിൽനിന്നും കോരിയെടുത്ത് ഉപയോഗി ക്കുന്ന ജലം ആരോഗ്യത്തിന് വളരെ ഗുണം ചെയ്യും.

### കുടിവെള്ള പ്രശ്നങ്ങൾ

കുടിവെള്ളം ലഭ്യമാക്കുവാൻ പൊതുകി ണറുകൾ വിരളമായി മാത്രം നിലവിലുള്ള ഈ പഞ്ചായത്തു പ്രദേശത്തെ നിവാസി കൾ വേനൽക്കാലത്ത് ജലദൗർലഭ്യം കാരണം കഷ്ടത അനുഭവിക്കുന്നു. ഉയർന്ന സ്ഥലവാസികൾ തലച്ചുമടായി വളരെ അക ലെനിന്നുമാണ് കുടിനീർ എത്തിക്കുന്നത്. ഈ പഞ്ചായത്തിൽ ആകെ 45 പൊതു കിണറുകളാണുള്ളത്. ഈ കിണറുക ളൊന്നും നമുക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നതിന് പര്യാപ്തമല്ല. അഴുക്കുചാ ലുകളൊന്നും നമ്മുടെ കുടിവെള്ള സ്രോത സ്സുകളിലേക്ക് ഒഴുകിയെത്തുന്നില്ല. നമ്മുടെ പ്രധാന കുടിവെള്ള സ്രോതസ്സ് മൂവാറ്റുപുഴ യാറാണ്. മെതിപാറ ഭാഗത്തുനിന്നും പമ്പ് ചെയ്തു ശുദ്ധീകരിച്ച് ഈ പ്രദേശത്തെ കുടിനീർ ക്ഷാമം പരിഹരിക്കാം.

### സാധ്യതകൾ

***വാർഡ് I***:- ഉയർന്ന പ്രദേശങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെ ടുന്നു. ദൂരസ്ഥലങ്ങളിൽനിന്നും തലച്ചുമ ടായി കുടിനീർ എത്തിക്കുന്നു. പുമറ്റത്തിൽ ഭാഗത്തുനിന്നും കുന്നുംപുറം ഭാഗത്തേക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുകയും അത്യാവ ശ്യമായ സ്ഥലങ്ങളിൽ പൊതു ടാപ്പ് ഇടു കയും വേണം. അല്ലെങ്കിൽ കുഴൽക്കിണർ

സ്ഥാപിച്ച് കുടിവെള്ളം എല്ലാ ഭാഗത്തും എത്തിക്കണം.

ശിവലി പെരുവംമൂഴി മുതൽ കിഴക്കേപ്പാതി ഭാഗം വരെ പൈപ്പ്ലൈൻ നീട്ടണം. Salvation Army ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടണം. വേളാർ കോളനി, ലക്ഷം വീടിന് വടക്കുഭാഗം കോക്കാപ്പിള്ളി പ്രദേശം എന്നിവിടങ്ങളിലേക്കും പൈപ്പ്ലൈൻ സ്ഥാപിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു കിണർ കുഴിക്കുക, പിന്നോക്ക വിഭാഗങ്ങൾക്ക് കിണർ കുഴിക്കാൻ സാമ്പത്തിക സഹായം ചെയ്യുക. ഫലപ്രദമായ ജലസംഭരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുക.

***വാർഡ് II*** :- മലമ്പ്രദേശമായ ഈ വാർഡിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഒരു പരിധിവരെ ഈ അവസ്ഥ പരിഹരിക്കുന്നതിന് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്. കാടികുത്തിയിലുള്ള ടാങ്കിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുക, പൈപ്പ്ലൈൻ ഇല്ലാത്ത ഇടമല താന്നിക്കുഴി, തണ്ടുപുറം ഭാഗം, വല്യാറുകരയിങ്കൽ, വടക്കേമല, കൊള്ളിക്കാട്, വെള്ളരംപാറ, കരിമ്പനാൽത്തടം, പാറേക്കാട്ടിൽ കോളനി എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ നീട്ടി സ്ഥാപിക്കണം. കൊടികുത്തി ടാങ്കിൽ നിന്നുമുള്ള ജലം മരട്ടിത്തലവിലങ്ങുപാറ ഭാഗത്തേക്ക് നേരിട്ട് വിതരണം ചെയ്യുക.

***വാർഡ് III*** :- അതിരൂക്ഷമായി കുടിവെള്ളക്ഷാമം നേരിടുന്ന ഈ വാർഡിൽ ആവശ്യത്തിന് കുഴൽക്കിണർ സ്ഥാപിച്ചും താഴെ പറയുന്ന സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടിയും കുടിനീർ ക്ഷാമം പരിഹരിക്കേണ്ടതാണ്.

1. മുട്ടമല ഹരിജൻ കോളനി - 250 മീറ്റർ.
2. പാത്തിക്കൽ മുതൽ പറയൻപതി വരെ - 500 മീറ്റർ.
3. വള്ളൂക്കാട്ടിൽപ്പടി മുതൽ മേമ്മുറിഭാഗത്തേക്ക് - 300 മീറ്റർ.
4. ആറ്റുവേലിക്കുഴി മുതൽ മെതിപാറ ടാങ്കുവരെ - 400 മീറ്റർ.

ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കണം. ചാത്തംപ്ലാക്കു കോളനി, മെതിപാറ കോളനി എന്നിവിടങ്ങളിലുള്ള പഞ്ചായത്ത് കിണറുകൾക്ക് ആഴം കൂട്ടണം. മനയ്ക്കത്താഴം കോളനിയിലെ കുഴൽക്കിണറിന്റെ കേടുപാട് തീർക്കണം.

***വാർഡ് - IV*** :- മുപ്പതോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പൂക്കോട്ടുകുടി, വെട്ടിക്കാടുഭാഗം, നടക്കര കുന്നത്തുതാഴം എന്നിവിടങ്ങളിൽ പൈപ്പ്ലൈനുകൾ നീട്ടി ആവശ്യത്തിൻ പൊതുടാപ്പുകൾ വെച്ച് കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തണം. ശുദ്ധജല വിതരണം കാര്യക്ഷമമാക്കി 24 മണിക്കൂറും വെള്ളം വിതരണം ചെയ്യണം.

4-ാം വാർഡിലേയും 5-ാം വാർഡിലേയും ശുദ്ധജല വിതരണം പ്രധാനമായി PHC യുടെ സമീപമുള്ള KWA ടാങ്കിൽനിന്ന് ഈ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അപര്യാപ്തമാണ്. ഈ ടാങ്കിന്റെ ശേഷി ക്രമം തെറ്റിയുള്ള പമ്പിംഗ് പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. കിണറ്റിൽനിന്നുമാണ് ജലം ശേഖരിക്കുന്നത്. മെതിപാറ പമ്പ് സ്റ്റേഷനിൽനിന്നും ഈ ടാങ്കിലേക്ക് എത്തിച്ചാൽ ജലവിതരണം മെച്ചപ്പെടുത്തുവാൻ സാധിക്കും.

***വാർഡ് V*** :- ഉള്ളേലിക്കുന്ന ലക്ഷം വീട് കോളനിയിൽ ആവശ്യത്തിന് പൊതുടാപ്പ്, ഷട്കാലഗോവിന്ദമാരാർ റോഡിൽ ലൈൻ സ്ഥാപിച്ച് പൊതുടാപ്പ് വെക്കണം. മഴക്കാലത്ത് ഒഴുകിപ്പോകുന്ന ജലം പറമ്പുകളിൽ കെട്ടിനിർത്തി വേനൽക്കാലത്ത് ഉപയോഗിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യയെപ്പറ്റി ബോധവൽക്കരണം നടത്തണം. പരിസ്ഥിതിക്കും പാലത്തിനും കേടുവരാത്ത രീതിയിൽ മണൽ വാരൽ നിയന്ത്രിക്കണം.

***വാർഡ് VI*** :- 2½ കി. മീ. നീളം പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് സൗകര്യപ്രദമായ രീതിയിൽ പൊതുടാപ്പുകൾ വെക്കണം.

***വാർഡ് VII*** :-

1. ഉള്ളേലിക്കുന്ന് ഭാഗത്ത് വാട്ടർ ടാങ്ക്

പണിത് സ്ഥിരമായി പമ്പിംഗ് ഏർപ്പെടുത്തി ജലം ശുദ്ധീകരിച്ച് വിതരണം നടത്തണം.

2. പടമറ്റത്തുനിന്നും നിലവിലുള്ള പൈപ്പുലൈൻ തച്ചിലുകണ്ടത്തിൽ താഴേക്ക് നീട്ടണം.
3. കൊമ്മലക്കുഴി മുകളിലേക്കുള്ള ലൈനിൽ 2 ടാപ്പുകളും ബാരുത്തേളിത്താഴം തച്ചിലുകണ്ടത്തിൽത്താഴം ലൈനിൽ 2 ടാപ്പുകളും കൂടുതൽ സ്ഥാപിക്കണം. എരുമലക്കോട്ടിലേക്ക് പൈപ്പുലൈൻ പുനഃസ്ഥാപിക്കണം.

*വാർഡ് VIII :-*

1. മാമലശ്ശേരി H.S. ന് സമീപമുള്ള കുമ്പളത്തുചിറ വികസിപ്പിച്ച് സൈഡ് കെട്ടുക.
2. പഞ്ചായത്തുകിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ്യമാക്കുക.
3. ഉദ്ദേശം 4 കി. മീ. നീളം പുതിയ പൈപ്പുലൈൻ സ്ഥാപിക്കുക.
4. കക്കാട് ജലസംഭരണിയിൽനിന്നും കുടിവെള്ളം ലഭ്യമാക്കുവാൻ നടപടിയെടുക്കുക.

പഞ്ചായത്തിൽ ആകെ 165 പൊതുടാപ്പുകളുണ്ട്.

## പൊതുജനാരോഗ്യം

1950 ന് മുമ്പ് ഗ്രാമീണർ ഭൂരിഭാഗവും ദുർമന്ത്രവാദികളുടേയും അന്ധവിശ്വാസത്തിന്റേയും പിടിയിലായിരുന്നു. വെളിച്ചപ്പാടിന്റേയും മുറിവൈദ്യന്മാരുടേയും ഉപദേശങ്ങൾ സ്വീകരിച്ച് നമ്മുടെ ചുരുങ്ങിയ വിഭവങ്ങൾ ആരോഗ്യ പരിപാലനത്തിനുവേണ്ടി ചെലവിട്ടുകൊണ്ടിരുന്നു. പണ്ടുകാലത്ത് തുറന്ന സ്ഥലങ്ങളിലും വഴിയോരത്തും യാതൊരു വിമുഖതയും കൂടാതെ മലമൂത്ര വിസർജ്ജനങ്ങൾ നടത്തി പരിസരമാകെ മലീമസമാക്കിയിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടായത് ഈ രംഗത്ത് പൊതുജനങ്ങൾക്കുണ്ടായ മതിയായ ബോധവൽക്കരണമാണ്. എന്നിരുന്നാലും ഇപ്പോഴും നമ്മുടെ പ്രദേശത്ത് ആവശ്യത്തിന് പൊതു കംഫേർട്ട് സ്റ്റേഷനുകൾ ഇല്ല.

കഴിഞ്ഞ നാലു പതിറ്റാണ്ടുമുമ്പ് സ്ത്രീകളുടെ പ്രസവം നടന്നിരുന്നത് ഗ്രാമീണ വയറ്റാട്ടിമാരുടേയും മറ്റും സഹായത്തോടെ മാത്രമായിരുന്നു. അക്കാലത്ത് ശിശുമരണവും മാതാവിന് രോഗബാധയും നിത്യ സംഭവം ആയിരുന്നു. ഇന്ന് പ്രസവത്തിന് നാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ആശ്രയിക്കുന്നു. അതുകൊണ്ട് രാമമംഗലം പ്രൈമറി ഹെൽത്ത് സെന്റർ പോലുള്ള ആതുരാലയങ്ങൾ നിർജ്ജീവമായിരിക്കുന്നു. 1950 മുതൽ 1980 വരെ വളരെ കൃത്യമായി ഈ ആശുപത്രികൾ പ്രവർത്തിച്ചിരുന്നു. ഒരു മേജർ ആശുപത്രിയിൽ ചെയ്യാവുന്ന എല്ലാ ആധുനിക രീതിയിലുമുള്ള ചികിത്സാരീതിയും ഈ ആശുപത്രിയിൽ നിന്നും ലഭ്യമായിരുന്നു. നിർഭാഗ്യവശാൽ സാമൂഹ്യ കാഴ്ചപ്പാടുകളിൽ വന്ന മാറ്റം ഈ മേഖലയിലും ഉണ്ടായിരിക്കുന്നു. ഈ രീതി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സാമാന്യ ജനസമൂഹത്തിന് വലിയ ആഘാതമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ രീതിക്ക് മാറ്റം അനിവാര്യമാണ്.

ഈ പഞ്ചായത്തിൽ പൊതുജനാരോഗ്യ പരിപാലനത്തിന് രാമമംഗലം പ്രൈമറി ഹെൽത്ത് സെന്ററും കീഴുമുറി ആയുർവ്വേദ ആശുപത്രിയും മാമലശ്ശേരി ഹോമിയോ, കുടുംബക്ഷേമ കേന്ദ്രവുമാണ് പൊതുരംഗത്ത് പ്രവർത്തിക്കുന്നത്. ഏതാനും സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ദരിദ്രരോഗമെന്നും സമ്പന്നരോഗമെന്നും വേർതിരിച്ചാണ് രോഗങ്ങളെ നാം കാണുന്നത്. മസൂരി, മന്ത്, വില്ലൻചുമ, സന്നിപാതജ്വരം തുടങ്ങിയ പഴയകാല മാരകരോഗങ്ങൾ ഇന്ന് വളരെ അപൂർവ്വമായെ കാണുന്നുള്ളൂ. ഇതിനുകാരണം ആവശ്യമായ പ്രതിരോധ കുത്തിവെയ്പ്പുകളും വ്യക്തിഗത ശുചിത്വത്തേയും പറ്റി ജനങ്ങൾക്കുള്ള അവബോധമായിരിക്കും. പൊതുജനാരോഗ്യം കൂടുതൽ മെച്ച

പ്പെടുത്തുവാൻ പ്രകൃതിചികിത്സാരീതിക ളേയും നാടൻ മരുന്നുകളേയും കുറിച്ച് വേണ്ടത്ര പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പല ചെറിയ രോഗങ്ങൾക്കുപോലും നാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ സമീപിക്കുന്നത് സ്റ്റാറ്റസ് സിംബലായി കാണുന്ന രീതിക്ക് മാറ്റം വരണം. ഔഷധ സസ്യകൃഷി വ്യാപകമാക്കണം.

പൊതുജനാരോഗ്യ കാര്യങ്ങളിൽ സുപ്രധാനമായ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരുന്ന ഒരു പ്രധാന ആതുരാലയമായിരുന്നു രാമമംഗലം പ്രൈമറി ഹെൽത്ത് സെന്റർ. ഇതിന്റെ കീഴിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സബ് സെന്റർ പ്രവർത്തിച്ചു വരുന്നു.

## സാധ്യതകൾ

*വാർഡ് I* :

1. രാമമംഗലം PHC ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
2. വാർഡിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രം PH Centre ആയി ഉയർത്തുക.
3. പൊതു കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുക.
4. പൊതുജനാരോഗ്യ ബോധവൽക്കരണം നടത്തുക.
5. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സ്ഥിരമായി സംഘടിപ്പിക്കുക.
6. ആയുർവ്വേദ സസ്യകൃഷി വ്യാപകമാക്കുക.

*വാർഡ് II*

1. പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.
2. ഊരമന ഈസ്റ്റിൽ നെല്ലിക്കപെറമ്പ് ഭാഗത്ത് 50 സെന്റ് സ്ഥലം ആയുർവ്വേദ ആശുപത്രിക്ക് സൗജന്യമായി ലഭ്യമാക്കും.
3. കൊടികുത്തിയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
4. പാത്തിക്കൽ ഭാഗത്ത് ഒരു PHC സ്ഥാപിക്കണം.
5. സാനിറ്റേഷൻ സൗകര്യം വർദ്ധിപ്പിക്കണം.

*വാർഡ് III*

1. ഉന്നേക്കാട് കേന്ദ്രമാക്കി ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
2. പറയൻപതി ഭാഗത്ത് മിഡ് വൈഫ് സെന്റർ സ്ഥാപിക്കണം.
3. കക്കൂസുകളില്ലാത്ത വീടുകൾക്ക് പ്രത്യേകിച്ച് കോളനികളിൽ നിർബന്ധമായും അവ നല്കണം.
4. ഉള്ളേപ്പിള്ളി പാലത്തിനടുത്ത് ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

*വാർഡ് IV*

1. ദിനംപ്രതി 600 ഓളം യാത്രക്കാർ എത്തിച്ചേരുന്ന സ്ഥലമായ 4-ാം വാർഡിലെ ആശുപത്രിക്കവല. ഇവിടെ ഒരു മൂത്രപ്പുരയുടെ അഭാവം ഗൗരവത്തോടെ കാണേണ്ടതാണ്.
2. ഒരു ഹോമിയോപ്പതി ആശുപത്രി ഈ വാർഡിൽ സ്ഥാപിക്കണം.
3. ഒരു സിവിൽ സർജനും മൂന്ന് അസ്സി. സർജന്മാരുടേയും തസ്തികയുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ ഒരാളുടെ പോലും സേവനം ലഭ്യമല്ല. ആവശ്യത്തിന് സേവനസന്നദ്ധതയുള്ള ഡോക്ടർമാരെ നിയമിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.
4. ഡോക്ടർമാരുടെ താമസ സൗകര്യം ഏർപ്പാടുചെയ്യണം. ആവശ്യത്തിന് ക്വാർട്ടേഴ്സ് പണിയിക്കണം.
5. ആശുപത്രിയിലെ സാനിറ്ററി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ സമയത്ത് ഏറ്റെടുത്ത്

കൃത്യമായി ചെയ്യിക്കുക, പാരാമെഡിക്കൽ തസ്തികളിലെ ഒഴിവു നികത്തുക, ആശുപത്രിയിലേക്കും അകത്തുമുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുക എന്നീ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തണം.

6. OP വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കണം.
7. PH Centre ഒരു Hospital ആയി ഉയർത്തണം.
8. Advisory Board ആണ്ടിലൊണ്ടിൽ പുനഃസംഘടിപ്പിക്കുക.

*വാർഡ് V*

1. ആയുർവ്വേദ ആശുപത്രിയുടെ ബലക്ഷയം മാറ്റാൻ അടിയന്തിരമായി ശ്രദ്ധിക്കണം.
2. വൈദ്യുതീകരണവും വാട്ടർ സപ്ലൈയും ഉണ്ടാവണം.
3. പരമ്പരാഗത ചികിത്സയിലേക്ക് ജനങ്ങൾ മടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ ആയുർവ്വേദ ചികിത്സയ്ക്ക് അർഹമായ പ്രോത്സാഹനം നല്കണം.
4. ആശുപത്രി വളപ്പിൽ ഔഷധ ചെടികൾ നട്ടുവളർത്തണം.
5. ആരോഗ്യ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.
6. AIDS പോലുള്ള മാരകരോഗങ്ങളെ സംബന്ധിച്ച് വ്യാപകമായ അവബോധം ഉണ്ടാക്കണം.
7. പഴകിയ ഭക്ഷ്യവസ്തുക്കളുടെ വില്പന തടയണം.
8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം.

*വാർഡ് VI*

1. അലോപ്പതി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം.
2. പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുക.
3. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് അവ വെക്കുന്നതിന് സൗകര്യം ചെയ്യുക.
4. ആരോഗ്യ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

*വാർഡ് VII*

ഹോമിയോ ആശുപത്രി സ്ഥാപിക്കണം. കൂടാതെ നെട്ടൂപ്പാടത്ത് ഒരു മിഡ്വൈഫ് സെന്റർ ആരംഭിക്കണം.

*വാർഡ് VIII*

1. ഹോമിയോ ഡിസ്പൻസറി കെട്ടിടം പണിത് ആശുപത്രിയായി ഉയർത്തണം.
2. ഹെൽത്ത് സെന്ററിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് മിനി ഹെൽത്ത് സെന്ററാക്കണം.
3. ആരോഗ്യ പരിപാലനത്തെക്കുറിച്ച് ചർച്ചാ ക്ലാസ്സുകൾ നടത്തണം.

അഞ്ചാം വാർഡിലെ കീഴുമുറി ലക്ഷം വീട് കോളനിയോട് ചേർന്നുള്ള തുറങ്ങടക്കുളം കെട്ടി സംരക്ഷിക്കണം. പുത്തൻകടവ് അല്ലെങ്കിൽ മഠത്തിൽ കടവ് കെട്ടി കുളിക്കുവാൻ യോഗ്യമാക്കണം.

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം |
|---|---|---|
| 1993-94 | 15 | 51 |
| 1994-95 | 20 | 72 |
| 1995-96 | 14 | 63 |

## 6. വിദ്യാഭ്യാസം

ഇന്ത്യാ രാജ്യത്തിന്റെ വിദ്യാഭ്യാസ ഭൂപട ത്തിൽ ഇത്തിരി മരുപ്പച്ച കാണുന്ന സംസ്ഥാ നമാണ് കേരളം. വിദ്യാഭ്യാസ നവീകരണ ത്തിനായി ധാരാളം കമ്മീഷനുകൾ ഈ രാജ്യത്ത് പ്രവർത്തിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കോത്താരി കമ്മീഷൻ വിദ്യാഭ്യാസത്തിനു കാതലായ മാറ്റം വരുത്തി യിട്ടുണ്ട്. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ ഊന്നി പറഞ്ഞിരുന്ന ഒരു കാര്യം രക്ഷിതാ ക്കൾ തൊട്ടടുത്തുള്ള ക്സ്കൂളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കണമെന്നുള്ളതാണ്. എന്നാൽ സമൂഹത്തിലെ താഴ്ന്ന പടിയിലു ള്ള കർഷക തൊഴിലാളികളുടെ കുട്ടികൾ സ്ക്കൂളിലേക്ക് പടികടന്നു വരുമ്പോൾ അഭി ജാത സമൂഹത്തിലെ കുട്ടികൾ സാധാരണ വിദ്യാലയത്തിൽനിന്നും പുറത്തുപോകുന്നു. സമൂഹത്തിലെ ധ്രുവീകരണ പ്രക്രിയയുടെ വിദ്യാഭ്യാസ പരമായ പ്രതിഫലനമാണിത്. ഇതിന്റെ ഫലമായി നാട്ടിലെങ്ങും അതി വേഗം ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ പൊട്ടി മുളച്ച് വളർന്നുവലുതായി. ആർഷ ഭാരത സംസ്ക്കാരത്തിന്റെ അവതാരമായി കണക്കാക്കുന്ന സ്വാമിമാരുടെ പേരിൽ നട ത്തപ്പെടുന്ന അഭിജാതവർഗ്ഗ വിദ്യാലയങ്ങ ളിൽ ഇംഗ്ലീഷല്ലാതെ ഏതെങ്കിലും ഇന്ത്യൻ ഭാഷ ഉച്ചരിച്ചാൽ വലിയ കുറ്റമായി ഗണിക്ക പ്പെടും. കേരളത്തിൽ ഇന്നുകാണുന്ന വിദ്യാഭ്യാസ പുരോഗതി സമൂഹത്തെ രണ്ടു തട്ടുകളിലാക്കി തിരിക്കുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് തുടക്കം കുറിക്കുന്ന 1917 ൽ തിരുവിതാം കൂറിലെ ഭരണാധികാരികളായിരുന്നു. ഇതര സംസ്ഥാനങ്ങളിലെ അപേക്ഷിച്ച് കേരള ത്തിൽ മാത്രം നിലവിൽ വന്ന് ഭൂവുടമ സമ്പ്ര ദായം വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടുകയുണ്ടായി. പത്ത് സെന്റ് ഭൂമി സ്വന്ത മായി കിട്ടുകയും ജോലി കഴിഞ്ഞ് വിശ്രമി ക്കാൻ സമയം ലഭിച്ചപ്പോൾ കർഷകത്തൊ ഴിലാളികൾ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തി ച്ചുതുടങ്ങി. തിരുവിതാംകൂറിൽ വിദ്യാഭ്യാ സരംഗത്ത് പൊതുവായി വളർന്നുവന്ന ഉണർവിന്റെ ഫലമായി ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രാമമംഗലം പ്രൈമറി സ്ക്കൂളും മാമലശ്ശേരി ഗവ: ഹൈ സ്ക്കൂളും കാലപ്പഴക്കമുള്ളവയാണ്. രാമമം ഗലം ഗ്രാമപഞ്ചായത്തിൽ ഒരു സ്വകാര്യ വിദ്യാലയവും അഞ്ച് ഗവ: വിദ്യാലയങ്ങളു മാണ് ഉള്ളത്. അതിന്റെ ഇനം തിരിച്ചുള്ള പട്ടിക കൊടുത്തിരിക്കുന്നു.

അനൗപചാരിക വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. തയ്യൽ സ്ക്കൂളും ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളും നാമമാ ത്രിമായി പ്രവർത്തിക്കുന്നു. ഉന്നത വിദ്യാ ഭ്യാസത്തിനായി കോലഞ്ചേരി, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പിറവം എന്നീ സ്ഥലങ്ങളെ യാണ് നാം ആശ്രയിക്കുന്നത്. രാമമംഗലം എൽ. പി. എസ്സ്, മാമലശ്ശേരി, ഗവ: ഹൈ സ്ക്കൂൾ, ഊരമന ഗവ: ഹൈസ്ക്കൂൾ എന്നി വയിൽ നഴ്സറി വിദ്യാലയങ്ങൾ പ്രവർത്തി ക്കുന്നുണ്ട്. അംഗീകാരം ഉള്ളവയിലും അംഗീകാരമില്ലാത്തവയിലും പഠനോപകര ണങ്ങൾ വിരളമാണ്. പഞ്ചായത്തിൽ നാല് ബാലവാടികൾ ഉണ്ട്. രണ്ട് സർക്കാർ ഹൈ സ്ക്കൂളുകളിലും കംപ്യൂട്ടർ പഠിപ്പിച്ചുവരുന്നു എന്നുള്ളത് സന്തോഷം ഉണ്ടാക്കുന്നു.

S.S.L.C. വിജയ ശതമാനത്തിൽ തീരെ താഴെ നില്ക്കുന്ന വിദ്യാലയങ്ങൾ നമുക്കില്ല. വിദ്യാലയങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല എങ്കിലും വിദ്യാർത്ഥികൾ പ്രതീക്ഷിത നിലവാരം പുലർത്തുന്നില്ല.

ഗുണനിലവാരം കുറഞ്ഞുവരുന്ന വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വ്യാപകമായ ആക്ഷേപം നിലനില്ക്കുന്നു. ഭൗതികസൗ കര്യം കുറഞ്ഞ സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നല്ല നിലയി ലെത്തിക്കാനുള്ള കൂട്ടായ പരിശ്രമം ആവശ്യ മാണ്.

എല്ലാ വിദ്യാലയങ്ങളിലും പി. ടി. എ. പ്ര വർത്തിക്കുന്നു. ഇവ നല്ല നിലവാരം പുലർ ത്തുന്നവയാണ്. എന്നാൽ അമ്മമാരുടെ ഫോ റങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല.

കായിക കലാരംഗത്ത് നമ്മൾ പിന്നിൽ നില്ക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ അവഗണിക്കപ്പെട്ടു വരുന്നതായി കാണുന്നു. ഈ രംഗത്ത് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്തവർ ഇല്ല. ഏക സ്ഥാപനം ഷഡ്കാലഗോവിന്ദ മാരാർ കലാസമിതിയാണ്.

വിദ്യാഭ്യാസ മേഖലയിൽ ഇന്ന് കാണുന്ന മൂല്യശോഷണത്തിനും ഗുണനിലവാരമില്ലായ്മയ്ക്കും പരിഹാരം കാണേണ്ടതാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും അടങ്ങിയ ഈ മേഖലയിൽ അദ്ധ്യാപകരാണ് മുൻപന്തിയിൽ നില്ക്കേണ്ടത്. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. ജനനനിരക്ക് കുറഞ്ഞുവരുന്നത് മാത്രം കാരണം പറയുന്നത് ശരിയല്ല. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ അന്വേഷിച്ചുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൃത്യമായി ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സമീപ പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിലേക്ക് നല്ല ശതമാനം വിദ്യാർത്ഥികൾ പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നില്ല. സർക്കാർ വിദ്യാലയങ്ങളിലേയും സ്വകാര്യ വിദ്യാലയങ്ങളിലേയും ഗുണനിലവാരം പുലർത്താത്ത അദ്ധ്യയനം കുട്ടികളെ മറ്റ് വിദ്യാലയങ്ങളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതായി ഗ്രാമസഭകളിലെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുട്ടികളുടെ കുറവു മൂലം ഊരമന ഈസ്റ്റ് പ്രൈമറി സ്ക്കൂൾ നടത്തിക്കൊണ്ടുപോകുന്നത് ആദായകരമല്ലാത്തതിനാൽ ഏതു സമയത്തും സർക്കാരിന് നിർത്തിക്കളയാവുന്നതാണ്.

ഇവിടത്തെ സർക്കാർ വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ കുറവാണ്. എങ്കിലും തീരെ മോശമായ സ്ഥാപനങ്ങൾ നമുക്കില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കുവേണ്ടി ഗ്രാമസഭകൾ പല നിർദ്ദേശങ്ങളും ഉയർത്തുകയുണ്ടായി.

1. മാമലശ്ശേരി, ഊരമന, ഊരമന ഈസ്റ്റ് എന്നീ സർക്കാർ വിദ്യാലയങ്ങളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞ് പുതിയ കെട്ടിടങ്ങൾ പണിയുക.
2. ഊരമന ഗവ: ഹൈസ്ക്കൂളിലെ സ്റ്റേജിന്റെ പണി തീർക്കുക.
3. മാമലശ്ശേരി H. S., രാമമംഗലം എൽ. പി. എസ്., കീഴുമുറി. എൽ. പി. എസ്. എന്നിവയ്ക്ക് കഞ്ഞിപ്പുര ആവശ്യമാണ്.
4. എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും ആവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിക്കണം.
5. വിദ്യാലയങ്ങളോട് അനുബന്ധിച്ച് നഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കണം. ഇവ സർക്കാർ ഏറ്റെടുക്കുകയും ചെയ്യുക.
6. എല്ലാ സ്ക്കൂളുകളിലും T. V. അനുവദിക്കുക.
7. സർക്കാർ വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിച്ച് ഗേറ്റ് വെക്കുക.
8. പഞ്ചായത്ത് തലത്തിൽ ടെക്നിക്കൽ സ്ക്കൂൾ ആരംഭിക്കുക.
9. ഊരമന ഗവ: ഹൈസ്ക്കൂളിനും മാമലശ്ശേരി ഗവ: ഹൈസ്ക്കൂളിനും കംപ്യൂട്ടർ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
10. ഉച്ചഭക്ഷണത്തിന്റെ ചിലവ് പഞ്ചായത്ത് വഹിക്കണം.
11. സ്ക്കൂളുകൾക്ക് ആവശ്യമായ മേശ, കസേര, ബഞ്ച്, ഡസ്ക്, ബ്ലാക്ക്ബോർഡ് എന്നിവ നല്കുക.
12. രണ്ടാം വാർഡിൽ മഞ്ഞപ്പിള്ളിക്കാട് ബാലവാടിയുടെ ചുറ്റുമതിൽ കെട്ടുക.
13. കീഴുമുറി എൽ. പി. സ്ക്കൂൾ പടിപടിയായി യു. പി. സ്ക്കൂൾ ആയും ഹൈസ്ക്കൂൾ ആയും ഉയർത്തണം.

സാക്ഷരത നൂറുശതമാനമായപ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണത്തെക്കുറിച്ചു ചിന്തിക്കാൻ ആരും മെനക്കെടുന്നില്ല. പത്താം ക്ലാസ്സിലെ വിജയശതമാനത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ നടക്കുന്നു. ഈ വിലയിരുത്തലുകൾ എത്രമാത്രം ശരിയായിരിക്കും. മോഡറേഷൻ എന്ന തന്ത്രം ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള വിജയശതമാനം എന്തു ഖേദകരമാകുമായിരുന്നു. പരീക്ഷക്കു വേണ്ടിമാത്രം പഠിപ്പിക്കുന്ന അദ്ധ്യാപകരും അതിനുവേണ്ടി പഠിക്കുന്ന വിദ്യാർത്ഥികളും മാർക്കുമാത്രം നോക്കിയിരിക്കുന്ന രക്ഷിതാക്കളും ചേർന്നുള്ള ഈ മത്സരക്കളിയിൽ ഇവിടെ തോറ്റുപോകുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമാണ്. ഗൈഡുപുസ്തകം വില്ക്കുന്ന പുസ്തക ശാലയിലേക്കു വഴി പറഞ്ഞുകൊടുക്കുന്നതും ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ അഡ്മിഷൻ വാങ്ങിക്കൊടുക്കുന്നതും തങ്ങളുടെ ചുമതലയായി അദ്ധ്യാപകർ വിചാരിക്കുന്ന ഒരു കാലഘട്ടം ശോചനീയമാണ്.

വിലയ്ക്കുവാങ്ങാൻ കിട്ടുന്ന ഒന്നായി ആധുനികലോകം ഇന്ന് വിദ്യാഭ്യാസത്തെ കാണുന്നു. വലിയ വിലകൊടുത്തു വാങ്ങിക്കുന്നതെന്തും നല്ലതാണെന്നുള്ള മിഥ്യാധാരണ സാധാരണ രക്ഷകർത്താക്കൾ പോലും വെച്ചുപുലർത്തുന്നു. സർക്കാർ വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കാനാവില്ലെന്ന ധാരണയും തല്പര കക്ഷികൾ കെട്ടിച്ചമക്കുന്ന കള്ള പ്രചരണമാണെന്നു കണ്ടറിയാനുള്ള വിജ്ഞാനം ഇന്ന് നമുക്ക് നഷ്ടമായിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തിനു മുടക്കുന്ന പണം വെട്ടിക്കുറക്കാതെ മറ്റ് വികസന പ്രവർത്തനങ്ങൾ നടക്കുകയില്ല എന്ന വാദം ശക്തിപ്പെട്ടു. ഈ തത്വത്തിനു പ്രോത്സാഹനം നടത്തുന്ന സർക്കാരും ഇതോടൊപ്പം നിന്നപ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാവി അപകടത്തിലായി.

ഈ അപകടത്തിൽനിന്നും സാമാന്യ ജനങ്ങളെ രക്ഷിക്കാനുള്ള ബാധ്യത ഏറ്റെടുക്കാൻ സാധിക്കുന്നതു ഇന്നത്തെ അദ്ധ്യാപക സമൂഹത്തിനാണ്.

ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു സൂചിപ്പിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിയണം. പലവിധ അന്വേഷണത്തിന്റെ ഫലമായി കൊണ്ടുവന്ന ഒന്നാണ് **'വിദ്യാഭ്യാസ കോംപ്ലക്സ്'.** പല ഭാഗത്തുനിന്നുമുള്ള നിസ്സഹകരണം മൂലം തുടക്കത്തിൽ ത്തന്നെ പരാജയപ്പെട്ട ഈ പ്രസ്ഥാനത്തിനു പുതുജീവൻ നല്കിയ പഞ്ചായത്തുകളിൽ ഇത് വിദ്യാർത്ഥി സമൂഹത്തിനു വൻ നേട്ടമുണ്ടാക്കിക്കൊടുത്തു.

ഒരു പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിവിധ സ്ക്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ വിദ്യാഭ്യാസ വികസനം ഉറപ്പാക്കാൻ സാധിക്കും. നേതൃസ്ക്കൂളിലെ സൗകര്യങ്ങളിൽ ഇതിനായി പ്രയോജനപ്പെടുത്തണം. അദ്ധ്യാപകർ കൂടുതൽ അദ്ധ്യയന ദിവസങ്ങൾ ഇതിനായി ചെലവഴിക്കാതെ ഒരു തുറന്ന മനസ്സോടെ ആരുടേയും പ്രേരണ കൂടാതെ തങ്ങളുടെ സമൂഹത്തിന്റെ നിലനില്പിനായി ഈ പ്രസ്ഥാനത്തിനു നേതൃത്വം കൊടുക്കണം. ജനകീയ ഇടപെടലുകളിലൂടെ സർക്കാർ സംവിധാനത്തെ കാര്യക്ഷമമാക്കാനും പുതിയ വികസന മോഡൽ ഉരുത്തിരിയാനും ഇത്തരം പ്രവർത്തനങ്ങൾക്കു സാധിക്കും. അദ്ധ്യാപകർ സ്വയം നിർമ്മിത ദന്തഗോപുരങ്ങളിൽനിന്നും ഇറങ്ങിവന്ന് ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ട സാധാരണക്കാരന്റെ ദീനരോദനം കേൾക്കണം. വിദ്യാലയങ്ങളുടെ അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തലുകൾ മാത്രമായി വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ കാണരുത്. ഇത്രയും സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതായിരുന്നു എന്നുള്ള വസ്തുത വിസ്മരിക്കരുത്. □

## 7. ഭവനനിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ എട്ട് വാർഡുകളിലായി 4160 വീടുകൾ ഉണ്ട്. പുതുതായി പണിത വീടുകൾക്ക് സർക്കാരിൽനിന്നും ഹൗസിംഗ് സഹകരണസംഘം, ബാങ്കുകൾ, സർവ്വീസ് സഹകരണസംഘം മുതലായ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം നല്കിയിട്ടുണ്ട്.

**ഭവനനിർമ്മാണ രംഗത്ത് പ്രധാനമായി വേണ്ട കാര്യങ്ങൾ**

1. ഒരു ഹൗസിംഗ് സഹകരണസംഘം സ്ഥാപിക്കുക.
2. പഞ്ചായത്തിൽ ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമി നല്കി വീട് നിർമ്മിച്ചുകൊടുക്കുക.
3. സ്ഥലമുള്ളവർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുക.
4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീട് സൗജന്യമായി നിർമ്മിച്ചു നല്കുക.
5. പഴക്കം ചെന്ന വീടുകൾ പുതുക്കിപ്പണിയുന്നതിനും കേടുപാട് തീർക്കുന്നതിനും ധനസഹായം ലഭ്യമാക്കുക.
6. 8-ാം വാർഡിൽ ഭവന നിർമ്മാണ തൊഴിലാളി സഹകരണസംഘം രൂപീകരിച്ച് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് സഹായം നല്കുക.

ഇപ്പോൾ പുതുതായി നിർമ്മിക്കുന്ന വീടുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ, കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഇത് ദുർവ്യയം വർദ്ധിപ്പിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളും തൊഴിലാളികളും പൊതുവെ കുറവാണ്. വിദഗ്ധ തൊഴിലാളിക്ക് 150-175 രൂപയും പുരുഷന് 100-120 രൂപയും സ്ത്രീക്ക് 80-100 രൂപയുമാണ് ഇപ്പോഴുള്ള ദിവസവേതനം. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തൊഴിലാളികളുടെ അഭാവം, വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, വിദഗ്ധരുടെ അഭാവം, ധനകാര്യസ്ഥാപനങ്ങളുടെ നടപടി ക്രമങ്ങളിലെ നൂലാമാലകൾ, പരിസ്ഥിതി പ്രശ്നം, സ്വന്തമായി ഭൂമിയില്ലായ്മ ഇവയാണ് പ്രധാനമായും ഭവനരഹിതർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. ഇവ എത്രയും വേഗം പരിഹരിക്കുന്നതിന് മുകളിൽ പറഞ്ഞ കാര്യങ്ങൾ ചെയ്യണം.

### കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 594 | 12 | 126 | 435 | 21 | — |
| II | 597 | 6 | 45 | 506 | 32 | 8 |
| III | 869 | 10 | 162 | 663 | 34 | — |
| IV | 625 | 15 | 149 | 455 | 6 | — |
| V | 818 | 10 | 98 | 672 | 38 | — |
| VI | 441 | 12 | 83 | 328 | 18 | — |
| VII | 568 | 9 | 65 | 477 | 17 | — |
| VIII | 485 | 11 | 51 | 408 | 15 | — |
| | 4997 | 85 | 779 | 3944 | 181 | 8 |

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

| 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 4561 | 4615 | 4849 | 4902 | 4997 |

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം 18 പേർക്ക് വാർദ്ധക്യകാല പെൻഷൻ, 98 പേർക്ക് തൊഴിലില്ലായ്മ വേതനം 127 പേർക്ക് കർഷക തൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്നു. ഈ പഞ്ചായത്തിൽ 154 വികലാംഗർ ഉണ്ട്. ട്രൈസം പരിശീലനം ലഭിച്ചവർ ഈ പഞ്ചായത്തിലില്ല. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം വളരെ കുറച്ച് കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളൂ. അതിനുകാരണം അനർഹർ IRDP ലിസ്റ്റിൽ ഉൾപ്പെട്ടതാകാം.

## പ്രധാന പ്രശ്നങ്ങൾ

1. അംഗൻവാടി, ബാലവാടി, മഹിളാസമാജം ഇവ ഇല്ലാത്ത വാർഡിലും പ്രദേശത്തും അടിയന്തിരമായി തുടങ്ങുവാൻ നടപടികൾ കൈക്കൊള്ളുക.
2. സ്വന്തമായി കെട്ടിടമില്ലാത്തവർക്ക് കെട്ടിടവും ഉപകരണങ്ങളും നല്കി പ്രവർത്തനം സജീവമാക്കുവാൻ നടപടികൾ കൈക്കൊള്ളുക.
3. അർഹതയുണ്ടായിട്ടും പെൻഷൻ ലഭിക്കാത്തവർക്ക് ഉടനടി ലഭിക്കുവാൻ നടപടിയുണ്ടാകണം.
4. DWCRA, ICDP എന്നീ പദ്ധതികളുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കുക.
5. ക്ഷയരോഗികൾക്കും ക്യാൻസർ രോഗികൾക്കും ചികിത്സാ സൗകര്യവും സാമ്പത്തിക സഹായവും ചെയ്യുക.
6. പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഒരു വൃദ്ധമന്ദിരം പണിയുക.
7. മൂന്നാം വാർഡിൽ ഉന്നേക്കാട് കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റിഹാളും പോസ്റ്റാഫീസും ആരംഭിക്കുക.
8. ആവശ്യമായ പ്രദേശങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയുക. (പഞ്ചായത്തിൽ ആകെ 35 എണ്ണം)
9. ബ്ലോക്കിൽനിന്ന് അനുവദിക്കുന്ന 'ഫീഡിംഗ്' സമ്പ്രദായം ഹരിജൻ കോളനികളിലെ ബാലവാടികളിൽ ലഭ്യമാക്കുക. (കീഴുമുറി ഹരിജൻ കോളനി)
10. ആറാം വാർഡിൽ ബാലവാടി, കമ്മ്യൂണിറ്റിഹാൾ എന്നിവ അത്യാവശ്യമാണ്.
11. ഏഴാം വാർഡിൽ ഉള്ളേലിക്കുന്നിലും ഏരുമലക്കോട്ടിലും ഓരോ ബാലവാടിയും, ഉള്ളേലിക്കുന്നിൽ ഒരു Letter Box ഉം Public Telephone സൗകര്യവും സ്ഥാപിക്കുക.
12. Arts Sports ക്ലബ്ബുകൾക്ക് ധനസഹായം ലഭ്യമാക്കുക.
13. മെതിപാറ പമ്പുഹൗസ് മുതൽ മാളികക്കടവുവരെ പുഴത്തീരം കെട്ടി പാർക്കും സത്രങ്ങളും നിർമ്മിക്കണം.

IRDP ലിസ്റ്റ് പ്രകാരമുള്ള എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കുക. ഗുണഭോക്താക്കളെ പെൻഷനുവേണ്ടി കണ്ടെത്തുന്നതിന് ഗ്രാമസഭകളും ജനകീയ സംവിധാനവും ഉപയോഗപ്പെടുത്തുക. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക. പോഷകാഹാര വിതരണം ഊർജ്ജിതമാക്കുക, ട്രൈസം പരിശീലനം വ്യാപിപ്പിക്കുക ഇവയാണ് സാമൂഹ്യക്ഷേമ സാധ്യതകൾ.

1. രാമമംഗലം പഞ്ചായത്തിൽ റവന്യൂ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കണം.
2. രാമമംഗലം പോലീസ് സ്റ്റേഷന്റെ ഒരു ഔട്ട്പോസ്റ്റ് ഊരമനയിൽ സ്ഥാപിക്കണം.
3. രാമമംഗലം സർവ്വീസ് സഹകരണസംഘത്തിന്റെ ബ്രാഞ്ച് ഊരമന, ഉന്നേക്കാട്, മാമലശ്ശേരി എന്നീ ഭാഗങ്ങളിൽ സ്ഥാപിക്കണം.
4. ഊരമന ഈസ്റ്റ് കേന്ദ്രീകരിച്ച് ഒരു പോസ്റ്റാഫീസ് ആവശ്യമുണ്ട്.
5. എറണാകുളത്തുനിന്നും രാമമംഗലത്തേക്കു വരുന്ന എഴുത്തുകൾ നേരിട്ട് എത്തിച്ച് കാലതാമസം ഒഴിവാക്കുക.

6. രാമമംഗലം ടെലഫോൺ എക്സ്ചേഞ്ചിൽനിന്നും എറണാകുളത്തേക്ക് നേരിട്ട് ഡയൽ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.
7. പഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്ക്കുളും ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കുളും അനുവദിക്കുക.
8. S.B.T. യുടെ ഒരു ശാഖ സ്ഥാപിക്കുക.
9. K.S.R.T.C. യുടെ ഒരു ഷെഡ്യൂൾ ആരംഭിക്കുക. ❐

## IRDP സർവ്വേ പ്രകാരം - ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 153 | 4 | 11 | 3 | 8 | 145 |
| II | 193 | 18 | 31 | 16 | 15 | 178 |
| III | 192 | 22 | 29 | 21 | 12 | 180 |
| IV | 172 | 2 | 22 | 2 | 20 | 152 |
| V | 80 | 10 | 19 | 8 | 10 | 70 |
| VI | 175 | 8 | 20 | 8 | 14 | 161 |
| VII | 157 | 4 | 25 | 4 | 12 | 135 |
| VIII | 198 | 10 | 27 | 10 | 15 | 183 |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| I | 2 | 2 | 97 |
| II | 8 | 8 | 116 |
| III | 20 | 20 | 130 |
| IV | 11 | 11 | 89 |
| V | 4 | 4 | 95 |
| VI | 6 | 6 | 85 |
| VII | 8 | 8 | 91 |
| VIII | 4 | 4 | 81 |
| ആകെ | 63 | 63 | 784 |

## പുറംപോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| റോഡ് | | 6.15.989 | — |
| ഇടവഴി | | 4.61.924 | — |
| തോട്/പുഴ | | 261.55.122 | — |
| കുളം | എണ്ണം | — | 45 |
| | വിസ്തീർണ്ണം | 5.94.193 | — |
| മറ്റുള്ളവ | | 29.61.611 | — |
| **ആകെ** | | **307.88.839** | **45** |

## സ്ഥാവരസ്വത്തുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വകവിവരം | വില്ലേജിന്റെ പേര് | വിസ്തീർണ്ണം (സെന്റ്) |
|---|---|---|---|
| 1. | പഞ്ചായത്ത് ആഫീസ് കെട്ടിടം | രാമമംഗലം | 3 |
| 2. | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | രാമമംഗലം | 30 |
| 3. | സർക്കാർ ആയ്യുർവേദ ആശുപത്രി | രാമമംഗലം | 25 |
| 4. | പഞ്ചായത്ത് മാർക്കറ്റ് | രാമമംഗലം | 30 |
| **ആകെ** | | | **88 സെന്റ്** |

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 60 | 1 | 1 | — | 59 |
| II | 73 | 2 | 1 | 1 | 71 |
| III | 78 | 4 | 3 | 1 | 74 |
| IV | 54 | 1 | 1 | — | 53 |
| V | 70 | 1 | 1 | — | 69 |
| VI | 64 | 2 | 1 | 1 | 62 |
| VII | 71 | 2 | 1 | 1 | 69 |
| VIII | 73 | 2 | 1 | 1 | 71 |
| **ആകെ** | **543** | **15** | **10** | **5** | **528** |

## 8. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ വിഭാഗത്തിന്റെ സാമൂഹ്യപദവിയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ മാറ്റം ഉണ്ടായിട്ടുണ്ട്. പണ്ട് നിലനിന്നിരുന്ന അന്ധ വിശ്വാസങ്ങളോ അനാചാരങ്ങളോ ഇന്ന് കാണാനില്ല. സാമൂഹികമായ ഉച്ചനീചത്വങ്ങളോ വിലക്കുകളോ ഇന്നിവർ അനുഭവിക്കുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവാഹം മറ്റ് മതപരമായ ചടങ്ങുകൾ എന്നിവയിൽ മറ്റുള്ളവർ ധാരാളമായി പങ്കെടുത്തുവരുന്നുണ്ട്.

പുലയ സമുദായത്തിന്റെ കുലദേവതകളെ കുടിയിരുത്തിയിട്ടുള്ള 4-ാം വാർഡിലെ നടക്കാവ് ക്ഷേത്ര സമുച്ചയം പ്രാധാന്യമർഹിക്കുന്നു. എല്ലാ വർഷവും പത്താമുദയത്തോടനുബന്ധിച്ച് ഇവിടെ നടക്കുന്ന ആഘോഷങ്ങളിൽ സമീപ പ്രദേശങ്ങളിൽനിന്നുള്ള അനേകം ഭക്തജനങ്ങൾ പങ്കെടുക്കുന്നു.

ഈ പഞ്ചായത്തിലെ 8 വാർഡുകളിലായി 16 പട്ടികജാതി കോളനികൾ ഇപ്പോൾ നിലവിലുണ്ട്. അവ അമ്മോലിക്കൽ, ചാത്തംപ്ലാക്കിൽ, കൊടികുത്തി, പറയൻപതി, മെതിപാറ, മുട്ടമല, മനയ്ക്കത്താഴം, കീഴുമുറി, പൊന്നുംകുഴി, കീഴുമുറി ലക്ഷം വീട്, കീഴുമുറി കോളനി (രാമമംഗലം പള്ളിക്കു സമീപം), മാമലശ്ശേരി പട്ടികജാതി കോളനി, ഉള്ളേരിക്കുന്ന്, ശിവലി പട്ടികജാതി കോളനി, അപ്പക്കോട്ടേൽ പട്ടികജാതി കോളനി, കീഴുമുറി മൂന്ന് സെന്റ് കോളനി എന്നിവയാണ്. ഇവയിൽ മിക്കവാറും എല്ലാ കോളനികളിലേക്കും വാഹന ഗതാഗത യോഗ്യമായ റോഡുകൾ നിലവിലുണ്ട്. ഈ കോളനികളിലെ വീടുകളിൽ ഭൂരിഭാഗവും വൈദ്യുതീകരിച്ചവയാണ്. കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പൈപ്പുവെള്ളവും പൊതുകിണറുകളും ഉണ്ടെങ്കിലും വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നിലനില്ക്കുന്നു. സാക്ഷരതയുടെ കാര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പിന്നോക്കാവസ്ഥ തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും ഉയർന്ന ഉദ്യോഗം വഹിക്കുന്നവരുമുണ്ട്. കോളനികളുടെ ശരാശരി 2 കി. മീ. ചുറ്റളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളായ കോളനികളുടെ ഇന്നത്തെ സ്ഥിതി പലകാര്യങ്ങൾ കൊണ്ടും ശോചനീയമാണ്. ഇവയിൽ പ്രഥമവും പ്രധാനവുമായത് കുടിവെള്ള പ്രശ്നമാണ്. എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുന്നതിന് താഴെ ചേർക്കുന്ന പരിപാടികൾ സമയബന്ധിതമായി തയ്യാറാക്കി നടപ്പിലാക്കണം.

1. എല്ലാ കോളനികളിലേക്കും മുൻഗണന നിശ്ചയിച്ച് കൂടുതൽ നീളത്തിൽ പൈപ്പു ലൈൻ സ്ഥാപിക്കണം. ഇതിനായി പഞ്ചായത്തിന് സ്വന്തമായി ഒരു കേന്ദ്ര ശുദ്ധജല വിതരണ പദ്ധതി തന്നെ ആവശ്യമാണ്.
2. കോളനികളിൽ നിലവിലുള്ള പൊതുകിണറുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുക.
3. കൂടുതൽ സ്ഥലങ്ങളിൽ കിണറുകളും കുഴൽക്കിണറുകളും കുഴിക്കുക.

കോളനികളിലെ മറ്റൊരു പ്രധാന പ്രശ്നം പാർപ്പിടത്തിന്റേയും കക്കൂസിന്റേതുമാണ്. ഇതിനായി,

1. വീടില്ലാത്തവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങിച്ചുനല്കി വീടുവെക്കുന്നതിന് സാമ്പത്തിക സഹായം നല്കണം.
2. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്യണം.
3. കക്കൂസില്ലാത്ത ഒട്ടനവധി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. അവർക്ക് നിർബന്ധമായും കക്കൂസ് നിർമ്മിച്ചുനല്കുവാൻ പദ്ധതി തയ്യാറാക്കണം. ഇത് പരിസരമലിനീകരണം വഴിയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗുണകരമാകും.

വൈദ്യുതിയാണ് വേറൊരു അത്യാവശ്യ ഘടകം. ഇനിയും വൈദ്യുതി ലഭിക്കാത്ത

കോളനികളിലേയും അല്ലാത്തതുമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളും വൈദ്യുതീകരിക്കണം. ഇത് പഞ്ചായത്ത് ഏറ്റെടുത്ത് സൗജന്യമായി തന്നെ നടപ്പിലാക്കണം.

കോളനികളിലുള്ള ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും കുടുതൽ ശ്മശാനങ്ങൾ സ്ഥാപിക്കുകയും വേണം.

കോളനികളിലേക്ക് ഇപ്പോഴുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണം. ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് ഈ റോഡുകൾ ഗതാഗതയോഗ്യമാക്കണം.

ഇവ കൂടാതെ ഈ വിഭാഗത്തിന്റെ ക്ഷേമം ലക്ഷ്യമാക്കി താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പ്രാധാന്യം നല്കി നടപ്പാക്കണം.

1. ഓരോ കോളനികളും കേന്ദ്രീകരിച്ച് അംഗനവാടികളും ആരോഗ്യ പ്രവർത്തന കേന്ദ്രങ്ങളും സ്ഥാപിക്കണം. പൊതുജനാരോഗ്യം, സാമൂഹ്യക്ഷേമ പരിപാടികൾ എന്നിവയെക്കുറിച്ച് ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കണം.
2. ഓരോ കോളനികളിലും കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കണം. ഇവയോടനുബന്ധിച്ച് വായനശാലകളും ടെലിവിഷൻ കിയോസ്കുകളും സ്ഥാപിക്കണം.
3. പൊതുപ്രവർത്തനങ്ങളിൽ ഈ വിഭാഗത്തെ കൂടുതൽ പങ്കാളികളാക്കുന്നതിന് സാംസ്ക്കാരിക സംഘടനകൾ രൂപീകരിക്കുകയും ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, പാട്ടുകൾ ഇവ പുതിയ തലമുറയ്ക്ക് പകർന്നു നല്കുവാൻ ഈ സംഘടനകൾ വഴിയൊരുക്കണം.
4. വിദ്യാഭ്യാസ മേഖലയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കണം. അയ്യങ്കാളി എഡ്യൂക്കേഷൻ സൊസൈറ്റി പോലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നല്കണം. സാക്ഷരതാ നിലവാരം ഉയർത്തുകയും സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പാക്കണം. ഓരോ കുട്ടിയും സ്ക്കൂളിലെത്തുന്നുവെന്നും വിദ്യാഭ്യാസം തുടരുന്നുവെന്നും ഉറപ്പുവരുത്തണം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് കുടുതൽ സാമ്പത്തിക സഹായം നല്കണം.
5. 1, 2, 3 വാർഡുകളെ കേന്ദ്രീകരിച്ച് പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികൾക്കും പങ്കാളിത്തം നല്കി ഒരു ഈറ്റ--പുരൽ തൊഴിലാളി സഹകരണസംഘം സ്ഥാപിക്കണം.
6. 7-ാം വാർഡിലെ മൂന്നുസെന്റ് കോളനിയിൽ മണ്ണൊലിപ്പു നിവാരണ പദ്ധതി നടപ്പാക്കുക.
7. 8-ാം വാർഡിൽ അപ്പക്കൊട്ടയിൽ കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുക.
8. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കണം. കൃഷിവകുപ്പ് മുഖേന ലഭിച്ചുവരുന്ന വിത്ത്, വളം, കീടനാശിനികൾ, പണിയായുധങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിലുള്ള അപാകതകൾ പരിഹരിക്കുകയും ഇവയുടെ ദുർവിനിയോഗം തടയുകയും വേണം.

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോമുഖമായ വികസനവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും മുൻഗണനാടിസ്ഥാനത്തിൽ തന്നെ നടപ്പാക്കുന്നതിൽ പഞ്ചായത്ത് സജീവ ശ്രദ്ധ പതിപ്പിക്കണം.

| | | |
|---|---|---|
| പട്ടികജാതി ജനസംഖ്യ | — | 1915 |
| പട്ടികവർഗ്ഗ ജനസംഖ്യ | — | 14 |

## 9. വനിത

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന തോടുകൂടി നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഏറെ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങിയിരിക്കുന്നു. ത്രിതല പഞ്ചായത്ത് സമിതികളിലെ അംഗങ്ങളിൽ 1/3 ഭാഗം ഇന്ന് വനിതകളാണെന്നുള്ളത് നമുക്ക് അഭിമാനത്തിന് വക നല്കുന്നു. പൊതുരംഗത്തേക്ക് കടന്നുവരുവാൻ മടിച്ച് അടുക്കളയിൽ ഒതുങ്ങിക്കൂടിയിരുന്ന വനിതകൾ ഇന്ന് നമ്മുടെ ഗ്രാമഭരണത്തിന്റെ സാരഥികളായി തീർന്നിരിക്കുന്നുവെന്നത് ഏറെ വിപ്ലവകരമായ ഒരു മാറ്റമാണ്. ഭരണകാര്യങ്ങളിൽ നമ്മുടെ വനിതകൾ കാണിച്ചുകൊണ്ടിരിക്കുന്ന നൈപുണ്യം ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിന്റെ ജനസംഖ്യ എടുത്തു പരിശോധിച്ചാൽ പുരുഷന്മാരാണ് മുൻപന്തിയിൽ. സ്ത്രീകൾ പൊതുവെ ഗൃഹഭരണവും കാർഷിക വൃത്തിയുമായി കഴിയുന്നവരാണ്. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരും വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, അദ്ധ്യാപനം, മറ്റ് സർക്കാർ ജോലികൾ എന്നിവയിൽ വ്യാപൃതരായിട്ടുള്ളവരും കുറവല്ല. എന്നാൽ കർഷക തൊഴിലാളികളും നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ദിവസക്കൂലിക്കാരുമാണ് അധികവും. പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ തകർച്ചയും മാന്ദ്യവും സ്ത്രീകൾ ഈ മേഖലയിലേക്ക് കടന്നുവരുവാൻ വിഘാതമായിട്ടുണ്ട്. സ്ത്രീകളെ അപേക്ഷിച്ച് തൊഴിൽ ചെയ്യുന്ന പുരുഷന്മാരാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലുള്ളത്.

പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം എടുത്തുപറയത്തക്കതായിട്ടില്ല. സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന ഏതാനും മഹിളാ സമാജങ്ങളേ പഞ്ചായത്തിൽ നിലവിലുള്ളൂ. അവയിൽ പലതിന്റേയും പ്രവർത്തനം നിലച്ച മട്ടിലാണ്. മഹിളാ സമാജങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറയുന്നുവെന്നത് ഒരു പോരായ്മ തന്നെയാണ്. DWCRA പോലുള്ള സർക്കാർ സഹായത്തോടെയുള്ള സംരംഭങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനവും മെച്ചപ്പെട്ടതല്ല.

പഞ്ചായത്തിലുള്ള 3 ഹൈസ്ക്കൂളുകളിലെയും 3 പ്രൈമറി സ്ക്കൂളുകളിലേയും താരതമ്യ പഠനത്തിൽനിന്നും ആൺപെൺ അനുപാതത്തിൽ ആൺകുട്ടികളാണ് കൂടുതലുള്ളത്.

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകൾ പിന്നോക്കമാണ്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആത്മവിശ്വാസത്തോടെ കടന്നുവരുന്നതിന് ഉതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സ്ത്രീകളുടെ ഇടയിലുണ്ടായേ തീരു. സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യമുള്ളതും പ്രയോജനകരവുമായ സർക്കാർ പദ്ധതികൾ കൂടുതലായി ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കണം.

പഞ്ചായത്തിൽ ഈ മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച ബഹുജനങ്ങളുടെ നിർദ്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കി സഹകരണാടിസ്ഥാനത്തിൽ സ്ത്രീകളുടെ മേൽനോട്ടത്തിൽ ഒരു ഡയറി സ്ഥാപിക്കുക. ഇതിനാവശ്യമായ സ്ഥലമെടുപ്പ് പഞ്ചായത്ത് നടത്തി, സ്ഥലം സംഘത്തിന് കൈമാറണം. ഇതോടനുബന്ധിച്ച് പാൽ സംസ്ക്കരണവും പാലുൽപ്പന്ന നിർമ്മാണ യൂണിറ്റും തുടങ്ങുന്നത് ലാഭകരമായിരിക്കും.
2. ഒരു വനിതാ വ്യവസായ പാർക്കുതന്നെ സ്ഥാപിച്ച് നമ്മുടെ നാട്ടിൽ സുലഭമായ റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ, റെഡിമെയ്ഡ് യൂണിറ്റുകൾ, പഴം, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ സംസ്ക്കരണത്തിനായി യൂണിറ്റുകൾ, ഇല

ക്ട്രിക്, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റുകൾ എന്നിവ തുടങ്ങുവാൻ നടപടിയെടുക്കണം.

3. കാർഷിക മേഖലയിലെ പുരയിട കൃഷി വ്യാപന പരിപാടിയിൽ സ്ത്രീകൾക്ക് പ്രാമുഖ്യം നല്കി ഔഷധ സസ്യങ്ങൾ, പച്ചക്കറി, കൂൺ, ഓർക്കിഡുകൾ, കുറ്റിമുല്ല എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം.

ഓരോ വാർഡിലും സജീവമായി പ്രവർത്തിക്കുന്ന ഓരോ മഹിളാ സമാജങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. ഇവരായിരിക്കണം മേൽപ്പറഞ്ഞ സംരംഭങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത്. മഹിളാ സമാജങ്ങൾ വഴി ആരോഗ്യ വിദ്യാഭ്യാസത്തിനായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ കൂടെക്കൂടെ സംഘടിപ്പിക്കണം. കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. ഒരു ഗ്രാമത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുവാൻ സംഘടിതരായ സ്ത്രീകളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കുമെന്നതിൽ സംശയമില്ല. ❐

## 10. സംസ്ക്കാരം

ഉന്നതമായ സാംസ്ക്കാരിക പാരമ്പര്യത്താൽ അനുഗ്രഹീതമാണ് രാമമംഗലം പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം. ഹിന്ദു-ക്രിസ്ത്യൻ മത സൗഹാർദ്ദത്തിന്റെ ഉത്തമ മാതൃകയായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ പരസ്പര സൗഹാർദ്ദം മാതൃകാപരമാണ്. ഒട്ടനവധി പ്രഗത്ഭ വ്യക്തികളുടെ ജന്മം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്ത് അവർക്ക് ഉചിതമായ സ്മാരകങ്ങൾ ഇല്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. സോപാന സംഗീത ചക്രവർത്തിയായ ഷട്കാലഗോവിന്ദ മാരാർക്ക് ഒരു സ്മാരകസമിതി ഉണ്ടെങ്കിലും പല കാരണങ്ങളാലും സമിതിക്ക് പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നുണ്ട്.

1. രാമമംഗലത്തെ എല്ലാ വാർഡുകളിലും പബ്ലിക് ലൈബ്രറികൾ ആവശ്യമാണ്. ഇപ്പോൾ ലൈബ്രറികൾ ഉള്ള സ്ഥലങ്ങളിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ലൈബ്രറിയോടനുബന്ധിച്ച് റീഡിംഗ് റൂമും ടെലിവിഷൻ സൗകര്യവും ഏർപ്പെടുത്തണം. പുതിയ പുസ്തകങ്ങൾ വാങ്ങുകയും പഴയ പുസ്തകങ്ങൾ കേടുകൂടാതെയും ഇനം തിരിച്ചും സൂക്ഷിക്കണം. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ സഞ്ചരിക്കുന്ന വായനശാല സ്ഥാപിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണം.

2. സാംസ്ക്കാരിക സംഘടനകളിൽ സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളവരെക്കൊണ്ട് ക്ലാസ്സുകളും സെമിനാറുകളും നടത്തുവാൻ വേണ്ട സഹായങ്ങൾ ചെയ്യുക.

3. കൊടികുത്തി മലയിലെ ഗുഹ പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിച്ച് വിനോദ സഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുക.

4. ഷട്കാലഗോവിന്ദ മാരാർ സ്മാരക കലാസമിതിക്ക് പഞ്ചായത്ത് ഗ്രാന്റ് അനുവദിക്കണം. ഷട്കാലഗോവിന്ദ മാരാർ റോഡിന് 'നെയിം ബോർഡ്' സ്ഥാപിക്കണം. ഷട്കാലഗോവിന്ദ മാരാർ സ്മാരക കലാസമിതിയിൽ ക്ഷേത്രകലകളും നാടൻ കലകളും അഭ്യസിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുത്ത് പ്രവർത്തിക്കണം.

5. കീഴുമുറി മഹാത്മാഗാന്ധി സ്റ്റേഡിയം ഗ്രൗണ്ട് ശരിയായ രീതിയിൽ സംരക്ഷിക്കണം. എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം. പ്രധാന കേന്ദ്രങ്ങളിലും റീഡിംഗ് റൂമും ടെലിവിഷൻ സൗകര്യവും ഏർപ്പെടുത്തണം. ❐

## 11. സഹകരണ മേഖല

സഹകരണ മേഖലയ്ക്ക് യാതൊരുവിധ വികസനവുമില്ലാതെ പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് രാമമംഗലം ഗ്രാമപഞ്ചായത്ത്. ഇപ്പോഴിവിടെ 8 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 5 എണ്ണം സാമാന്യം നല്ല നിലയിലും ബാക്കി രണ്ടെണ്ണം പ്രവർത്തനം ആരംഭിക്കുവാൻ തുടങ്ങിയിട്ടുള്ളതുമാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്നവയുടേയും അല്ലാത്തവയുടേയും പേരുവിവരം ക്രമമനുസരിച്ച് താഴെ ചേർക്കുന്നു.

1. രാമമംഗലം സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 2156, വാർഡ് നം. IV.
2. ക്ഷീരോൽപ്പാദക സഹകരണസംഘം രാമമംഗലം, വാർഡ് നം. IV & I.
3. റബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റി (R.P.S.) കീഴുമുറി, വാർഡ് നം. VII.
4. കളിമൺ സഹകരണസംഘം ഊരമന, വാർഡ് നം. I.
5. ഹരിജൻ വിവിധോദ്ദേശ സഹകരണസംഘങ്ങൾ ഊരമന & രാമമംഗലം, വാർഡ് നം. III.
6. ക്ഷീരോൽപ്പാദക സഹകരണസംഘം മാമലശ്ശേരി, വാർഡ് നം. VI.

ഇവയിൽ **രാമമംഗലം സർവ്വീസ് സഹകരണസംഘം** ക്രെഡിറ്റ് സൊസൈറ്റി എന്ന നിലയിൽ സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 20-1-1124 ൽ (1949) സ്ഥാപിതമായ ടി സംഘത്തിൽ 3684 (മൂവായിരത്തി അറുന്നൂറ്റി എൺപത്തി നാല്) അംഗങ്ങൾ ഉണ്ട്. ഈ സംഘത്തിന്റെ അംഗീകൃത മൂലധനം 25 ലക്ഷം രൂപയാണ്. 65 ലക്ഷം സ്ഥിര നിക്ഷേപവും 18 ലക്ഷം ഹ്രസ്വകാല നിക്ഷേപവും ഈ സംഘത്തിൽ ലഭ്യമായിട്ടുണ്ട്. ചിട്ടികൾ നടത്തുകയും നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന നടപടി തുടർന്നുകൊണ്ടിരിക്കണം. കൃഷിയാവശ്യങ്ങൾക്കുള്ള വളം, കീടനാശിനി എന്നിവയും ഗ്രാമീണർക്ക് ആവശ്യമായ ടെക്സ്റ്റൈൽസ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയുടേയും വില്പന സംഘം മുഖേന നടത്തുന്നുണ്ട്. കുറച്ചുകൂടി ശ്രമിച്ചാൽ കോടിക്കണക്കിനു രൂപയുടെ നിക്ഷേപവും നിക്ഷേപകരെ ഉൾപ്പെടുത്തുവാനും സംഘത്തിനു കഴിയും. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ഹ്രസ്വകാല വായ്പകൾ മുതലായവ ഈ സംഘത്തിൽനിന്നും ജനങ്ങൾക്ക് നല്കിപ്പോരുന്നു.

പഞ്ചായത്തിൽ 8 വാർഡുകളുള്ളതിൽ IV, I, VI എന്നീ വാർഡുകളിൽ ഓരോ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളാണുള്ളത്. പാൽ ശേഖരിക്കുകയും വില്ക്കുകയും മാത്രമാണ് ഈ സംഘങ്ങളിൽ ചെയ്യുന്നത്. ശ്രമിച്ചാൽ പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുവാനും വിറ്റഴിക്കുവാനും കഴിയുന്ന ഒരു ഗ്രാമപഞ്ചായത്താണ് ഇത്. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുകയും സമീകൃതാഹാരം വില കുറച്ചു ലഭിക്കുവാനും നല്ലയിനം പശുക്കളെ ലഭിക്കുവാനും കഴിഞ്ഞാൽ വളരെ വിപുലമായ തോതിൽ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതും മറ്റു വാർഡുകളിലും സംഘങ്ങൾ തുടങ്ങുവാൻ പറ്റുന്ന സാഹചര്യം ഉളവാക്കുവാൻ കഴിയുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്താണ് രാമമംഗലം.

മറ്റൊന്ന് ഈ പഞ്ചായത്തിൽ 1-ാം വാർഡിൽ പ്രവർത്തിക്കുന്ന കളിമൺ സൊസൈറ്റിയാണ്. കളിമൺ പാത്രങ്ങളുടെ നിർമ്മാണത്തിനും വേണ്ടത്ര കളിമൺ ധാരാളമായി ലഭിക്കുന്ന പ്രദേശം ടി പഞ്ചായത്തിലെ 1-ാം വാർഡിലുണ്ട്. ധാരാളം തൊഴിലാളികൾ അടങ്ങുന്ന ഒരു കോളനിയും ഈ വാർഡിൽ ഉണ്ട്. ആയതിനാൽ ധാരാളം കളിമൺ ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുവാനും സംഘത്തിനു കഴിയുന്നു. സാമ്പത്തിക സഹായം ലഭ്യമായാൽ വളരെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ ടി സംഘത്തിനു കഴിയും.

വേറൊന്ന് ഈ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്ന റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയാണ്. ഇത് പഞ്ചായത്തിൽ VII-ാം വാർഡിൽ പ്രവർത്തിക്കുന്നു. ഒരുവിധം നല്ല രീതിയിൽ പ്രവർത്തിക്കുന്നു പഞ്ചായത്തിലെ ഏക സൊസൈറ്റിയാണിത്. റബർ കർഷകർക്ക് വളം, കീടനാശിനികൾ, അത്യുൽപ്പാദനശേഷിയുള്ള റബർ തൈകൾ എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നു. ടി പഞ്ചായത്തിൽ 50% ആളുകളും റബർ കർഷകരാണ്. മറ്റ് വാർഡുകളിലും ഇത്തരം സൊസൈറ്റിക്ക് പ്രവർത്തിക്കാൻ സാഹചര്യം ഉള്ള ഒരു പഞ്ചായത്താണ് രാമമംഗലം.

III-ാം വാർഡിൽ ഊരമനയിലും രാമമംഗലത്തും പ്രവർത്തനം ആരംഭിച്ചിരിക്കുന്ന രണ്ട് ഹരിജൻ വിവിധോദ്ദേശ സഹകരണ സംഘങ്ങളാണ് ഇതിലുള്ളത്. ഈ രണ്ട് സഹകരണസംഘങ്ങളിൽ രാമമംഗലത്തു പണി തീർന്ന സഹകരണസംഘത്തിൽ പ്രവർത്തനത്തിനുള്ള മെഷീനറികൾ (പ്രസ്സിനുള്ളത്) സ്ഥാപിച്ചുകഴിഞ്ഞു. ഊരമനയിൽ കെട്ടിടനിർമ്മാണം തീർക്കുകയും പ്രവർത്തനത്തിനുള്ള നീക്കങ്ങൾ നടത്തിവരികയാണ്.

ടി പഞ്ചായത്തിലെ VIII-ാം വാർഡിൽ ഉണ്ടായിരുന്നതും ഇപ്പോൾ പ്രവർത്തന രഹിതമായിരിക്കുന്നതുമായ മറ്റൊരു സഹകരണസംഘം കൂടിയുണ്ട്, ഈറ്റ, ചൂരൽ വ്യവസായ സഹകരണസംഘം. സാമ്പത്തിക തകർച്ച മൂലം ടി സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം നടപ്പിലായാൽ ഇനിയും നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ വൻ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയും. ഇനിയും നടപ്പിലാക്കാൻ കഴിയുന്നതും കൂടുതൽ ലാഭകരമാക്കാവുന്നതുമായ സഹകരണസംഘങ്ങൾ തുടങ്ങുവാൻ നമുക്ക് കഴിയണം.

വാർഡുതിരിച്ച് സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മകൾ ഇപ്രകാരമാണ്.

I-ാം വാർഡിൽ കേരസമിതി, മിൽമ, കളിമൺ വ്യവസായം തുടങ്ങിയ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും കേരസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ല. മിൽമയുടെ പ്രവർത്തനം പരിശോധിച്ചാൽ പാലുൽപ്പാദനത്തിനുള്ള ചെലവ് തട്ടിച്ചുനോക്കുമ്പോൾ പാലിന് തൃപ്തികരമായ വില കിട്ടുന്നില്ല. പാലുൽപ്പന്നങ്ങൾ തുടങ്ങുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക. അതുവഴി ക്ഷീരോൽപ്പാദന സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്. അസംസ്കൃത സാധനങ്ങൾ ലഭ്യമാണെങ്കിലും പാരമ്പരാഗതമായ രീതിയിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമൂലം സാമ്പത്തിക ഭദ്രത കുറയുന്നു. ആവശ്യമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നല്കുക. 1, 2, 3 വാർഡുകളെ ഉൾക്കൊള്ളിച്ച് നെല്ലുൽപ്പാദക സംഘത്തിന്റേയും കാർഷിക സഹകരണ സംഘത്തിന്റേയും ആവശ്യകത നിലവിലുണ്ട്.

II-ാം വാർഡിനെ സംബന്ധിച്ചും സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.

1. Khadi-Village Industries Co-operative Society സ്ഥാപിക്കുക.
2. ക്ഷീരോൽപ്പാദക സഹകരണസംഘം സ്ഥാപിക്കുക.
3. രാമമംഗലം Co-operative Society യുടെ കീഴിൽ വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. K.V. IND 96E ന് Working Capital ലഭ്യമാക്കുക.

രാമമംഗലം ഗ്രാമപഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസംഘവും ഇല്ലാത്ത വാർഡുകളിൽ ഒന്നാണ് മൂന്നാം വാർഡ്.

I. Khadi-Village Industries, Co-operative

Society ഇവ ഈ വാർഡിൽ സ്ഥാപി ക്കുക.

II. പഞ്ചായത്തിലെ ഏറ്റവും വലുപ്പം കൂടിയ വാർഡ് എന്ന നിലയ്ക്കും വികസന കാര്യത്തിൽ വളരെ പിന്നോക്കം നില്ക്കുന്നത് എന്ന നിലയിലും ക്ഷീരോൽപ്പാദക സഹകരണസംഘം ടി വാർഡിൽ ആറ്റുവേലിക്കുഴി കേന്ദ്രമാക്കി സ്ഥാപിക്കുക.

III. സർവ്വീസ് സഹകരണസംഘത്തിന്റെ ഒരു സ്റ്റോർ റൂം ഉന്നേക്കാട് കേന്ദ്രമാക്കി തുറന്നു പ്രവർത്തിക്കുക.

IV. നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ കോട്ടപ്പുറം, മെതിപാറ, ഉന്നേക്കാട് എന്നിവിടങ്ങളിൽ തുറക്കുക.

V. ഇപ്പോൾ സർവ്വീസ് സഹകരണസംഘം രാമമംഗലത്തിന്റെ പരിധിയിൽപ്പെടുന്നുവെങ്കിലും ടി സംഘം IV-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ദൂരക്കൂടുതൽ മൂലം ഈ സംഘത്തിന്റെ ഒരു ശാഖ ഊരമന ഭാഗത്ത് ഉന്നേക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുക.

VI. R.P.S, പാടശേഖര കമ്മറ്റി, കേരവികസന സമിതി മുതലായവയുടെ ശാഖകളും III-ാം വാർഡിൽ മുകളിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങളിൽ ആരംഭിക്കുക.

പഞ്ചായത്തിൽ V-ാം വാർഡിലും സഹകരണസംഘങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

1. സർവ്വീസ് സഹകരണസംഘത്തിന്റെ സഹായം ഈ വാർഡിൽ ലഭിക്കത്തക്ക വിധത്തിൽ സംഘത്തിന്റെ ഡിപ്പോകൾ തുടങ്ങണം.
2. ക്ഷീര കൃഷിക്കാരുടെ പുരോഗതിക്കു വേണ്ടി ക്ഷീര സഹകരണസംഘം സ്ഥാപിക്കുകയും സബ്സിഡി നിരക്കിൽ സംഘം വഴി കന്നുകാലിത്തീറ്റകൾ വിതരണം ചെയ്യുകയും വേണം.
3. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ സാമൂഹികവും സാംസ്ക്കാരികവുമായ പുരോഗതിക്ക് സഹായിക്കത്തക്ക വിധത്തിൽ പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി സംഘടിപ്പിക്കണം.

ആറാം വാർഡിലും സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു എന്നുപറയാവുന്ന ഒരു പാൽ സൊസൈറ്റി മാത്രമാണുള്ളത്. റബർ മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങിയാൽ വളരെ വിജയ സാധ്യതയുള്ള വാർഡാണ് ഗ്രാമപഞ്ചായത്തിലെ VI-ാം വാർഡ്. ടി സൊസൈറ്റി തുടങ്ങണം. രാമമംഗലം Service Co-operative Society യുടെ കീഴിൽ ഒരു വളം ഡിപ്പോ ആരംഭിക്കണം. ബാങ്കിംഗ് സൗകര്യമില്ല. തുടങ്ങിയാൽ നന്നായിരുന്നേനെ.

7-ാം വാർഡിനെ സംബന്ധിച്ചും സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.

വാർഡിൽ ഒരു ക്ഷീരോൽപ്പാദക സഹകരണസംഘവും കൂടാതെ റബർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റും സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം.

എട്ടാം വാർഡിൽ ഈറ്റ, ചൂരൽ വ്യവസായങ്ങൾ സഹകരണ മേഖലയിൽ ഉണ്ടായിരുന്നത് പ്രവർത്തന രഹിതമാണ്. അത് പുനഃരാരംഭിക്കാൻ ശ്രമിക്കണം. പല സംഘങ്ങളിലേയും അംഗങ്ങളാണ് ഈ വാർഡിലുള്ളത് എന്നിരുന്നാലും കുടിൽ വ്യവസായങ്ങളും ഖാദി വ്യവസായവും സഹകരണ അടിസ്ഥാനത്തിൽ നടത്തേണ്ടിയിരിക്കുന്നു. ❒

# സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I 1) സ്ഥാപനത്തിന്റെ പേര് — രാമമംഗലം സർവീസ് കോ--ഓപ്പറേറ്റീവ് സൊസൈറ്റി (ലിമിറ്റഡ് നമ്പർ 2156)

2) പ്രവർത്തന പരിധി — രാമമംഗലം ഗ്രാമപഞ്ചായത്ത്

3) ക്രെഡിറ്റ്/-നോൺ ക്രെഡിറ്റ് — ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം — 20.1.1124 ME

5) ആകെ അംഗങ്ങൾ — 3683

6) ഒരു ഓഹരിയുടെ വില — 10 രൂപ

7) അംഗീകൃത ഓഹരി മൂലധനം — 25 ലക്ഷം രൂപ

8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം — 7,84,820 രൂപ

9) സർക്കാർ ഓഹരിയുണ്ടോ? — ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക — 1,00,000 രൂപ

11) പരമാവധി കടം എടുക്കാവുന്ന തുക — 2,74,71,409 രൂപ

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം : 65,12,366 രൂപ

b) ഹ്രസ്വകാലം : 18,29,008.44 രൂപ

III നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

| | ഇനം | തുക (രൂപ) |
|---|---|---|
| 1. | S.T | 9,55,395 |
| 2. | MT | 50,225 |
| 3. | IRDP | 1,58,897 |
| 4. | L.T | 3,02,223 |

b) മറ്റ് വായ്പകൾ

| 1. | ഇനം | തുക (രൂപ) |
|---|---|---|
| 2. | M.T. | 1,08,771.00 |
| 3. | LT | 2,19,492.05 |
| 3. | Housing | 10,26,539.85 |
| 4. | O.L. | 40,99,834.00 |
| 5. | G.L. | 5,92,420.00 |

c) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| Second Loan | 1,53,034 രൂപ |

IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1 എറണാകുളം D.C.B. | S.T | 8,94,985.00 |
| 2 " | M.T | 2,47,830.00 |
| 3 " | ഹൗസിംഗ് ലോൺ | 10,11,899.00 |
| 4 " | മറ്റുള്ളവ | 9,12,447.00 |
| 5 N.C.D.C | ഗോഡൗൺ ലോൺ | 24,000.00 |

IV) നല്കിയ വായ്പകൾ കാലവധി കഴിഞ്ഞെട്ട് കിട്ടാനുള്ളവ

| | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1 | S.T | 8,94,985.00 |
| 2 | M.T | 2,47,830.00 |
| 3 | L.T | 10,11,899.00 |
| 4 | H.L | 9,12,447.00 |
| 5 | O.I. | 24,000.00 |

VI സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments Charges : Rs. 2,10,827.55

2) Contingennies : Rs. 11,8,672.37

വായ്പാ സഹസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1) Sale of manure and pesticides

2) Sale of Textiles and Stationary items

3) Chitty Business

## 12. വിഭവസമാഹരണം

രാമമംഗലം ഗ്രാമപഞ്ചായത്തിലെ ധനാഗമ മാർഗ്ഗങ്ങൾ വളരെ പരിമിതമായിരുന്നു. മൂവാറ്റുപുഴയാറിലെ മണൽ ലേലത്തിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന്റെ പ്രധാന വിഭവമാണ്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നിവയും സർക്കാരിൽനിന്നുള്ള സഹായധനങ്ങളും പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളാണ്. (ബന്ധപ്പെട്ട പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.)

പഞ്ചായത്തിന്റെ മേല്പടി വരുമാനങ്ങൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. പഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ട് ജനസംഖ്യാനുപാതത്തിലാണ് അനുവദിക്കുന്നത്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം സർക്കാരിൽനിന്നും ലഭിക്കുന്ന സഹായം വർദ്ധിച്ചുവരുന്നുണ്ട്. പഞ്ചായത്ത് വരവിന്റെ 25% സ്ഥാപന ചെലവുകളാണ്. പൊതുമരാമത്ത് പണികൾ കരാർ അടിസ്ഥാനത്തിലും നോമിനി അടിസ്ഥാനത്തിലും പഞ്ചായത്ത് നേരിട്ടുമാണ് നടത്തുന്നത്. പണം മുഖ്യമായും ചെലവാക്കുന്നത് റോഡുകൾക്കുവേണ്ടിയാണ്. പ്രത്യേക ഉൽപ്പാദന മേഖലയിൽ സമീപകാലത്ത് പഞ്ചായത്ത് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽനിന്ന് വായ്പ എടുത്ത് പണികഴിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽനിന്ന് കിട്ടുന്ന വരുമാനം വായ്പ തിരിച്ചടക്കുന്നതിന് മതിയാകുന്നുണ്ട്. (പഞ്ചായത്തിന്റെ വരവിനങ്ങളും ചെലവിനങ്ങളും പട്ടികയായി ചേർത്തിരിക്കുന്നു).

പഞ്ചായത്തിൽ പ്രധാനമായും മൂന്ന് ധനകാര്യ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ രാമമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാത്രമെ നിക്ഷേപത്തുകയുടെ സിംഹഭാഗവും ഇവിടെ വായ്പയായി നല്കുന്നുള്ളു. വാണിജ്യ ബാങ്കുകളായ കാനറാ ബാങ്കും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും നിക്ഷേപം ഇവിടെനിന്ന് സ്വീകരിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുകയാണ്. ഇത് സംബന്ധിച്ച് പട്ടിക താഴെ ക്കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഡെപ്പോസിറ്റ് രൂപ | വായ്പകൾ | | ലാഭം/ നഷ്ടം |
|---|---|---|---|---|
| | രൂപ | കാർഷികം രൂപ | മറ്റുള്ളവ രൂപ | |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഊരമന | 2,10,65,000 | 31,54,000 | 51,60,000 | 10,28,000 ലാഭം |
| കാനറാ ബാങ്ക്, രാമമംഗലം | 7,85,00,000 | 12,00,00,00 | 1,00,00,000 | 13,50,000 ലാഭം |
| സർവ്വീസ് സഹകരണ സംഘം, രാമമംഗലം | 65,12,366 (സ്ഥിരം)<br>1,82,90,000 (ഹ്രസ്വം) | 14,66,740 | 62,00,090 | 2,35,000 നഷ്ടം |

കാലാകാലങ്ങളിൽ ബാങ്കുകളിൽ നിക്ഷേപം കൂടുന്നു. എന്നാൽ അതിനനുസരിച്ച് വായ്പകൾ വർദ്ധിക്കുന്നില്ല. മേൽപ്പറഞ്ഞ മൂന്ന് ധനകാര്യ സ്ഥാപനങ്ങളെ കൂടാതെ അനവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ നിന്ന് സാധാരണക്കാർ സ്വർണ്ണം പണയം വെച്ച് അമിതപലിശയ്ക്ക് പണം കടം എടുക്കുന്നു. വാണിജ്യ ബാങ്കുകൾ വായ്പാനയം ഉദാരമാക്കിയാൽ സാധാരണക്കാർ 'ബ്ലേഡ് ബാങ്കാ'യ സ്വകാര്യ പണമിടപാടുകാരെ ഒഴിവാക്കും. കാനറാ ബാങ്കിന്റെ വായ്പാ പരിധിയായ 120 ലക്ഷം രൂപ കവിഞ്ഞതിന് നബാഡിന്റെ പ്രശംസ അവർക്ക് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ വായ്പാ അനുപാതം 40 ശതമാനത്തോളമാണ്. പഞ്ചായത്തിലേത് ഇതിനേക്കാൾ താഴ്ന്ന അനുപാതമാണ്. അതിനാൽ വാണിജ്യ ബാങ്കുകളിൽനിന്ന് കൂടുതൽ വിഭവസമാഹരണം പഞ്ചായത്ത് വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തണം.

ഗൾഫ് പോലുള്ള മറ്റ് വിദേശരാജ്യത്ത് നമ്മുടെ പഞ്ചായത്തിൽനിന്ന് ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്. ഭൂരിഭാഗവും നല്ല സാമ്പത്തിക നിലയിലുള്ളവരാണ്. ഗൾഫ് വരുമാനത്തിന്റെ പ്രതിഫലനങ്ങൾ കെട്ടിട നിർമ്മാണ മേഖലയിലാണ് കൂടുതൽ ദൃശ്യമായിരിക്കുന്നത്. ഇവരുടെ പണം നമ്മൾ കാർഷിക മേഖലയിലും വ്യവസായ മേഖലയിലും മുടക്കുവാൻ ഗൾഫ് ജോലിക്കാരെ പ്രേരിപ്പിക്കണം. അവരുമായി പഞ്ചായത്ത് നേരിട്ട് ബന്ധപ്പെട്ട് അവരുടെ സംഭാവനകൾ നമ്മുടെ പുരോഗതിക്ക് വിനിയോഗിക്കണം.

ക്ലബ്, പി.ടി.എ പോലുള്ള സ്ഥാപനങ്ങളുടെയും യുവജനങ്ങളുടെയും പ്രവർത്തനം നാം വിനിയോഗിക്കണം. അങ്ങനെ മനുഷ്യവിഭവശേഷിയും മറ്റ് വിഭവങ്ങളും കൂട്ടിയിണക്കി വിഭവ സമാഹരണം മൂലം നമ്മൾ ഉയരേണ്ടത് മനുഷ്യ സമൂഹത്തിന് അത്യാവശ്യമാണ്.

## വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | രൂപ പിരിച്ചത് | ബാക്കി | എഴുതിത്തള്ളിയത് |
|---|---|---|---|---|
| കെട്ടിട നികുതി | 1,09,683 | 93,584 | 15,847 | 252 |
| സർവീസ് ചാർജ് | 5,433 | 4,560 | 873 | — |
| തൊഴിൽ നികുതി | 1,05,850 | 98,425 | 5,710 | 2,715 |
| വിനോദ നികുതി | 8,244 | 8,244 | — | — |
| അഡി. വിനോദ നികുതി | 5,452 | 5,452 | — | — |
| പ്രദർശന നികുതി | 1,330 | 1,330 | — | — |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 333 | 333 | — | — |
| ചന്തവരവ് | 7,675 | 7,675 | — | — |
| ലാന്റ്സെസ്സ് | 6,495 | 6,495 | — | — |
| ലൈസൻസ് ഫീസ് | 1,094 | 1,094 | — | — |
| വസ്തു കൈമാറ്റ നികുതി 75% | 1,02,777 | 1,02,777 | — | — |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 1,19,605 | 1,19,605 | — | — |
| ഡെപ്പോസിറ്റ് | 1,19,605 | 1,19,605 | — | — |
| മറ്റുള്ളവ | 4,09,757 | 4,09,757 | — | — |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 4,46,621 |
| പൊതുമരാമത്ത് | 7,70,225 |
| വിദ്യാഭ്യാസം | 13,797 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 21,650 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 45,379 |
| മറ്റുള്ളവ | 23,320 |
| ആകെ | **13,20,992** |

## പൊതു സാമ്പത്തിക നില

| ഇനം | പൊതുകണക്ക് (രൂപ) | മൂലധന കണക്ക് (രൂപ) | കടം സംബന്ധിച്ച കണക്ക് (രൂപ) |
|---|---|---|---|
| വരവ് | 18,13,881.95 | 2,76,700 | 1,32,086 |
| ചെലവ് | 13,20,993.50 | 2,00,124 | 1,36,504 |

## പൊതുമരാമത്തു പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് ഗ്രാന്റ് തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 5,64,858 | 2,08,941 | 2,72,498 | 4,81,439 |
| തോട് | 7,000 | 3,655 | — | 3,655 |
| കെട്ടിടം | 19,417 | — | 20,347 | 20,347 |
| മറ്റുള്ളവ | 2,75,000 | — | 2,64,784.5 | 2,64,784.5 |
| **ആകെ** | **8,66,275** | **2,12,596** | **5,57,625.5** | **7,70,225.5** |

## ലേലവരുമാനം സംബന്ധിച്ച് വിവരങ്ങൾ

| ചന്ത രൂപ | സ്റ്റാൾ രൂപ | ഷോപ്പിംഗ് കോംപ്ലക്സ് രൂപ | മണൽ രൂപ | ആകെ രൂപ |
|---|---|---|---|---|
| **7,250** | **1,200** | **28,788** | **10,87,500** | **11,24,738** |

## ഗ്രാന്റ് വിവരങ്ങൾ

| | VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25% രൂപ | അടിസ്ഥാന നികുതി 75% രൂപ | Spl.Grand രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് | ആകെ രൂപ |
|---|---|---|---|---|---|---|---|---|---|
| | 15,941 | 1,852 | 9,456 | 10,000 | 13,701 | 47,982 | | 77,000 | 1,75,932 |
| | | 4,300 | | 15,000 | 31,759 | | | 1,88,000 | 2,59,059 |
| | | | | 50,000 | 20,655 | | | | 70,655 |
| | | | | 50,00 | 16,260 | | | | 66,260 |
| **ആകെ** | **15,941** | **6,152** | **9,456** | **1,25,000** | **82,375** | **47,982** | | **2,65,000** | **5,51,906** |

## പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച് തുക (1995-96)

| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | — | 5,158 | 5,158 |
| ആരോഗ്യം | — | 3,173 | 3,173 |
| കൃഷി | 1,46,888 | — | 1,46,888 |
| പി.ഡബ്ല്യു.ഡി. | — | — | — |
| പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം | — | 35,500 | 35,500 |
| മറ്റുള്ളവ | — | 21,294 | 21,294 |
| ആകെ | 1,46,888 | 65,165 | 2,12,053 |

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം<br>വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് രൂപ |
|---|---|---|---|---|---|---|
| I | 2 | 2 | 14 | — | 18 | 196 |
| II | 1 | — | 3 | — | 4 | 92 |
| III | 3 | — | 12 | — | 15 | 152 |
| IV | 2 | 2 | 9 | — | 13 | 107 |
| V | 10 | 2 | 25 | 3 | 40 | 406 |
| VI | — | — | 8 | 8 | — | 74 |
| VII | — | — | 8 | — | 8 | 74 |
| VIII | — | — | 6 | — | 6 | 40 |
| ആകെ | 18 | 6 | 85 | 3 | 112 | 1,164 |

കേന്ദ്രീകൃത വികസന സംസ്ക്കാരം ഇവിടെ മണ്ണടിയുന്നു. വികേന്ദ്രീകൃത വികസന സംസ്ക്കാരം ഉടലെടുക്കുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന ഗ്രാമസഭകളിൽ ഏതാണ്ട് ആയിരത്തോളം ജനങ്ങൾ പങ്കെടുത്തു. വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ ഒരു സന്ദർഭം ഇതിനുമുമ്പ് രാമമംഗലം ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ മുൻഗണനാ ക്രമത്തിൽ ചൂണ്ടിക്കാണിച്ച വികസന പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വമാണ് ഈ വികസന സെമിനാറിലുള്ളത്.

കൃഷിക്ക് പ്രാധാന്യമുള്ള പഞ്ചായത്ത് എന്ന നിലയിൽ കൃഷിയും അനുബന്ധ വിഷയങ്ങൾക്കും മുൻതൂക്കം നല്കി സ്കീമുകൾ നടപ്പിലാക്കുവാൻ ഈ മഹത്തായ പദ്ധതിയിൽ എല്ലാവരും പങ്കാളികളാകണമെന്നും പദ്ധതി രൂപീകരണ ചർച്ചയിൽ സജീവമായി പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. ❐

# വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   - a) ഗാർഹികം 2268
   - b) വ്യാപാരം 203
   - c) വ്യാവസായികം 60
   - d) കാർഷികം 262

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം
   - a) Ordinary 305
   - b) OTP 2
   - c) OYEC 38

   അവസാനം നല്കിയ കണക്ഷന്റെ അപേക്ഷാ തിയതി
   Ordinary - 11-9-1996
   OTP - 31-8-1996
   OYEC W/P - 13-9-96
   O.H. - 1-1-96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   - a) ബൾബ് 25 W-56, 40 W-134, 60 W-17, 100 W-39
   - b) ട്യൂബ് 31
   - c) മെർക്കുറി വേപ്പർഇല്ല
   - d) സോഡിയം വേപ്പർഇല്ല

4. തൻ വർഷത്തെ കണക്ഷൻ
   - a) ഓർഡിനറി 24
   - b) OTP 14
   - c) OYEC 76

5. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ.
   1. മാമലശ്ശേരി 100 KVA
   2. ലിഫ്റ്റ് ഇറിഗേഷൻ 250 KVA
   3. കീഴുമുറി 160 KVA
   4. കീഴുമുറി ലിഫ്റ്റ് ഇറിഗേഷൻ 250 KVA
   5. കീഴുമുറി കോളനി 63 KVA
   6. കല്ലുംപുറം 50 KVA
   7. പുതുമനക്കടവ് 100 KVA
   8. രാമമംഗലം 100 KVA
   9. പോലീസ് സ്റ്റേഷൻ 160 KVA
   10. ക്രഷർ 100 KVA
   11. ശിവലി 100 KVA
   12. ആശുപത്രിപ്പടി 100 KVA
   13. കോട്ടപ്പുറം 100 KVA
   14. നെട്ടൂർപ്പാടം 160 KVA
   15. നടുക്കര 100 KVA
   16. മെതിപാറ No. 1 - 166 KVA
   17. മെതിപാറ No. 2 - 160 KVA
   18. മെതിപാറ No. 3 - 100 KVA
   19. മെതിപാറ ഇറിഗേഷൻ 500 KVA (H.T.)
   20. മെതിപാറ ഇറിഗേഷൻ 330 KVA (H.T.)
   21. പാത്തിക്കൽ 100 KVA

6. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന രൂപ : 3502/-

വിദ്യാലയങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു.

## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി/എൽപി പ്രീ പ്രൈമറി | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | ആൺ | പെൺ | ആകെ | | | |
| 1. ഗവ. ഹൈസ്ക്കൂൾ, ഊരമന | H.S, U.P, L.P, Pre-Primary | 245 | 223 | 468 | 23 | 10 | 12 | 22 | 3 ഏക്കർ | 1 ഏക്കർ 25 സെന്റ് | — |
| 2. ഗവ. L.P.S. ഊരമന | L.P | 39 | 29 | 68 | 4 | 2 | 2 | 4 | 1 ഏക്കർ | 30 സെന്റ് | 25 |
| 3. H.S രാമമംഗലം | H.S, UP | 170 | 140 | 310 | 20 | 9 | 11 | 20 | 6 ഏക്കർ | 1½ ഏക്കർ | ഇല്ല |
| 4. ഗവ. L.P സ്ക്കൂൾ, രാമമംഗലം | L.P, Pre-Primary | 117 | 95 | 212 | 8 | 5 | 3 | 8 | 1ഏക്കർ 18 1/4-സെന്റ് | 60 സെന്റ് | 12 സെന്റ് |
| 5. ഗവ. L.P സ്ക്കൂൾ, കിഴുമുറി | L.P | 57 | 49 | 106 | 4 | 1 | 3 | 4 | 42 സെന്റ് | ഇല്ല | — |
| 6. ഗവ. H.S മാമലശ്ശേരി | H.S, U.P, L.P, Pre-Primary | 310 | 285 | 595 | 27 | 10 | 17 | 27 | 3 ഏക്കർ | ഏക്കർ | 50 സെന്റ് |



പ്രിന്റിംഗ് : പുലരി ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഫോൺ 0484-779249

# അധികാരം ജനങ്ങളിലേക്ക്

***ഒൻപതാം പദ്ധതി ജനകീയ പദ്ധതി***

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- വികസന സെമിനാറുകൾ, ചർച്ചകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി

# സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

ഗ്രാമവികസനത്തിന്റെ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക.

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക.

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക.

PULARI OFFSET PRINTERS, PH : 0484-779429